

## മോൺസിഞ്ഞോർ

# കുര്യൻ വഞ്ചിപ്പുരയ്ക്കൽ

# സ്മരണിക

malankaralibrary.com

# മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ

## സ്മരണിക

malankaralibrary.com

MALANKARA

LIBRARY

malankaralibrary.com

**Msgr. Kurian Vanchipurackal Smaranika**

Editors : Fr. Joseph Naduvilezham
Fr. Sebastian Kalacherry

Published : September 2023

© : To the Editors

Cover Design : Dn. Bijoy Ponparampil

Layout & Printing: WiGi Printers, Kottayam,
Manganam P.O. - 18
Mob: 9447420082

Price : ₹ 120/-

malankaralibrary.com



ഞങ്ങളുടെ വന്ദ്യനായ റെക്ടർ

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ

malankaralibrary.com

### വടവാതൂർ സെമിനാരിയിലെ
### ആദ്യബാച്ച് ഡീക്കന്മാർക്ക് തിരുപ്പട്ടം നൽകിയ
# അഭിവന്ദ്യപിതാക്കന്മാർ



**കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ**



**ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട്**



**മാർ ജോർജ് ആലപ്പാട്ട്**



**മാർ സെബാസ്റ്റ്യൻ വയലിൽ**



**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**



**മാർ മാത്യു പോത്തനാംമുഴി**

malankaralibrary.com

# ഞങ്ങളുടെ വന്ദ്യ ഗുരുഭൂതന്മാർ



റവ. ഫാ. കുര്യൻ
വഞ്ചിപ്പുരയ്ക്കൽ



റവ. ഫാ. ലൂയിസ്
നേര്യംപറമ്പിൽ



മാർ ജോസഫ്
പള്ളിക്കാപ്പറമ്പിൽ



റവ. ഫാ. തോമസ്
നെടുംപുറം



റവ. ഫാ. ജോസഫ്
കോയിക്കകുടി



റവ. ഫാ. ജോസഫ്
വടക്കുംഞ്ചേരി



റവ. ഫാ. മാത്യു
നടുവിലേപറമ്പിൽ



റവ. ഫാ. സേവ്യർ
കൂടപ്പുഴ



റവ. ഫാ. ജി.റ്റി.
വടക്കേൽ



റവ. ഫാ. ജോസഫ്
വലിയമംഗലം

malankaralibrary.com



മാർ പോൾ
ചിറ്റിലപ്പിള്ളി



മാർ സിറിൽ
മലഞ്ചെരുവിൽ OIC



മാർ ജോർജ്
പുന്നക്കോട്ടിൽ



റവ. ഫാ. ജേക്കബ്
വെള്ളിയാൻ



റവ. ഫാ. ജോസഫ്
മാണിക്കത്ത്



മൽപാൻ ഫാ. മാത്യു
വെള്ളാനിക്കൽ



റവ. ഫാ. പോൾ
മാറോക്കി



റവ. ഫാ. ജേക്കബ്
കട്ടക്കൽ



റവ. ഫാ. സി.റ്റി.
വയലിൽ

malankaralibrary.com

# താളുകളിലൂടെ...

ഞങ്ങളുടെ വന്ദ്യനായ റെക്ടർ
മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ..................... 3

അഭിവന്ദ്യപിതാക്കന്മാർ ..................... 5

ഞങ്ങളുടെ വന്ദ്യ ഗുരുഭൂതന്മാർ ..................... 6

ആമുഖം ..................... 11

അവതാരിക
മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ..................... 14

**ആശംസകൾ**

സദാ പ്രസന്നനായ വഞ്ചിപ്പുര കുര്യച്ചൻ
മാർ ജോസഫ് പെരുന്തോട്ടം ..................... 18

പക്വമതിയും പ്രതിഭാശാലിയുമായ
മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ
മാർ ജോർജ് കോച്ചേരി ..................... 20

'സഭയുടെ ശില്പിയും പണിക്കാരനും"
ഏബ്രഹാം മാർ യൂലിയോസ് ..................... 22

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ഒരതുല്യ പ്രതിഭ
മാർ മാത്യു അറയ്ക്കൽ ..................... 24

സ്നേഹം സേവനമാക്കിയവൻ
മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ
മാർ ജേക്കബ് അങ്ങാടിയത്ത് ..................... 25

malankaralibrary.com

മാർതോമാ പൈതൃകത്തിനിണങ്ങിയ വൈദികപരിശീലകൻ
പോളി മണിയാട്ട് ........................................ 28

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ഹ്രസ്വ ജീവചരിത്രം
ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ ........................................ 31

മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരക്കൽ അനുസ്മരണം
മോൺ. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ........................................ 36

ആരെയും ഇകഴ്ത്തി കാണാതിരുന്ന
ബഹുമാനപ്പെട്ട കുര്യച്ചൻ വഞ്ചിപ്പുരയ്ക്കൽ
ഫാ. കുര്യാക്കോസ് നരിതൂക്കിൽ ........................................ 40

മോൺ.കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ
ഫാ. ജോസ് ആലഞ്ചേരി ........................................ 46

മോൺ.കുര്യൻ വഞ്ചിപ്പുരയ്ക്കൽ
പൗരസ്ത്യ വിദ്യാപീഠത്തിന്റെ അടിത്തറശില്പി
ഫാ. ജോൺ തോട്ടുപുറം ........................................ 48

സ്നേഹധനനായ റെക്ടറച്ചൻ
ഫാ. ജിയോ പുളിക്കൽ ........................................ 54

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ
ലക്ഷണമൊത്ത വൈദിക പരിശീലകൻ
ഫാ. ജോസഫ് നടുവിലേഴം ........................................ 58

ബഹു. മോൺ. വഞ്ചിപ്പുരക്കലച്ചന്റെ സ്നേഹസൗഹൃദം
ഫാ. തോമസ് ചക്കാലയിൽ ........................................ 72

ബഹു. മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ
ഞങ്ങളെ സ്വാധീനിച്ച പുരോഹിതശ്രേഷ്ഠൻ
ഫാ. തോമസ് കോട്ടൂർ &
ഫാ. സിറിയക്ക് പടപുരയ്ക്കൽ ........................................ 76

ക്രാന്തദർശിയായ മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ
ഫാ. ജോസഫ് തൈയ്യിൽ ........................................ 79

malankaralibrary.com

കുര്യച്ചൻ എന്ന മഹാനുഭാവൻ
ഫാ. ജോസഫ് അടപ്പൂർ ............ 84

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ
സമാനതകളില്ലാത്ത വ്യക്തിത്വം
ഫാ. ജോസഫ് കുഴിഞ്ഞാലിൽ ............ 86

മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ:
സമഗ്രവ്യക്തിത്വത്തിന്റെ ഉടമ
ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ ............ 93

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ:
കലാഹൃദയമുള്ള വൈദികശ്രേഷ്ഠൻ
ഫാ. മൈക്കിൾ വടക്കേടം ............ 97

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ:
സ്നേഹപൂർവകമായ സമീപനങ്ങൾ
ഫാ. ജേക്കബ് ചേരിക്കൽത്തടം ............ 101

മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ -
വൈദിക പരിശീലനത്തിന്റെ ഉൾക്കാമ്പ്
തൊട്ടറിഞ്ഞ ഉത്തമ വൈദികശ്രേഷ്ഠൻ
ഫാ. സെബാസ്റ്റ്യൻ കാളാശ്ശേരി ............ 104

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി
ഇന്നലെ, ഇന്ന്
ഫാ. സ്കറിയാ കന്യാകോണിൽ ............ 114

പൗരസ്ത്യവിദ്യാപീഠം നസ്രാണികൾക്കൊരു
പുതിയ പഠിത്തവീട്
ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ ............ 121

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ജീവിതരേഖ ............ 127

malankaralibrary.com

# ആമുഖം

മനുഷ്യന്റെ ദൈവദത്തമായ സിദ്ധികളിൽ ഏറ്റം വിലപ്പെട്ടതാണ് ഓർമ്മ. ഓർക്കേണ്ടവരെ മറക്കുന്നത് കുറ്റകരമാണ്. ഓർമ്മയുള്ളവർക്കെല്ലാം നന്ദിയുണ്ടാകണമെന്നില്ല; എന്നാൽ നന്ദിയുള്ളവരെല്ലാവരും ഓർക്കും.

വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയുടെ പ്രഥമ റെക്ടറായിരുന്ന മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ നമ്മോടു വിടപറഞ്ഞിട്ട് ഇക്കഴിഞ്ഞ ജൂൺ 15-ന് 23 വർഷമായി. ഞങ്ങളുടെ പ്രിയപ്പെട്ട റെക്ടറച്ചന്റെ ഓർമ്മ നിലനിർത്താൻ ഒരു സ്മരണിക പ്രസിദ്ധീകരിക്കണമെന്ന ആശയം പങ്കുവച്ചപ്പോൾ ആദ്യ ശിഷ്യന്മാരായ ഞങ്ങളിൽ എല്ലാവരുംതന്നെ അതിനെ സ്വാഗതം ചെയ്തു. ആദ്യബാച്ചിൽ പെടുന്ന ഞങ്ങളിൽ ചിലർ അതിനു മുൻകൈ എടുത്തു. ഓർമ്മക്കുറിപ്പുകൾ എഴുതിത്തരാൻ പലരും തയ്യാറായി. രോഗത്തിന്റേയും വാർദ്ധക്യത്തിന്റേയും തളർച്ച വകവെക്കാത്ത അവരുടെ സന്മനസ്സിന്റെ മുമ്പിൽ നന്ദിയോടെ നമിക്കുന്നു.

1962 മുതൽ 1969 വരെയുള്ള കാലയളവിലാണ് മോൺ. വഞ്ചിപ്പുരയ്ക്കൽ വടവാതൂർ സെമിനാരിയുടെ റെക്ടറായി ശുശ്രൂഷ ചെയ്തത്. ഈ വർഷങ്ങളിൽ ബഹു. അച്ചന്റെ സേവനത്തിൽ തെളിഞ്ഞുനിന്ന നൂറുശതമാനത്തോളമുള്ള അച്ചന്റെ അർപ്പണ മനോഭാവം, സുന്ദരമായ അധ്യാപനം, ആനുകാലിക സഭാത്മക വൈദികപരിശീലനത്തിനുള്ള ശ്രദ്ധ, സഹപ്രവർത്തകരായ വൈദികരോടുള്ള കൂട്ടായ്മ, സെമിനാരി കെട്ടിടനിർമ്മാണത്തിൽ എടുത്ത താല്പര്യം, വൈദികവിദ്യാർത്ഥികളുടെ ബഹുമുഖമായ വളർച്ചയ്ക്കായുള്ള അധ്വാനം, ഹൃദയസ്പർശിയായ ഉപദേശങ്ങൾ, സെമിനാരിക്കാരോടുള്ള പൈതൃകസ്നേഹം തുടങ്ങിയവയാണ് ഈ

malankaralibrary.com

ഓർമ്മക്കുറിപ്പുകളുടെ പ്രതിപാദനം; ഒപ്പം അവരുടെ അനുഭവങ്ങളും ബോധ്യങ്ങളും ചേർത്തിട്ടുണ്ട്. ബഹു. അച്ചന്റെ ശുശ്രൂഷാകാലത്ത് സെമിനാരിയിൽ നടന്ന ചില മഹത്സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ, സെമിനാരിയുടെ ആരംഭകാലത്തെ സംഗതമായ ചില ഫോട്ടോകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ വടവാതൂർ മേജർ സെമിനാരിയുടെ പ്രഥമ റെക്ടർ എന്ന നിലയിൽ നിർവഹിച്ച സുത്യർഹമായ സേവനം ചരിത്രത്തിലും സഭയിലും മനുഷ്യഹൃദയങ്ങളിലും എന്നും അവിസ്മരണീയമായി നിലനിർത്താൻ ഈ സ്മരണിക സഹായകമാകും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. പ്രിയങ്കരനായ ബഹു. റെക്ടറച്ചന് ശിഷ്യഗണം മുഴുവന്റെയും സ്നേഹവും നന്ദിയും ആദരവും അർപ്പിക്കുന്നു.

ഈ സ്മരണികയ്ക്ക് വളരെ പ്രസക്തവും അർത്ഥവത്തും വിജ്ഞാനപ്രദവുമായ ഒരു അവതാരിക എഴുതി നല്കാൻ സന്മനസ്സും സന്തോഷവും കാണിച്ച ഞങ്ങളുടെ ഗുരുനാഥനായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിന് ഹൃദയംഗമായ നന്ദി അറിയിക്കുന്നു. നല്ല ആശംസകൾ എഴുതി നല്കിയ മോൺ. കുര്യച്ചന്റെ ശിഷ്യഗണത്തിലെ പിതാക്കന്മാരായ മാർ ജോസഫ് പെരുന്തോട്ടം, മാർ എബ്രഹാം യൂലിയോസ്, മാർ ജോർജ് കോച്ചേരി, മാർ മാത്യു അറയ്ക്കൽ, മാർ ജേക്കബ് അങ്ങാടിയത്ത് എന്നീ പിതാക്കന്മാരോടും പുതുതായി നിയമിതനായ പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് വെ. റവ. ഡോ. പോളി മണിയാട്ടിനോടും ഞങ്ങൾക്കുള്ള അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തട്ടെ. ഈ സ്മരണികയ്ക്ക് വ്യക്തിപരമായ ഓർമ്മക്കുറിപ്പുകൾ എഴുതി സമ്മാനിച്ച എല്ലാ ലേഖന കർത്താക്കളോടുമുള്ള ആത്മാർത്ഥമായ നന്ദി വളരെ സ്നേഹപൂർവം രേഖപ്പെടുത്തുന്നു.

ഈ സമ്രണികയെക്കുറിച്ചുള്ള ചിന്ത വന്നയവസരത്തിൽ തന്നെ, അതിന് ഒരു തുടർച്ചയെന്നോണം 1969 നുശേഷമുള്ള സെമിനാരിയുടെയും പൗരസ്ത്യവിദ്യാപീഠത്തിന്റേയും വളർച്ചയെ ആസ്പദമാക്കി ലേഖനങ്ങൾ എഴുതി നല്കണമെന്നുള്ള ഞങ്ങളുടെ അഭ്യർത്ഥന ബഹു. റെക്ടർ ഫാ. സ്കറിയാ കന്യാകോണിലച്ചനും പൗരസ്ത്യവിദ്യാപീഠത്തിന്റെ അന്നത്തെ പ്രസിഡന്റ് ബഹു. ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേലച്ചനും സ്നേഹപൂർവം സ്വീകരിക്കു

malankaralibrary.com

കയും ലേഖനങ്ങൾ കൃത്യമായി എഴുതിത്തരുകയും ചെയ്തു. ഈ രണ്ടു ബഹു. വൈദികർക്കും നന്ദിയുടെ നറുമലരുകൾ! ഈ സ്മരണികയ്ക്ക് മനോഹരമായ കവർ ഡിസൈൻ ചെയ്ത വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ബഹു. ഡീക്കൻ ബിജോയ് പൊൻപറമ്പിലിനും സ്നേഹപൂർവമായ കൃതജ്ഞത!

ഈ സ്മരണികയുടെ അച്ചടി സുന്ദരമായി ചെയ്തുതന്ന വി.ജി. പ്രിന്റേഴ്സിനും ആത്മാർത്ഥമായ കൃതജ്ഞത അറിയിക്കുന്നു.

**ഫാ. ജോസഫ് നടുവിലേഴം**
**ഫാ. സെബാസ്റ്റ്യൻ കാളാശ്ശേരി**
എഡിറ്റേഴ്സ്

malankaralibrary.com

**Mar Joseph Pallikaparampil**
Biashop Emeritus of Palai

Bishop House, Pala
P.B.No. 18, PALA-686 575
Kottayam Dt.., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail:aramanapala@gmail.com
Web:www.palaidiocese.com

# അവതാരിക



കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ പ്രഥമ റെക്ടറായിരുന്ന മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ നിര്യാതനായിട്ട് 2023 ജൂൺ 15-ാം തീയതി 23 വർഷം പൂർത്തിയായിരിക്കുകയാണല്ലോ. ഈ അവസരത്തിൽ ബഹുമാനപ്പെട്ട കുര്യച്ചന്റെ അനുസ്മരണാർത്ഥം പുറത്തിറക്കുന്ന ഈ സ്മരണികയ്ക്ക് എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

1962-ൽ സമാരംഭിച്ച വടവാതൂർ മേജർ സെമിനാരിയുടെ പ്രഥമ റെക്ടറായി സീറോ മലബാർ സഭയിലെ അന്നത്തെ മെത്രാന്മാർ ഏകകണ്ഠമായി തിരഞ്ഞെടുത്തത് ബഹുമാനപ്പെട്ട വഞ്ചിപ്പുരയ്ക്കൽ കുര്യച്ചനെയാണ്. അക്കാലത്ത്, മേജർ സെമിനാരികളിലെല്ലാംതന്നെ പരിശീലനം നൽകിയിരുന്നത് സന്യാസവൈദികരായിരുന്നതുകൊണ്ട് ഏതെങ്കിലും സന്യാസസഭക്കാർക്ക് മാത്രമേ ഒരു മേജർ സെമിനാരി നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയുള്ളൂ എന്ന ധാരണയാണ് അന്ന് പ്രബലമായി ഉണ്ടായിരുന്നത്. അതിനാൽ പുതിയ സെമിനാരിയുടെ റെക്ടറായും ആദ്ധ്യാത്മികപിതാവായും രണ്ടു ജെസ്യൂട്ട് വൈദികരെയാണ് പൗരസ്ത്യ തിരുസംഘത്തിലേക്ക് സീറോ മലബാർ സഭയിലെ മെത്രാന്മാർ ശുപാർശ ചെയ്തത്. എന്നാൽ പൗരസ്ത്യസഭകൾക്കായുള്ള റോമിലെ തിരുസംഘം രൂപതാവൈദികരെത്തന്നെ പുതിയ സെമിനാരി ഭരമേല്പിക്കണമെന്നു നിർദ്ദേശിക്കുകയാണുണ്ടായത്. എങ്കിലും സന്യസ്തരാരും അധികാരത്തിൽ ഇല്ലാത്ത ഈ സെമിനാരി എങ്ങനെ വിജയിക്കും എന്ന് പലരും സംശയിച്ചിരുന്നു. പക്ഷേ ബഹുമാനപ്പെട്ട കുര്യച്ചന്റെ

malankaralibrary.com

നേതൃത്വത്തിൽ വടവാതൂർ സെമിനാരി വളരെ ചുരുങ്ങിയ കാലം കൊണ്ട് എല്ലാവരുടെയും പ്രശംസയ്ക്ക് പാത്രീഭൂതമായി എന്നത് അദ്ദേഹത്തിന്റെ നേതൃത്വപാടവത്തിന് ഉത്തമ നിദർശനമാണ്.

സെമിനാരിയുടെ പ്രാരംഭഘട്ടത്തിൽ മൂന്ന് വർഷക്കാലം അദ്ദേഹവുമായി സഹകരിക്കാൻ സാധിച്ചു എന്നതിൽ എനിക്ക് അഭിമാനമുണ്ട്. ബഹുമാനപ്പെട്ട കുര്യച്ചനോടൊപ്പമുള്ള പ്രവർത്തനം ഏറെ സന്തോഷപ്രദമായിരുന്നു. നവീനവും മൗലികവുമായ ആശയങ്ങളുടെ കലവറ ആയിരുന്നു കുര്യച്ചന്റെ പണ്ഡിതമനസ്സ്. ഒരു ചെറുപുഞ്ചിരിയോടെ സ്റ്റാഫ് മീറ്റിംഗിലും മറ്റ് സന്ദർഭങ്ങളിലും പുതുമയുള്ള പ്രവർത്തനശൈലികളും കർമ്മപദ്ധതികളും അവതരിപ്പിച്ച് അംഗീകാരം നേടി. അദ്ദേഹം നടപ്പിലാക്കുന്നത് എത്ര അനായാസമായിട്ടായിരുന്നു എന്ന് ഞാൻ ഓർക്കുന്നു.

നാല്പത്തിയൊന്ന് വൈദിക വിദ്യാർത്ഥികളുമായി ഫിലോസഫി പഠനം ആരംഭിച്ച സെമിനാരി, ഇന്ന് ഒരു സർവകലാശാലയുടെ പ്രൗഢിയോടെ വിരാജിക്കുന്നത് കാണുമ്പോൾ എനിക്ക് ഏറെ സന്തോഷവും സന്തുഷ്ടിയുമുണ്ട്. ബഹുമാനപ്പെട്ട റെക്ടർ വഞ്ചിപ്പുരയ്ക്കലച്ചന്റെ ആദ്യ ശിഷ്യന്മാർ ഇപ്പോൾ വിശ്രമജീവിതത്തിലാണ്. ചിലരെല്ലാം നിത്യവിശ്രമത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യബാച്ചിൽപ്പെടുന്ന ബഹുമാനപ്പെട്ട കാളാശ്ശേരി സെബാസ്റ്റ്യനച്ചനും നടുവിലേഴം ജോസഫച്ചനും ചേർന്ന് ആദ്യശിഷ്യന്മാരുടെ ഓർമ്മക്കുറിപ്പുകൾ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുന്നു എന്നതിൽ വലിയ സന്തോഷമുണ്ട്. ഈ സംരംഭത്തിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

പ്രശസ്ത ജർമൻ ഫിലോസഫർ ഫ്രഡറിക്ക് ഹേഗൽ മരണക്കിടക്കയിൽ വച്ച് തനിക്ക് ചുറ്റും നിന്ന ശിഷ്യന്മാരെ നോക്കി. എല്ലാവരും ഗുരുവിന്റെ അന്തിമവചസ്സുകൾക്ക് കാതോർത്തു. ഹേഗൽ പറഞ്ഞു: 'ആരുംതന്നെ എന്റെ ഫിലോസഫി മനസ്സിലാക്കിയിട്ടില്ല. ഒരാൾ മാത്രമാണ് അത് മനസ്സിലാക്കിയിട്ടുള്ളത്; അതും തെറ്റായ രീതിയിൽ...' ബഹുമാനപ്പെട്ട കുര്യച്ചന് അങ്ങനെ വിലപിക്കേണ്ടിവന്നിട്ടില്ല. ബഹുമുഖപ്രതിഭയായ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ ശരിയായവിധം മനസ്സിലാക്കുകയും അവരത് വരുംതലമുറയ്ക്കായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മഹാമനസ്കനായ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ സഭാ

malankaralibrary.com

ഭരണം ഏറ്റെടുത്ത് അധികം താമസിയാതെ വത്തിക്കാൻ നിരീക്ഷകർ ഇങ്ങനെ എഴുതി: "Pope Pius XII was admired. Pope John XXIII is loved." നലം തികഞ്ഞ ഭരണാധികാരി, ഉത്തമനായ ആചാര്യൻ, ശ്രേഷ്ഠനായ ആദ്ധ്യാത്മികനിയന്താവ്, ലാളിത്യവും കുലീനത്വവും തികഞ്ഞ വ്യക്തിത്വത്തിനുടമ എന്നിങ്ങനെ ശിഷ്യഗണങ്ങളുടെ മനസ്സിൽ ഇടം പിടിച്ച ബഹുമാനപ്പെട്ട കുര്യച്ചനെപ്പറ്റി നമുക്കു പറയാം; 'He was both admired and loved.'

ബഹുമാനപ്പെട്ട കുര്യച്ചൻ പാലാ രൂപതയ്ക്ക് ചെയ്ത സേവനങ്ങളെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ സെക്രട്ടറി, രൂപതയിലെ മതബോധന ഡയറക്ടർ, പ്രോ-വികാരി ജനറാൾ, വികാരി ജനറാൾ എന്നീ നിലകളിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. ഏതു പുതിയ സംരംഭങ്ങൾക്കും (Pastoral Council, Presbyteral Council, ADCP, KCYM) സമഗ്രമായ നിയമാവലി തയ്യാറാക്കുവാൻ ബഹുമാനപ്പെട്ട കുര്യച്ചന് സവിശേഷമായ പ്രാവീണ്യം ഉണ്ടായിരുന്നു.

ഞാൻ ബഹുമാനപ്പെട്ട വഞ്ചിപ്പുരയ്ക്കലച്ചനെ ആദ്യമായി കാണുന്നത് 1952-ൽ റോമിൽ വച്ചാണ്. പുതുതായി രൂപം കൊണ്ട പാലാ രൂപതയ്ക്കുവേണ്ടി ഉപരിപഠനത്തിനായി റോമിലെത്തിയ രണ്ടുപേരിൽ ഒരാളായിരുന്നു അദ്ദേഹം. ഞാൻ അന്ന് പ്രൊപ്പഗാന്ത കോളജിൽ വൈദികപരിശീലനം ആരംഭിച്ച നാളുകളായിരുന്നു. ബഹുമാനപ്പെട്ട കുര്യച്ചൻ താമസിച്ചിരുന്ന ഡമഷേനോ (Damasceno) കോളജിലും പഠിച്ചിരുന്ന ഗ്രിഗോറിയൻ സർവ്വകലാശാലയിലും അദ്ദേഹത്തെപ്പറ്റി നല്ല മതിപ്പായിരുന്നു. പ്രശംസനീയമായ വിധം കാനോൻ നിയമത്തിൽ (Canon Law) ഡോക്ടറേറ്റ് നേടിയശേഷമാണ് അദ്ദേഹം തന്റെ രൂപതയിലേക്ക് മടങ്ങിയത്.

ബഹുമാനപ്പെട്ട കുര്യച്ചന്റെ സംഘടനാപാടവവും എടുത്ത് പറയേണ്ടതാണ്. അഭിവന്ദ്യ വയലിൽ പിതാവിന്റെ യൂറോപ്യൻ സന്ദർശനങ്ങളിൽ ബഹുമാനപ്പെട്ട കുര്യച്ചനാണ് സെക്രട്ടറിയായി അനുഗമിച്ചിരുന്നത്. കുര്യച്ചന്റെ സുഹൃദ്ബന്ധങ്ങളും ബഹുഭാഷാജ്ഞാനവും യാത്രാവേളകളിൽ വളരെ സഹായകമായിരുന്നു എന്നാണ് പിതാവ് തന്നെ പറഞ്ഞിട്ടുള്ളത്. അഭിവന്ദ്യ വയലിൽ പിതാവിനോടൊപ്പം മാർപ്പാപ്പയെ സന്ദർശിച്ച അവസരത്തിൽ ബഹു

malankaralibrary.com

മാനപ്പെട്ട കുര്യച്ചന്റെ ഭാഷാപരിജ്ഞാനവും പരിഭാഷാസിദ്ധിയും നേരിട്ട് മനസ്സിലാക്കിയ ഇരുപത്തിമൂന്നാം ജോൺ മാർപാപ്പ "You are a Polyglot" എന്ന് പറഞ്ഞ് കുര്യച്ചനെ പ്രശംസിക്കുകയുണ്ടായി. മുൻകൂട്ടി നിശ്ചയിച്ചിട്ടില്ലെങ്കിലും പല അവസരങ്ങളും സന്ദർഭോചിതമായി കൈകാര്യം ചെയ്യുവാൻ ബഹുമാനപ്പെട്ട കുര്യച്ചന് കഴിവുണ്ടായിരുന്നു. അപ്രകാരമുള്ള അവസരങ്ങൾ വയലിൽ പിതാവ് 'നിന്റെ വഴികൾ എത്ര സുന്ദരം' എന്ന തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്.

സെമിനാരി റെക്ടർ എന്ന നിലയിലും പൗരസ്ത്യ കാനോൻ നിയമപരിഷ്കരണ കമ്മിറ്റി അംഗമെന്ന നിലയിലും തന്റെ മുഴുവൻ കഴിവുകളും സീറോ മലബാർ സഭയ്ക്കുവേണ്ടി വ്യയം ചെയ്ത ക്രാന്തദർശിയും കർമ്മയോഗിയുമായിരുന്നു മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ. അച്ചന്റെ ജീവിതത്തെ സമഗ്രമായി അവതരിപ്പിക്കുന്ന ഈ സ്മരണിക അനേകർക്ക് പ്രചോദനമാകട്ടെ.

**† മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ**

**ബിഷപ്പ് എമരിറ്റസ് - പാലാ രൂപത**

malankaralibrary.com

**JOSEPH PERUMTHOTTAM**
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

# ആശംസ

## സദാ പ്രസന്നനായ വഞ്ചിപ്പുരയ്ക്കൽ കുര്യച്ചൻ



സീറോമലബാർ സഭയിൽ രൂപതാവൈദികരുടെ പരിശീലനത്തിനായി പുതിയൊരു സെമിനാരി ആരംഭിച്ചപ്പോൾ ആദ്യം അതിന്റെ വൈസ്റെക്ടറായും പിന്നീട് റെക്ടറായും നിയമിതനായത് വഞ്ചിപ്പുരയ്ക്കൽ ബഹുമാനപ്പെട്ട കുര്യച്ചനാണ്. സെമിനാരി ആരംഭിച്ച് ഏഴാം വർഷം, 1968-ലാണ് ഞാൻ തത്വശാസ്ത്രപഠനത്തിനായി വടവാതൂർ സെമിനാരിയലെത്തിയത്. കുര്യച്ചനെപ്പറ്റി ഓർക്കുമ്പോൾ എന്റെ മനസ്സിൽ നിറയുന്നത് സ്നേഹാദരവുകളാണ്. പുഞ്ചിരിക്കുന്ന മുഖത്തോടെയല്ലാതെ കുര്യച്ചനെ ഞാൻ കണ്ടിട്ടില്ല. സംസാരിക്കുമ്പോഴും ക്ലാസ്സെടുക്കുമ്പോഴും അങ്ങനെതന്നെ. മതബോധനശാസ്ത്രമാണ് (Catechetics) കുര്യച്ചൻ ഞങ്ങളെ പഠിപ്പിച്ചിരുന്നത്. വളരെ രസകരമായും പ്രായോഗികബുദ്ധിയോടെയുമാണ് അച്ചൻ ക്ലാസ്സെടുത്തിരുന്നത്. ബ്ലാക്ക്ബോർഡ് നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് പടംവരച്ചുമൊക്കെയുള്ള ക്ലാസ്സുകളിലൂടെ ഫലപ്രദമായി ക്ലാസ്സെടുക്കാനുള്ള പ്രായോഗിക പരിജ്ഞാനം അച്ചൻ നൽകി. കുട്ടികൾക്ക് ആകർഷകമായ ബോധനരീതിയാണ് അച്ചൻ അവലംബിച്ചത്. വൈദികാർത്ഥികൾക്കത് വളരെ പ്രയോജനപ്പെട്ടിരുന്നു. പിന്നീട് ഞാൻ അതിരൂപതാ മതബോധന ഡയറക്ടറായിരുന്നപ്പോൾ കുര്യച്ചന്റെ ബോധനശൈലി എനിക്ക് വളരെ പ്രയോജനപ്പെട്ടിരുന്നു.

വടവാതൂർ സെമിനാരിയുടെ ആരംഭവർഷങ്ങളിൽ മുഖ്യചുമതലക്കാരനായിരുന്ന ബഹു. കുര്യച്ചന് സെമിനാരിയുടെ മുക്കും മൂലയും കാണാപ്പാഠമായിരുന്നു. സെമിനാരിയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ സൂക്ഷ്മദൃഷ്ടിയോടെ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

malankaralibrary.com

വിസ്മയകരമായ ഓർമ്മശക്തി കുര്യച്ചനുണ്ടായിരുന്നു. സെമിനാരിക്കാരുടെ പേരുകൾ കൃത്യമായി ഓർമ്മിക്കുമായിരുന്നു. തികച്ചും പിതൃസഹജമായ പെരുമാറ്റമായിരുന്നു അച്ചന്റേത്. ഒരപ്പന്റെ സ്നേഹവും ഉപദേശങ്ങളും വാത്സല്യവും അച്ചനിൽനിന്നു ലഭിച്ചിരുന്നു. അച്ചനൊരിക്കൽ എന്റെ ഇടവകപ്പള്ളിയിൽ ഏതോ കാര്യത്തിനായി എത്തിയപ്പോൾ വളരെ താല്പര്യത്തോടെ എന്റെ വീട്ടിൽവന്ന് വീട്ടുകാരുമായി സംസാരിച്ച് സ്നേഹം പങ്കുവച്ചത്, അന്ന് വടവാതൂർ സെമിനാരിയിൽ ഒന്നാംവർഷക്കാരൻ മാത്രമായിരുന്ന എനിക്കും വീട്ടുകാർക്കും വലിയ സന്തോഷത്തിനിടയാക്കിയത് ഞാനിന്നും നന്ദിയോടെ ഓർക്കുന്നു. ഒരു സെമിനാരി റെക്ടറച്ചനുണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും കുര്യച്ചനിൽ വിളങ്ങിയിരുന്നു.

മിശിഹായിൽ സ്നേഹപൂർവം,

† ജോസഫ് പെരുന്തോട്ടം

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

malankaralibrary.com

**ARCHBISHOP GEORGE KOCHERRY**
Apostolic Nuncio Emeritus

St Thomas Hospital Complex
P.O., Changanacherry 686 104
Kerala State, INDIA

# ആശംസ

## പക്വമതിയും പ്രതിഭാശാലിയുമായ മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ



വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ പ്രഥമ റെക്ടർ മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചന്റെ ഇരുപത്തിമൂന്നാമത് മരണവാർഷികത്തോടനുബന്ധിച്ച് ഓർമ്മ നിലനിർത്താനായി ഒരു സ്മരണിക പ്രസിദ്ധീകരിക്കാനുള്ള അദ്ദേഹത്തിന്റെ ശിഷ്യരുടെ തീരുമാനം വളരെ സ്വാഗതാർഹമാണ്. മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് എന്റെ തത്വശാസ്ത്ര പഠനകാലത്തെ ആദ്യവർഷങ്ങളിലാണ്. പിന്നീട് ഉപരിപഠനത്തിനായി ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് എന്നെ റോമിലേക്കയച്ചു. ഈ കുറഞ്ഞ കാലയളവിലും പക്വമതിയും പ്രതിഭാശാലിയുമായിരുന്ന ബഹു. കുര്യച്ചന്റെ വ്യക്തിമാഹാത്മ്യം കുറെയേറെ മനസ്സിലാക്കാൻ എനിക്കു സാധിച്ചു.

ബഹു. കുര്യച്ചന് എല്ലാ കാര്യങ്ങളിലും ഒരു തനിമ ഉണ്ടായിരുന്നു. സീറോ മലബാർ സഭയുടെ ഒരു സെമിനാരിയുടെ പ്രഥമഘട്ടത്തിൽ തന്നെ, അവിടെ പഠിച്ച് പരിശീലിച്ചിറങ്ങുന്ന വൈദികരുടെ സവിശേഷതകൾ എന്തായിരിക്കണം എന്ന ഒരു ക്രാന്തദർശിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുയോജിച്ച വിധത്തിലുള്ള സമീപനവും പരിശീലനവും നൽകുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ആരംഭദിശയിലായിരുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനങ്ങളും സാധിക്കുന്നിടത്തോളം ഉൾക്കൊള്ളാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

malankaralibrary.com

വടവാതൂർ സെമിനാരിയിലെ പഠനകാലത്ത് എന്നെ ആകർഷിച്ച പ്രധാനപ്പെട്ട ചില സവിശേഷതകളിൽ ഒന്ന് ബഹു. കുര്യച്ചന്റെ വ്യക്തിപരമായ കരുതലും സ്നേഹവുമാണ്. ഓരോ സെമിനാരിക്കാരനെയും വ്യക്തിപരമായി മനസ്സിലാക്കി ആവശ്യമായ പ്രോത്സാഹനവും, തിരുത്തലുകളും വളരെ സൗമ്യമായ രീതിയിൽ നല്കുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. അതു പഠനകാര്യങ്ങളിലും ആരോഗ്യപാലനത്തിലും ശിക്ഷണക്രമത്തിലും പ്രാർത്ഥനയിലുമെല്ലാം ഉണ്ടായിരുന്നു. ബഹു. കുര്യച്ചന്റേത് മനഃശാസ്ത്രപരമായ ഒരു സമീപനം കൂടിയായിരുന്നു. ബഹു. അച്ചനുമായിട്ടുള്ള ആത്മബന്ധം വളർത്താൻ ഈ നിലപാടുകൾ സഹായകമായി. കായികരംഗത്തും ബഹു. കുര്യച്ചന്റെ ഉൾക്കാഴ്ചകൾ സെമിനാരിക്കാർക്ക് പ്രയോജനകരമായി. ബഹു. അച്ചന്റെ ഉപദേശങ്ങൾ ആശയസംപുഷ്ടവും പ്രായോഗികവും പ്രൗഢവുമായിരുന്നു. വടവാതൂർ സെമിനാരിയിൽനിന്ന് പഠിച്ചിറങ്ങിയ ധാരാളം വൈദികർക്ക് ബഹു. കുര്യച്ചനെ അഭിമാനത്തോടെ ഓർമ്മിക്കാൻ നിരവധി കാര്യങ്ങൾ ഉണ്ടാകുമെന്നതിൽ സംശയമില്ല.

ബഹു. മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെ സ്നേഹത്തോടും ആദരവോടുംകൂടിയാണ് ഞാനും അനുസ്മരിക്കുന്നത്. പ്രസിദ്ധീകരിക്കുന്ന ഈ സ്മരണിക ധാരാളം വൈദികർക്ക് അവരുടെ പ്രിയപ്പെട്ട കുര്യച്ചനെ സംബന്ധിച്ചുള്ള ഓർമ്മകൾ പുതുക്കാൻ സഹായിക്കുമെന്നതിൽ സംശയമില്ല. ഈ സ്മരണിക പ്രസിദ്ധീകരിക്കാൻ താല്പര്യമെടുത്ത ശിഷ്യഗണത്തിനും അഭിനന്ദനങ്ങൾ! ഈ സ്മരണിക എല്ലാ പൂർവവിദ്യാർത്ഥികളുടെയും മറ്റനേകം വ്യക്തികളുടെയും കൈകളിൽ എത്തട്ടെ എന്നാശംസിക്കുന്നു.

**†ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി**

അപ്പസ്തോലിക് ന്യുൺഷ്യോ (എമരിറ്റസ്)



malankaralibrary.com

# ആശംസ

## "സഭയുടെ ശില്പിയും പണിക്കാരനും"



വടവാതൂർ സെമിനാരിയുടെ പൂർവവിദ്യാർത്ഥികൾ അതിന്റെ ആദ്യറെക്ടറായിരുന്ന മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലിന്റെ സ്മരണിക പുറത്തിറക്കുന്നത് ഏറ്റം അഭികാമ്യമാണ്. അതിൽ എന്നെക്കൂടി ഉൾപ്പെടുത്തിയതിൽ സന്തോഷവും നന്ദിയുമുണ്ട്.

മലങ്കര ആരാധനക്രമം വി. പൗലോസ് ശ്ലീഹായ്ക്ക് കൊടുക്കുന്ന വിശേഷണങ്ങളാണ് "സഭയുടെ ശില്പിയും പണിക്കാരനും". ബഹു. കുര്യച്ചനെ ഓർക്കുമ്പോൾ, ഈ വിശേഷണങ്ങൾ അദ്ദേഹത്തിനും അനുയോജ്യമാണെന്ന് തോന്നി. പൗലോസ് ശ്ലീഹാ കുറിയ മനുഷ്യനായിരുന്നതുപോലെ, കുര്യച്ചനും കുറിയ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ തലയിൽ എന്തെല്ലാം മഹാകാര്യങ്ങളാണ് ഒളിപ്പിച്ചുവച്ചിരുന്നത്. കൂർമ്മബുദ്ധി, കൃത്യമായ പ്ലാനിംഗ്, വിവേകം, പ്രകൃതിസ്നേഹം അങ്ങനെ പലതും.

1963 ജൂൺ ആദ്യം മലങ്കരസഭയിൽനിന്ന് ചേർന്ന ആദ്യവിദ്യാർത്ഥിയായിരുന്നു ഞാൻ. അന്നത്തെ തിരുവല്ലാ മൈനർ സെമിനാരി റെക്ടർ ജോർജ് ചുണ്ടേവാലേൽ (പിൽക്കാലത്ത് ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി) അച്ചനാണ് എന്നെ കൊണ്ടുവിട്ടത്. ആദ്യം റെക്ടറച്ചനെ കണ്ട് പരിചയപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇവിടെ ഒറ്റപ്പെട്ടുപോകുമെന്ന് ഭയപ്പെടേണ്ട. "Feel at home" ഞാൻ അവിടെ പഠിച്ച മൂന്നുവർഷവും ബഹു. കുര്യച്ചന്റെ സ്നേഹവും പരിഗണനയും അനുഭവിക്കാനിടയായി. എനിക്കുശേഷം വന്നുചേർന്ന ഗീവറുഗീസ് ചേടിയത്ത്, കോശി പാറപ്പാട്ട് (തിരുവനന്തപുരം), അലക്സാണ്ടർ പാറാനിക്കൽ, ജേക്കബ് കൊച്ചുവട്ടോത്തറ (കോട്ടയം) എന്നീ മലങ്കര വിദ്യാർത്ഥികൾക്കായി അദ്ദേഹം 'ഒരു മലങ്കര ചാപ്പൽ' അനുവദിച്ചു തന്നുവെന്നത് അദ്ദേഹത്തിന്റെ മഹാമനസ്ക്കതയെ സൂചിപ്പിക്കുന്നു.

സെമിനാരിയുടെ പ്രാരംഭവർഷങ്ങളിൽ അംഗസംഖ്യ കുറവായിരുന്നതു കാരണം സ്റ്റാഫംഗങ്ങളും സെമിനാരിക്കാരും തമ്മിൽ

malankaralibrary.com

നല്ല ആത്മബന്ധമുണ്ടായിരുന്നു. ഉല്ലാസസമയങ്ങളിലും, കളികൾക്കും, തോട്ടത്തിലെ പണികൾക്കുമെല്ലാം എല്ലാവരും ഒരുമിച്ചുണ്ടായിരുന്നു. അക്കാരണത്താൽ, ആദ്യം മരുഭൂമിപോലെ തോന്നിച്ച സ്ഥലത്ത് പൂന്തോട്ടങ്ങളും കൃഷിസ്ഥലങ്ങളുമായി. സെമിനാരിയുടെ മുൻവശത്തുള്ള ചീങ്കല്ല് അറഞ്ഞ് വൻകുഴികളുണ്ടാക്കി, അതിൽ പുതിയ മണ്ണും വളവും നിറച്ചാണ് അവിടെ മരങ്ങൾ നട്ടതും പൂന്തോട്ടങ്ങൾ പിടിപ്പിച്ചതും. അതെല്ലാം കുര്യച്ചന്റെ മേൽനോട്ടത്തിലായിരുന്നു. പാലാ അരമന പണിയിക്കുകയും അതിന്റെ മുമ്പിലുള്ള പൂന്തോട്ടം രൂപകല്പന ചെയ്തതിന്റെയും ബലത്തിലാണ്, വയലിൽ പിതാവ് അദ്ദേഹത്തെ വടവാതൂർ റെക്ടറായി കൊണ്ടുവന്നതെന്ന് പാലാക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

ബുദ്ധിമാനായ കുര്യച്ചനെ സംബന്ധിച്ചിടത്തോളം തൊഴിലാളികളെ ഒഴിവാക്കി, സെമിനാരിക്കാരെക്കൊണ്ട് കഠിനപ്രയത്നം ചെയ്യിച്ചത് ഒരു Synergy-യുടെ ഭാഗമായിരുന്നു. അതുകൊണ്ടാണ് ആദ്യകാലവിദ്യാർത്ഥികൾക്ക് സെമിനാരിയോട് ഇന്നും കൂടുതൽ കൂറും സ്നേഹവുമുള്ളത്. അക്കാലത്ത് തിരുവനന്തപുരം മുതൽ തലശ്ശേരിവരെയുള്ള രൂപതകളിൽനിന്നുള്ളവരെ ഒരേ ചരടിൽ കോർത്തിണക്കിയതിന്റെ യോഗ്യത കുര്യച്ചനു മാത്രമുള്ളതാണ്. അദ്ദേഹത്തിന്റെ പ്രവർത്തനശൈലി ഞാൻ അനുകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. 'വൈകാരിക പക്വത' (Emotional Maturity) യെക്കുറിച്ച് അദ്ദേഹം എടുത്തിട്ടുള്ള ക്ലാസുകൾ അറുപത് വർഷങ്ങൾക്കുശേഷം ഇന്നും എന്റെ മനസ്സിലുണ്ട്.

1965-ൽ പാക്കിസ്ഥാൻ യുദ്ധകാലത്ത് അരി കിട്ടാൻ ദൗർലഭ്യമുണ്ടായിരുന്നപ്പോൾ, ഒരു നേരം മാത്രം അരിഭക്ഷണം കഴിക്കുകയും, മറ്റു നേരങ്ങളിൽ കപ്പ തിന്നുകയും ചെയ്തകാലം ഓർമ്മിക്കുന്നു. സെമിനാരിക്കാർക്ക് കിട്ടിയിരുന്ന റേഷനരി പാവപ്പെട്ടവർക്ക് അവരുടെ ഭവനങ്ങളിൽ കൊണ്ടുപോയി കൊടുക്കാൻ പ്രേരണ നല്കിയതും ബഹു. റെക്ടറച്ചനായിരുന്നു. "ദരിദ്രരെക്കുറിച്ച് കരുതൽ വേണം" (ഗലാ 2:10) എന്ന വലിയ പാഠമാണ് അന്നത്തെ പ്രധാന ഗുരു നൽകിയത്.

രണ്ടായിരാമാണ്ടിൽ നമ്മോടു വിടവാങ്ങിയ ആ ശ്രേഷ്ഠഗുരുവിന്റെ പാദങ്ങളിൽ പ്രണാമം അർപ്പിക്കുന്നു.

**† എബ്രഹാം മാർ യൂലിയോസ്**
**ബിഷപ് എമരിറ്റസ്, മൂവാറ്റുപുഴ**

malankaralibrary.com

**Mar Mathew Arackal**
Bishop Emeritus
Diocese of Kanjirapally

Pastoral Centre, P.B No. 22,
Kanjirapally – 686 507, Kerala, INDIA
Tel: +91 4828 - 206040, 203956,
Fax: +91 4828 - 206022, 205200
Email: bishoparackal@gmail.com
Web: www.kanjirapallydiocese.com

# ആശംസ

## മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ഒരതുല്യ പ്രതിഭ



ബഹു. മോൺ. കുര്യൻ വഞ്ചിപ്പുരക്കലച്ചന്റെ ആദ്യശിഷ്യഗണം അദ്ദേഹത്തിന്റെ ഇരുപത്തിമൂന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ഒരു സ്മരണിക തയ്യാറാക്കുന്നതിൽ എന്നെയും ഉൾച്ചേർത്തതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്.

വടവാതൂർ സെമിനാരിയുടെ പ്രഥമ റെക്റ്റർ എന്നനിലയിൽ, അതുല്യപ്രതിഭയായിരുന്നു ബഹു. വഞ്ചിപ്പുരയ്ക്കലച്ചൻ. വൈദിക പരിശീലനത്തെക്കുറിച്ചു ഒരു സമഗ്ര വീക്ഷണമുള്ള വ്യക്തിയായിരുന്നതിനാൽ പ്രാർത്ഥനാപൂർവ്വം വൈദികരൂപീകരണത്തിന് അദ്ദേഹം നേതൃത്വം നൽകി. അതിനാൽത്തന്നെ, ഭാവിപുരോഹിതരെ നേരിൽകണ്ടു പ്രോത്സാഹിപ്പിക്കാനും തിരുത്താനും ശ്രദ്ധിച്ചിരുന്നു. അവരുടെ ആധ്യാത്മികത, ആരോഗ്യം, പഠനം, അദ്ധ്വാനം, കലാ-സാഹിത്യ വാസനകൾ ഇവയെല്ലാം ശ്രദ്ധിക്കപ്പെട്ടിരുന്ന ആ കാലം, ഏറെ പക്വമായ പരിശീലന നാളുകളായിരുന്നു.

വ്യക്തിപരമായി എനിക്കും ആ സ്നേഹവും, പ്രോത്സാഹനവും കരുതലും അനുഭവിക്കാൻ ഇടവന്നിട്ടുണ്ട്. ബഹു. കുര്യച്ചന്റെ ഓർമ്മകൾ പങ്കുവെക്കുന്ന ഈ സ്മരണികക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്കെല്ലാം അനുമോദനങ്ങൾ!

പ്രാർത്ഥനാശംസകളോടെ,

Kanjirappally

† **Mar Mathew Arackal**
Bishop Emeritus Kanjirappally

malankaralibrary.com

# ആശംസ

## സ്നേഹം സേവനമാക്കിയവൻ
## മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ



പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം 1965 ജൂൺ മാസത്തിൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിൽ പരിശീലിനത്തിനെത്തിയപ്പോഴാണ് അന്ന് വടവാതൂർ സെമിനാരിയുടെ പ്രഥമ റെക്ടറച്ചൻ എന്ന നിലയിൽ സേവനം ചെയ്തിരുന്ന പ്രിയ ബഹു. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെ ഞാൻ പരിചയപ്പെടുന്നത്. അദ്ദേഹം പാലാ രൂപതയിലെ വൈദികനായിരുന്നെങ്കിലും നേരിൽ പരിചയപ്പെടാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. മൈനർ സെമിനാരിയിൽനിന്ന് മേജർ സെമിനാരിയിലേക്ക് കടന്നുചെന്നപ്പോൾ ബഹു. റെക്ടറച്ചനിൽനിന്ന് ലഭിച്ച സ്വീകരണം വളരെ ഹൃദ്യമായിരുന്നുവെന്നത് ഇന്നും സന്തോഷത്തോടെ ഓർക്കുന്നു.

എന്റേത് വടവാതൂർ സെമിനാരിയിലെ നാലാമത്തെ ബാച്ചായിരുന്നു. ആദ്യം വന്നവർ ഫിലോസഫി പൂർത്തിയാക്കി, തിയോളജി തുടങ്ങുന്ന വർഷം. സെമിനാരി കെട്ടിടങ്ങളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ ഓഡിറ്റോറിയവും ചാപ്പൽ ബിൽഡിംഗും പണിയാൻ തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. പരിമിതമായ സൗകര്യങ്ങൾ, സ്റ്റാഫ് വളരെക്കുറവ്. രൂപതാ വൈദികരെ പരിശീലിപ്പിക്കുന്നതിന് രൂപതാവൈദികരെത്തന്നെ പരിശീലനപരിപാടി ഏല്പിക്കപ്പെട്ട ആദ്യത്തെ മേജർ സെമിനാരി, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കാലത്തുതന്നെ സുറിയാനിക്കാർക്കായി രൂപംകൊണ്ട സെമിനാരി, ആരാധനക്രമം സുറിയാനിയിൽനിന്ന്

malankaralibrary.com

മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരുന്ന കാലഘട്ടം - എന്നി ങ്ങനെ പലവിധത്തിലും ശ്രദ്ധേയമായ കാലഘട്ടത്തിൽ പുതുതായി രൂപപ്പെടുന്ന മേജർ സെമിനാരി വൈദികപരിശീലനം എന്നീ നില കളിൽ സെമിനാരിയുടെ പ്രഥമ റെക്ടർ ആയി വളരെ ഉത്തരവാദ പ്പെട്ട ഒരു ശുശ്രൂഷയാണ് ബഹു. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചന് നിർവഹിക്കാനുണ്ടായിരുന്നത്. ഇന്ത്യയിലെ സുറിയാനി സഭയ്ക്ക് എന്നും അഭിമാനിക്കാവുന്ന ഒരു വൈദികപരിശീലന സെമിനാരിക്ക് അടിത്തറ പാകുവാൻ ബഹു. വഞ്ചിപ്പുരയ്ക്കലച്ചനു കഴിഞ്ഞു എന്നതിൽ നമുക്കഭിമാനിക്കാം.

സെമിനാരിയിൽ പരിശീലനം നല്കുന്ന വൈദികരെയും പരി ശീലനം തേടുന്ന വൈദികവിദ്യാർത്ഥികളെയും, അവർ ഓരോരു ത്തരും ആയിരിക്കുന്ന അവസ്ഥയിൽ അവരെ മനസ്സിലാക്കി സ്നേഹിക്കയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിൽ ബഹു. വഞ്ചി പ്പുരയ്ക്കലച്ചന്റെ ശ്രദ്ധ വളരെ പ്രത്യേകമായിരുന്നു. തത്വശാസ്ത്രം രണ്ടാം വർഷവിദ്യാർത്ഥിയായിരിക്കുമ്പോൾ പനി പിടിച്ച് ഞാൻ കിട പ്പിലായി. വിവരമറിഞ്ഞ് ബഹു. റെക്ടറച്ചൻ എന്നെ എന്റെ മുറി യിൽ വന്നു കണ്ടു. പനിയൊക്കെ പരിശോധിച്ചു. ആശ്വാസവാക്കു കൾ പറഞ്ഞ് സമാധാനിപ്പിച്ചു. അതുകഴിഞ്ഞ് ബഹു. അച്ചന്റെ മുറിയിൽ ചെന്ന് ഒരു കമ്പിളിപുതപ്പെടുത്തു കൊണ്ടുവന്ന് എന്നെ പുതപ്പിച്ചു. ഇതുപോലുള്ള കരുതൽ എല്ലാവരോടും അദ്ദേഹം കാണിച്ചിരുന്നു.

സെമിനാരിയിലെ തന്റെ ഔദ്യോഗിക കാലാവധി പൂർത്തിയാ ക്കിയേശേഷം, അദ്ദേഹം പാലാ രൂപതയിൽ പ്രോ വികാരി ജനറാ ളായിരിക്കുമ്പോഴായിരുന്നു എന്റെ പൗരോഹിത്യ സ്വീകരണം. എന്റെ ഇടവക, പെരിയപ്പുറം പള്ളിയിൽ വച്ചുള്ള എന്റെ പുത്തൻ കുർബാ നയ്ക്ക് ഞാൻ മോൺ. വഞ്ചിപ്പുരയ്ക്കലച്ചനെ പ്രത്യേകം ക്ഷണി ച്ചിരുന്നു. എന്റെ പുത്തൻകുർബാനയ്ക്കുശേഷം പാരിഷ്ഹാളിൽ നടന്ന അനുമോദനസമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നത് ബഹു. വഞ്ചിപ്പുരയ്ക്കലച്ചനായിരുന്നു. എന്റെ അപ്പൻ എനിക്കു മൂന്നു വയ സ്സുള്ളപ്പോൾ മരിച്ചുപോയ വിവരം മോൺസിഞ്ഞോറച്ചന് അറിയാ മായിരുന്നതുകൊണ്ട്, എന്റെ അമ്മയെയും സഹോദരങ്ങളെയും ഇതര കുടുംബാംഗങ്ങളെയും പ്രത്യേകം അനുമോദിച്ച് സംസാ രിച്ചത് ഞാൻ ഓർക്കുന്നു. പൗരോഹിത്യജീവിതം സ്നേഹിക്കാനു ള്ളതാണെന്നും അതു വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂ

malankaralibrary.com

ടെയും പങ്കുവയ്ക്കാനുള്ളതാണെന്നും തന്റെ ജീവിതത്തിലൂടെ അദ്ദേഹം കാണിച്ചുതന്നു.

പാലാ രൂപതയിലെ മതബോധന പരിശീലനത്തിനു രൂപവും ഭാവവും നല്കുന്നതിനു നിർണ്ണായകമായ നേതൃത്വം നല്കിയത് മോൺ. വഞ്ചിപ്പുരയ്ക്കലായിരുന്നു. അതുപോലെ വനിതാ ക്ഷേമ സംഘടന, ഹരിജൻ ക്രൈസ്തവ പ്രസ്ഥാനം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, മിഷൻലീഗ് തുടങ്ങിയ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നല്കിയതും അദ്ദേ ഹമായിരുന്നു.

കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമി നാരിയുടെ ഓരോ കല്ലിനും മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചന്റെ കഥ പറയാനുണ്ടാകും. സെമിനാരിയെയും സെമിനാരിക്കാരെയും ബഹു. അച്ചൻ ഏറെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ സ്നേഹം താൻ രൂപംകൊടുത്ത സ്ഥാപനത്തിലൂടെ പരിശീലനം നേടുന്ന വൈദികരിലൂടെ എക്കാലവും നിലനില്ക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ബഹു. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചന്റെ ഓർമ്മ നില നിർത്തുന്ന ഈ സ്മരണിക പ്രസിദ്ധീകരിക്കാൻ താല്പര്യമെടുത്ത എല്ലാവർക്കും വിജയാശംസകൾ നേരുന്നു!

**† മാർ ജേക്കബ് അങ്ങാടിയത്ത്**
ബിഷപ് എമരിറ്റസ്
ചിക്കാഗോ സീറോ മലബാർ രൂപത

malankaralibrary.com

# മാർതോമാ പൈതൃകത്തിനിണങ്ങിയ വൈദികപരിശീലകൻ



വിശ്വാസജീവിതത്തിന് വിപ്ലവകരമായ സാക്ഷ്യം നൽകിയ പാരമ്പര്യത്തിനുടമകളാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ. അവരിലൊരുവനെന്ന് അഭിമാനപുരസ്സരം ചൂണ്ടിക്കാണിക്കാവുന്ന വ്യക്തിയാണ് മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ. നൂറുകണക്കിന് വൈദികർക്ക് വന്ദ്യഗുരുവായ ആ പുരോഹിതനെക്കുറിച്ചുള്ള ഓർമ്മകളുടെ ഒരു ഉപഹാരവുമായി ഒരു ഗണം ശിഷ്യന്മാർ മുമ്പോട്ടുവന്നിരിക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്.

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയെ സംബന്ധിച്ചിടത്തോളം പ്രവാചകസമാനം രംഗപ്രവേശനം ചെയ്ത വ്യക്തിയാണ് മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ. സഭാജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുന്ന വൈദികപരിശീലനമെന്ന മഹാശുശ്രൂഷയുടെ അമരക്കാരനാകാൻ ഒരു രൂപതാവൈദികന് സാധിക്കുമോ? സമർപ്പിതജീവിതത്തിൽ ആധ്യാത്മികാധിഷ്ഠാനമുള്ള വൈദികർക്കേ വൈദികപരിശീലന ശുശ്രൂഷ സാധ്യമാകൂ എന്ന് നിശ്ചയിച്ചുറപ്പിക്കപ്പെട്ടിരുന്ന ആ നാളുകളിൽ സീറോ മലബാർ സഭയുടെയും സീറോ മലങ്കര സഭയുടെയും വൈദികാർത്ഥികൾക്ക് പരിശീലനം നൽകാൻ ഒരു രൂപതാവൈദികനെ പരിശുദ്ധ സിംഹാസനം തിരഞ്ഞെടുത്തതിനെ വലിയ വിസ്മയത്തോടെയാണ് സഭാവൃത്തങ്ങളിലുള്ളവർ കണ്ടത്.

വൈദികപരിശീലനരംഗത്ത് വിപ്ലവകരമായ ഒരു മാറ്റത്തിന് തുടക്കം കുറിക്കാൻ നിയോഗിക്കപ്പെട്ട മഹാവ്യക്തിത്വമായിരുന്നു

malankaralibrary.com

ആദരണീയനായ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ. ദൈവികവഴികാട്ടലിനോട് ഭാവാത്മകമായി പ്രതികരിച്ചുകൊണ്ട് ഇരുളിലേക്ക് തെല്ലും ഭയവും ചാഞ്ചല്യവും കൂടാതെ നടന്നിറങ്ങിയ അബ്രാഹത്തെപ്പോലെ ദൈവകരത്തിൽ ശരണമർപ്പിച്ച് മുന്നോട്ടിറങ്ങിയ വഞ്ചിപ്പുരയ്ക്കലച്ചന്റെ വിശ്വാസതീക്ഷ്ണത ഒന്നുമാത്രം മതിയായിരുന്നു ഭാവി ഇടയന്മാരെ വാർത്തെടുക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത.

ദൈവിക നിയോഗത്തോടും സഭയുടെ ആഹ്വാനത്തോടും വിനീതനായി വിശ്വസ്തത പുലർത്തിക്കൊണ്ട് വഞ്ചിപ്പുരയ്ക്കലച്ചൻ സീറോ മലബാർ സഭയുടെ വൈദികപരിശീലനത്തിൽ മാർത്തോമ്മാ നസ്രാണി പൈതൃകത്തിന്റെ ശ്രേഷ്ഠമായ കാഴ്ചപ്പാടുകൾ സമുചിതമായി ഉൾക്കൊള്ളിച്ചു. ഇന്ന് സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി വളർന്ന് കത്തോലിക്കാസഭയിലെങ്ങും ശ്രദ്ധിക്കപ്പെടുന്ന സർവകലാശാലാ നിലവാരമുള്ള പൗരസ്ത്യവിദ്യാപീഠത്തിനു ജന്മം നല്കി വളർത്തി വലുതാക്കിയെങ്കിൽ, അതിന്റെ പിന്നിൽ ശ്രേഷ്ഠവും വിപ്ലവകരവുമായ ഒരു പുത്തൻവൈദിക പരിശീലനത്തിനു തുടക്കം കുറിച്ച കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെന്ന ക്രാന്തദർശിയുടെ നിസ്തുലമായ പങ്ക് എന്നെന്നും ഓർമ്മിക്കപ്പെടേണ്ടതാണ്.

സീറോ മലബാർസഭയുടെ തനിമ, പ്രത്യേകമായും ദൈവശാസ്ത്രസമ്പത്ത്, ആധുനിക ലോകത്തിനു സമ്മാനിക്കാൻ ഏറ്റവും അനുയോജ്യരായ വ്യക്തികൾ വൈദികരാണെന്ന ഉത്തമബോധ്യമാണ് വ്യക്തമായ ദിശാബോധത്തോടെ സെമിനാരിയെ കൈപിടിച്ചുനടത്താൻ വഞ്ചിപ്പുരയ്ക്കലച്ചനെ പ്രേരിപ്പിച്ചത്. ദൈവസ്നേഹവും സഭാചൈതന്യവും പൈതൃകാഭിമാനവും സമ്യക്കായി സമ്മേളിച്ചിരുന്ന കുര്യൻ വഞ്ചിപ്പുരയ്ക്കൽ എന്ന മല്പാനച്ചന്റെ ദീപ്തസ്മരണയ്ക്കു മുന്നിൽ നന്ദിയോടെ, സ്നേഹാതിരേകത്തോടെ കൈകൾ കൂപ്പുന്നു.

**ഫാ. പോളി മണിയാട്ട്**
പ്രസിഡന്റ്, പൗരസ്ത്യവിദ്യാപീഠം
വടവാതൂർ

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ഹ്രസ്വ ജീവചരിത്രം

**ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ**



വഞ്ചിപ്പുരയ്ക്കൽ വർക്കിയുടേയും മറിയാമ്മയുടേയും മൂത്തമകൻ കുര്യൻ മാതൃഭവനമായ കുരീത്തടത്തിൽ 1917 ഒക്ടോബർ 22-ാം തീയതി ജനിച്ചു. മാതൃ ഇടവക ദൈവാലയമായ ഇലഞ്ഞി, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു. പിന്നീട് അമ്മയോടൊപ്പം വാലാച്ചിറയിലെ പിതൃഭവനത്തിലെത്തി.

അക്ഷരം പഠിക്കാൻ വീടിനടുത്തുള്ള കളരിയിൽ പ്രവേശിച്ചു. അവിടെയായിരുന്നു വിദ്യാരംഭം. 1923-ൽ വാലാച്ചിറ സെന്റ് ക്രൂസ് പ്രൈമറി സ്കൂളിൽ ചേർന്നു. നാലാം ക്ലാസ് ജയിച്ചശേഷം കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിലും ഹൈസ്കൂൾ പഠനത്തിനായി കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിലും ചേർന്നു. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന റവ. ഫാ. ഡോമിനിക് തോട്ടാശ്ശേരിയുടെ മഹത്തായ മാതൃക കുര്യന് വളരെ പ്രചോദനകരമായിരുന്നു. ഹൈസ്കൂൾ തലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക സ്കോളർഷിപ്പ് അദ്ദേഹത്തിനു ലഭിച്ചു. വൈദിക ദൈവവിളിയുടെ ലക്ഷണങ്ങൾ അദ്ദേഹത്തിൽ നിഴലിച്ചിരുന്ന സന്ദർഭം കൂടിയായിരുന്നു ഈ അവസരം.

തുടർന്ന് ഉയർന്ന വിദ്യാഭ്യാസത്തിനായി ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിൽ ചേർന്നു. ബഹു. റോമിയൊ തോമസ

malankaralibrary.com

ച്ചനായിരുന്നു അന്നത്തെ കോളേജ് പ്രിൻസിപ്പൽ. ഇന്റർ മീഡിയറ്റ് പാസായശേഷം പെറ്റി സെമിനാരിയിൽ ചേരുവാനുള്ള അനുമതി അഭിവന്ദ്യ മാർ ജയിംസ് കാളാശ്ശേരി പിതാവിൽനിന്നു ലഭിച്ചു. ചങ്ങനാശേരി രൂപത വക കോട്ടയത്തുള്ള പെറ്റി സെമിനാരിയിൽ ചേർന്നു. താമസിയാതെ വൈദികവിദ്യാർത്ഥിയായി അദ്ദേഹത്തെ കാൻഡി (ശ്രീലങ്ക) പേപ്പൽ സെമിനാരിയിലേക്ക് അയച്ചു. അവിടെ ബെൽജിയംകാരും ഇറ്റലിക്കാരുമായ ഈശോസഭാ വൈദികരായിരുന്നു അദ്ധ്യാപകർ. കേരളീയനായി ഡോ. ജോസഫ് ഇടമരം എസ്.ജെ.യും അദ്ധ്യാപകനായി ഉണ്ടായിരുന്നു. 'തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനത്തെത്തുടർന്ന് അദ്ദേഹത്തിന് LPh, LD എന്നീ ഡിഗ്രികൾ ലഭിച്ചു. സാവകാശം തിരുപ്പട്ടങ്ങൾ ക്രമാനുഗതമായി അദ്ദേഹം സ്വീകരിച്ചു. 1947 ഓഗസ്റ്റ് 24-ാം തീയതി അദ്ദേഹം വൈദികനായി അഭിഷിക്തനായി.

ആദ്യ നിയമനം സ്വന്തം ഇടവകയായ കടുത്തുരുത്തി താഴത്തുപള്ളി അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു. ഇടവകയിൽ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നടത്തുന്നതിൽ കുര്യച്ചൻ വളരെ ശ്രദ്ധ ചെലുത്തിയിരുന്നു. മതബോധന ക്ലാസ്സുകൾ വളരെ മികവോടെ നടത്തിയിരുന്നു. പിന്നീട് ബഹു. അച്ചൻ പാലാ കത്തീഡ്രൽ പള്ളി അസിസ്റ്റന്റായി സ്ഥലം മാറി.

1950-ൽ പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് വഞ്ചിപ്പുരയ്ക്കൽ കൊച്ചച്ചനെ അദ്ദേഹത്തിന്റെ സെക്രട്ടറിയായും പാലാ കത്തീഡ്രൽപള്ളി അസിസ്റ്റന്റ് വികാരിയായും നിയമിച്ചു. 1951-ൽ ബഹു. കുര്യച്ചനെ ഉപരിപഠനത്തിനായി റോമിലേക്കയച്ചു. അവിടെ ഡമഷേനോ കോളേജിൽ താമസിച്ച് പഠിക്കാൻ സൗകര്യം ലഭിച്ചു. അവിടെ നാലു വർഷം പഠിച്ച് കാനൻ നിയമത്തിൽ D.C.L. ഡിഗ്രി നേടി. 1955-ൽ രൂപതാ കേന്ദ്രത്തിൽ തിരിച്ചെത്തിയ വഞ്ചിപ്പുരയ്ക്കലച്ചനെ വയലിൽ പിതാവ് വീണ്ടും സെക്രട്ടറിയായും രൂപതാ മതബോധന ഡയറക്ടറായും നിയമിച്ചു. തുടർന്ന് വടവാതൂർ സെമിനാരിയുടെ പ്രഥമ റെക്റ്ററായി ബഹു. വഞ്ചിപ്പുരയ്ക്കലച്ചൻ 1962 ജൂൺ മാസത്തിൽ നിയമിതനായി. 1962 ജൂലൈ 3-ാം തീയതിയായിരുന്നു സെമിനാരിയുടെ ഔപചാരിക ഉദ്ഘാടനം. എറണാകുളം ആർച്ച് ബിഷപ് (പിന്നീട് കാർഡിനൽ) മാർ ജോസഫ് പാറേക്കാട്ടിൽ പിതാവ് സെമിനാരി

malankaralibrary.com

കെട്ടിടം വെഞ്ചരിച്ചു. അതിനുശേഷം സെമിനാരിയിലെ താല്ക്കാലിക കപ്പേളയിൽ അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവ്, പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ കുർബാന അർപ്പിച്ചു. ആദ്യത്തെ അദ്ധ്യയനവർഷം 41 വൈദിക വിദ്യാർത്ഥികൾക്ക് സെമിനാരിയിൽ പ്രവേ



A view of St. Thomas Apostolic Seminary, Vadavathoor

malankaralibrary.com

ശനം നല്കി. 1968 ഫെബ്രുവരി 25-ാം തീയതി പൂർണ്ണതയിലെത്തിയ സെമിനാരിയുടെ ഔപചാരികമായ ഉദ്ഘാടനം മാക്സ്മില്യൻ കർദ്ദിനാൾ ഫുർസ്റ്റൺബർഗ് നിർവഹിച്ചു. അതേ വർഷം ഡിസംബർ 18-ന് ആദ്യ ബാച്ച് വൈദികാർത്ഥികൾക്ക് സീറോ മലബാർ സഭയിലെ വിവിധ രൂപതാദ്ധ്യക്ഷന്മാർ സംയുക്തമായി വൈദിക പട്ടം നല്കി. 1967-ൽ മോൺസിഞ്ഞോർ പദവി നല്കി പരി. സിംഹാസനം ബഹു. കുര്യച്ചന്റെ സഭാത്മകപ്രവർത്തനങ്ങളെ ആദരിച്ചു.

1970 മെയ് ഒന്നാം തീയതി ബഹു. വഞ്ചിപ്പുരയ്ക്കലച്ചനെ പാലാ രൂപതയുടെ പ്രോ-വികാരി ജനറാളായി നിയമിച്ചു. രൂപതയ്ക്കാവശ്യമായ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും യഥാകാലം ഉചിതമായ രീതിയിൽ ആരംഭിക്കുന്നതിൽ ബ. അച്ചൻ ക്രിയാത്മകമായ പങ്കുവഹിച്ചു. പാലായിലെ പ്രശസ്ത കോളേജുകളുടെ മാനേജരുമായിരുന്നു അദ്ദേഹം. 1977-ൽ ഡൊമെസ്റ്റിക്ക് പ്രിലേറ്റ് (Domestic Prelate) എന്ന ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു. 1981 ഏപ്രിൽ 11 ന് ബഹു. കുര്യച്ചൻ രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് ആയി നിയമിതനായി. 1991 ഫെബ്രുവരി 8-ാം തീയതി പാലാ രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ഔദ്യോഗിക സ്ഥാനത്തുനിന്നു വിരമിച്ച് വിശ്രമ ജീവിതം ആരംഭിച്ചു. ഏതാനും വർഷങ്ങൾ കുമ്മണ്ണൂർ വൈദിക മന്ദിരത്തിലും പിന്നീട് മുട്ടുചിറ ആശുപത്രിക്കടുത്തുള്ള വി. ജോൺ വിയാനി വൈദിക മന്ദിരത്തിലും താമസിച്ചു. വാർദ്ധക്യസഹജമായ രോഗങ്ങളെ തുടർന്ന് 2000 ജൂൺ 15-ാം തീയതി നിത്യതയുടെ തീരത്തേക്ക് അദ്ദേഹം യാത്രയായി.

സുവിശേഷാധിഷ്ഠിതമായ ജീവിത വീക്ഷണവും ആത്മജ്ഞാനഭരിതമായ ധാർമ്മിക ദർശനങ്ങളും കൈമുതലാക്കി, വടവാതൂർ സെമിനാരിയുടെ പ്രഥമ റെക്ടർ എന്ന നിലയിൽ ഒരു മേജർ സെമിനാരിയെ ആരംഭദിശയിൽനിന്ന് വളർത്തിയെടുത്ത ബഹു. മോൺ. വഞ്ചിപ്പുരയ്ക്കലച്ചന്റെ നിസ്തുല സേവനം സീറോ-മലബാർ സഭ എന്നും നന്ദിയോടെ, ആദരവോടെ, അനുസ്മരിക്കും എന്നതിൽ സംശയമില്ല.

☆

malankaralibrary.com



Staff and students of 1962-63 with Archbishop Robert Knox,
Internuncio to India

malankaralibrary.com

# മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരക്കൽ അനുസ്മരണം

**മോൺ. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ**



ഏവർക്കും പ്രിയങ്കരനായിരുന്ന മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരക്കൽ ഓർമ്മയായിട്ട് വർഷങ്ങൾ പിന്നിട്ടെങ്കിലും അദ്ദേഹം തന്റെ ശിഷ്യന്മാരുടെ മനസ്സുകളിൽ ഇന്നും ജീവിക്കുന്നു. അദ്ദേഹത്തിന്റെ വിലപ്പെട്ട സേവനങ്ങളും നേട്ടങ്ങളും വരുംതലമുറയ്ക്ക് അജ്ഞാതമായിരിക്കുവാൻ പാടില്ല. ഈ ഉൽക്കടമായ ആഗ്രഹത്തിന്റെ പരിണിതഫലമാണ് ഈ സ്മരണിക. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുവാൻ ഞാൻ ഒരുമ്പെടുന്നില്ലെങ്കിലും ഞാനറിയുന്ന ബഹുമാനപ്പെട്ട മോൺസിഞ്ഞോർ അച്ചനെ അനുസ്മരിക്കുക മാത്രമാണ് ലക്ഷ്യം.

ഇടവകയിൽ അജപാലകനായും പാലാ രൂപതയിൽ വേദപാഠ വകുപ്പിന്റെ ഡയറക്ടർ ആയും പിന്നീട് വികാരി ജനറൽ ആയും വടവാതൂർ സെമിനാരിയിലെ ആദ്യ വൈസ് റെക്ടർ ആയും തുടർന്ന് റെക്ടർ ആയും അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ മുതിർന്ന തലമുറക്കെങ്കിലും അജ്ഞാതമല്ല. എന്റെ ചെറുപ്രായത്തിൽ അദ്ദേഹത്തെ ഞാൻ പരിചയപ്പെടുന്നത് പാലാ വലിയപള്ളിയിലെ അസ്തേന്തി ആയിട്ടാണ്. പള്ളിനടയിൽ കുട്ടികളെ ചുറ്റുമിരുത്തി സംസാരിക്കുകയും കളിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്ന ഏറ്റവും പ്രിയങ്കരനായിരുന്ന കൊച്ചച്ചൻ.

വേദപാഠഡയറക്ടർ എന്ന നിലയിൽ വേദപാഠാധ്യാപന മണ്ഡലത്തിൽ പുതിയ കാഴ്ചപ്പാടുകൾ നൽകുവാനും ഫലപ്രദവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും അദ്ദേഹം മുൻകൈയെടുത്തു. വേദപാഠ അധ്യാപകർക്ക് പരിശീലനം നൽകുവാനും അവർക്കും മുതിർന്ന കുട്ടികൾക്കുമായി സെമിനാറുകളും

malankaralibrary.com

മറ്റു വിവിധ പരിപാടികളും സംഘടിപ്പിക്കുവാനും അദ്ദേഹം മുൻകൈയെടുത്തു. അദ്ദേഹത്തിന്റെ മികച്ച പ്രവർത്തനപരിചയവും കഴിവുകളും ആണ് വടവാതൂർ സെമിനാരിയുടെ ആദ്യ വൈസ് റെക്ടർ ആയി അദ്ദേഹത്തെ നിയമിക്കുവാൻ കാരണമായത്. ആദ്യ റെക്ടർ ഒരു ഈശോസഭ വൈദികൻ ആയിരിക്കണമെന്ന് സീറോ മലബാർ ഹായരാർക്കിയുടെ ചിന്താഗതി മൂലമാണ് അദ്ദേഹത്തെ റെക്ടറായി നിയമിക്കാതിരുന്നത്. സെമിനാരി റെക്ടർ ഈ സഭയിലെ തന്നെ വൈദികൻ ആയിരിക്കണമെന്ന് പൗരസ്ത്യ തിരുസംഘത്തിന്റെ തീരുമാനംമൂലം അദ്ദേഹം പിന്നീട് റെക്ടർ ആയി ഉയർത്തപ്പെടുകയും മോൻസിഞ്ഞോർ പദവി നൽകി ബഹുമാനിക്കപ്പെടുകയും ചെയ്തു.

1962 ജൂലൈ മൂന്നാം തീയതി തോമാശ്ലീഹായുടെ ദുക്റാന തിരുനാളിൽ സീറോ മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാന ചൊല്ലി ഉദ്ഘാടനം ചെയ്തുകൊണ്ടാണ് സെമിനാരി ആരംഭിച്ചത്. സെമിനാരി തുടങ്ങുന്നത് 41 വൈദിക വിദ്യാർഥികളെയും നാല് സ്റ്റാഫ് അംഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ്. ഇത്രയും പേർക്കുള്ള സൗകര്യങ്ങൾ മാത്രമേ അന്ന് അവിടെ ഉണ്ടായിരുന്നുള്ളൂ. സെമിനാരിയുടെ പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരുന്നതിനാൽ കൽപ്പണിക്കാരുടെയും ആശാരിമാരുടെയും ലോഡ് കയറ്റി ഇറക്കുന്നവരുടെയും ആരവങ്ങളുടെ ഇടയിലായിരുന്നു ഞങ്ങളുടെ ജീവിതം. എല്ലാ പ്രവർത്തനങ്ങളും അവയുടെ പൂർണ്ണതയിൽ നിർവഹിക്കപ്പെടണമെന്നും മികച്ച നിലവാരത്തിൽ കെട്ടിടങ്ങൾ പണിയപ്പെടണമെന്നും അദ്ദേഹത്തിന് താല്പര്യം ഉണ്ടായിരുന്നതുകൊണ്ട് ഉടമസ്ഥന്റെ റോൾ ആയിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം സ്വഭാവത്താൽ ഒരു പെർഫെക്ഷനിസ്റ്റ് ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ കണ്ണുകൾ പതിയാതിരുന്ന ഒരു സ്ഥലവും ഉണ്ടായിരുന്നില്ല. സെമിനാരിയുടെ ഓരോ കല്ലിനും അദ്ദേഹത്തെപ്പറ്റി വാചാലമായി പ്രസംഗിക്കാൻ ഉണ്ടാവും.

തത്വശാസ്ത്രം മൂന്നാംവർഷം ബീഡിൽആയും ദൈവശാസ്ത്രം നാലാംവർഷം ജനറൽ പ്രീഫെക്റ്റായും പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചതിനാൽ അദ്ദേഹത്തെ കൂടുതൽ അടുത്ത് അറിയുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുവാനുമുള്ള അവസരം ലഭിച്ചു. ഓരോ ദിവസവും പ്രഭാതഭക്ഷണത്തിനുശേഷം അദ്ദേഹത്തിന്റെ മുറിയിൽ ചെന്ന്

malankaralibrary.com

അതാതു ദിവസം ചെയ്യേണ്ട കാര്യങ്ങൾ എന്തെന്ന് നിർദ്ദേശം സ്വീകരിക്കേണ്ടിയിരുന്നു അതുകൊണ്ട് അദ്ദേഹത്തിന്റെ താത്പര്യങ്ങളും ആഗ്രഹങ്ങളും വ്യഗ്രതകളും എന്തായിരുന്നുവെന്ന് തിരിച്ചറിയുവാൻ എനിക്ക് പ്രയാസമുണ്ടായില്ല.

സെമിനാരിക്കാർ ഓരോരുത്തരുടെയും ക്ഷേമത്തെ പറ്റി അദ്ദേഹം ആരാഞ്ഞു കൊണ്ടിരിക്കുകയും സഹായം ആവശ്യമുള്ളവർക്ക് യഥാസമയം അതു നൽകുകയും ചെയ്തിരുന്നു. ഉദാഹരണമായി ആരെങ്കിലും രോഗിയാണെന്ന് അറിഞ്ഞാൽ അദ്ദേഹത്തിന്റെ അടുത്ത് ഓടിയെത്തുകയും എന്തെല്ലാം സഹായമാണ് വേണ്ടതെന്ന് ആരായുകയും ചെയ്തിരുന്നു. സെമിനാരിയുമായി ബന്ധപ്പെട്ട ആശുപത്രികളിലെ ഡോക്ടർമാരെ അത്താഴത്തിനായി ക്ഷണിച്ചുവരുത്തി ആദരിക്കുന്ന ഒരു പതിവ് അന്നുണ്ടായിരുന്നു.

എന്റെ ചില വ്യക്തിപരമായ അനുഭവങ്ങൾ ഞാൻ അനുസ്മരിക്കട്ടെ. എന്റെ പിതാവിന്റെ സഹോദരൻ ഒരു വൈദികനായിരുന്നു. അദ്ദേഹത്തിന്റെ പേര് മാത്യു എന്നായിരുന്നു. വിശുദ്ധ മത്തായിയുടെ തിരുനാൾ ദിവസം എന്നെ വിളിച്ച് അദ്ദേഹത്തിന് തിരുനാൾ മംഗളങ്ങൾ നേർന്നോ എന്ന് ആരായുകയും ചെയ്തിരുന്നു. സെമിനാരിയിൽ വലിയ സൗകര്യങ്ങൾ ഇല്ലായിരുന്നുവെങ്കിലും വിനോദത്തിനായി കലാപരിപാടികൾ കൂടെക്കൂടെ സംഘടിപ്പിക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചിരുന്നു. ആരെയും വേദനിപ്പിക്കാതെ മറ്റുള്ളവരെപ്പറ്റി ഫലിതങ്ങൾ പറയുവാനുള്ള സ്വാതന്ത്ര്യം അദ്ദേഹം നൽകിയിരുന്നു. ആണ്ടിൽ ഒരിക്കൽ ഒരു ഷേക്സ്പിയർ നാടകമെങ്കിലും വളരെ ഒരുങ്ങി നടത്തുന്നതിന് അദ്ദേഹം മുൻകൈയെടുത്തിരുന്നു. അതിനുള്ള നടന്മാരെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതിനു കഴിവുള്ള ആരെയെങ്കിലും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അങ്ങനെ പല നാടകങ്ങളിലും പ്രധാന വേഷമണിയുവാനുള്ള അവസരം എനിക്ക് ലഭിച്ചിരുന്നു.

ചരിത്രരേഖകളുടെ പ്രാധാന്യം അദ്ദേഹം വളരെ മനസ്സിലാക്കിയിരുന്നു. ചരിത്ര സ്മാരകങ്ങളും ചരിത്രരേഖകളും സൂക്ഷിക്കുന്നതിനും മുൻകാലങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ല. അതുകൊണ്ട് പല പ്രധാന ചരിത്രരേഖകളും നമുക്ക് നഷ്ടമായി. ഈ കുറവിനെപ്പറ്റി അദ്ദേഹം സംസാരിക്കുമായിരുന്നു. തന്റെ കീഴിലുള്ള സ്ഥാപനത്തിന് അത് സംഭവിക്കരുതെന്ന് അദ്ദേഹത്തിന് നിർബന്ധം ഉണ്ടായിരുന്നു. സെമിനാരിയിലെ അനുദിനസംഭവങ്ങൾ ശരിയായി രേഖപ്പെടുത്തു

malankaralibrary.com

ന്നതിനുള്ള ക്രോണിക്കിൾ എഴുതുവാൻ ആളെ ചുമതലപ്പെടുത്തിയിരുന്നു. ഒരു അവസരത്തിൽ ഈ ലേഖകൻ അതിനായി നിയോഗിക്കപ്പെട്ടിരുന്നതുകൊണ്ട് ഏതെങ്കിലും ഒരു സംഭവം കഴിഞ്ഞാൽ അതു രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് അദ്ദേഹം എന്നോട് ആരായുകയും ചെയ്തിരുന്നു.

പൗരസ്ത്യസഭകളെ പറ്റിയും പൗരസ്ത്യസഭയായ സീറോ മലബാർസഭയുടെ പൗരസ്ത്യ സ്വഭാവത്തെപ്പറ്റിയും അറിവ് കുറവായിരുന്ന ഒരു കാലത്താണല്ലോ സെമിനാരി പ്രവർത്തനം ആരംഭിക്കുന്നത്. മലബാർ സഭയിലെ എല്ലാ വൈദികരും മെത്രാന്മാരും സെമിനാരിപരിശീലനം നേടിയിരുന്നത് ലത്തീൻ സ്ഥാപനങ്ങളിൽ ആയിരുന്നു. ആ കാലത്ത് അധ്യാപകർ അധികവും ലത്തീൻ വിഷയങ്ങൾ മാത്രം പഠിക്കുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്തിരുന്നവരാണ്. സ്വാഭാവികമായും വടവാതൂർ സെമിനാരിയിലെ അധ്യാപകരും ആ കൂട്ടത്തിൽപെടും. എങ്കിലും ആ കാലത്ത് വൈദികവിദ്യാർത്ഥികളിൽ സീറോ മലബാർ സഭയുടെ പൗരസ്ത്യസ്വഭാവത്തെ കുറിച്ചുള്ള അറിവ് നൽകുന്നതിനും അതിൽ മതിപ്പ് ജനിപ്പിക്കുന്നതിലും അദ്ദേഹം വിജയിച്ചു. മാർ തോമാ സ്ലീവാ ഉപയോഗിച്ച് തുടങ്ങുന്നതിന് മുമ്പുതന്നെ പള്ളിയുടെ മദ്ബഹയിൽ അത് അദ്ദേഹം സ്ഥാപിച്ചത് അഭിനന്ദനങ്ങൾ അർഹിക്കുന്നതാണ്.

ഫോട്ടോഗ്രാഫി അദ്ദേഹത്തിന്റെ ഇഷ്ടവിനോദം ആയിരുന്നു. എല്ലാ വിശേഷാവസരങ്ങളിലും പരിപാടികളുടെ ഫോട്ടോയെടുത്ത് അതു സൂക്ഷിക്കുമായിരുന്നു. സാധിക്കുമെങ്കിൽ തനിയെ ആണ് അദ്ദേഹം ഫോട്ടോ എടുത്തിരുന്നത്. വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന 200 അടിയിൽ അധികം ഉയരമുള്ള ടവറിന്റെ മുകളിൽ കയറി സെമിനാരി കെട്ടിടങ്ങളുടെയും സമീപപ്രദേശങ്ങളുടെയും ഫോട്ടോ എടുക്കുന്നത് കണ്ടിട്ടുണ്ട്.

സെമിനാരി ചാപ്പലിന്റെ വെഞ്ചിരിപ്പ്, ആദ്യബാച്ചിന്റെ പട്ടം, എന്നിവയ്ക്കുശേഷം അദ്ദേഹം 1969-ൽ സെമിനാരിയോട് വിട പറഞ്ഞു. അദ്ദേഹത്തെ പറ്റിയുള്ള സ്മരണയുടെ മുമ്പിൽ സ്നേഹപൂർവം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

malankaralibrary.com

# ആരെയും ഇകഴ്ത്തി കാണാതിരുന്ന ബഹുമാനപ്പെട്ട കുര്യച്ചൻ വഞ്ചിപ്പുരയ്ക്കൽ

**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**



ഞാൻ കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ രണ്ടാമത്തെ ബാച്ചിൽപ്പെടുന്നു. ഫിലോസൊഫി പഠന കാലമായ മൂന്നു വർഷങ്ങളാണ് ഞാനവിടെ ചെലവഴിച്ചത്. അതൊരു നല്ല കാലമായിരുന്നു.

1964-ലെ ബോംബെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസിനുശേഷം വിദേശിയരായ മെത്രാന്മാരും വൈദികരും സെമിനാരി സന്ദർശിക്കുകയുണ്ടായി. അതിൽ ഏറ്റം ആദ്യം ഓർമ്മയിൽ വരുന്നത് കാർഡിനൽ ജോസഫ് സ്ലിപ്പിയാണ്. യുക്രേനിയൻ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന അദ്ദേഹം സോവ്യറ്റ് തടങ്കലിൽ നിന്ന് മോചിതനായിട്ട് അധികകാലം ആയിരുന്നില്ല.

സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ ഭാഗത്ത് രണ്ടാം നിലയിൽ നല്ല പൊക്കമുള്ള രണ്ട് വിദേശ വൈദികരുമായി സംസാരിച്ചുനിൽക്കുന്ന റെക്ടറച്ചനെ ഞങ്ങൾ കുറേപ്പേർ സകൗതം വീക്ഷിക്കുകയായിരുന്നു. ഉയരം കുറഞ്ഞ റെക്ടറച്ചന് അവരോട് സംസാരിക്കുവാനായി എപ്പോഴും മേൽപ്പോട്ട് നോക്കണമായിരുന്നു. ആരോടായാലും മുഖത്തുനോക്കി സംസാരിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട റെക്ടറച്ചൻ തന്നെയാണ് പെരുമാറ്റ മര്യാദകളിൽ ഒന്നായി ഞങ്ങളെ പഠിപ്പിച്ചത്. 'For talking to us your Rector has to look up to us always' എന്ന് സായിപ്പച്ചന്മാർ ഞങ്ങളെ നോക്കിപ്പറഞ്ഞു. ഞങ്ങളുടെ റെക്ടറച്ചൻ ബഹു

malankaralibrary.com

മാനപ്പെട്ട കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചന്റെ പ്രതികരണം ഉടനടി വന്നു. 'Since I am short I do not have to look down on any one'. അത് ബഹുമാനപ്പെട്ട കുര്യച്ചന്റെ ഒരു സ്വഭാവവൈശിഷ്ട്യം തന്നെയായിരുന്നു.

ബുദ്ധി വൈഭവത്തിലും കർമ്മചാതുരിയിലും എല്ലാം ഏറെ ഉന്നതയിൽ ആയിരുന്ന അദ്ദേഹം തന്റെ വിദ്യാർത്ഥികളെ ഉൾപ്പെടെ ആരെയും ഒരിക്കലും ഇകഴ്ത്തി കണ്ടിരുന്നില്ല. ആരെയും അദ്ദേഹം പരിഹസിച്ചിരുന്നില്ല. 'കലഹം മൂലമോ വ്യർത്ഥാഭിമാനം മൂലമോ നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും വിനയത്തോടെ തന്റെ അയൽക്കാരനെ തന്നെക്കാൾ ശ്രേഷ്ഠനായി കരുതണം' (ഫിലി 2:3) എന്ന അപ്പസ്തോലവാക്യം ബഹുമാനപ്പെട്ട കുര്യച്ചൻ ആഴത്തിൽ ധ്യാനിച്ചിട്ടുണ്ടാവണം. വചനാധിഷ്ഠിതമായ ധ്യാനചിന്തകൾ പങ്കുവയ്ക്കുവാൻ ബഹുമാനപ്പെട്ട റെക്ടറച്ചന് പ്രത്യേക നൈപുണ്യമുണ്ടായിരുന്നു.

## ഓർമ്മകളിൽ തുടർ ജീവിതം

ബഹുമാനപ്പെട്ട വഞ്ചിപ്പുരയ്ക്കൽ കുര്യച്ചനെ നേരിൽ കാണുകയും അടുത്തിടപെടുകയും ചെയ്തവരുടെ എണ്ണം കുറഞ്ഞു വരികയാണ്. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താനായി ഒരു സ്മരണിക തയ്യാറാക്കുന്നത് ഏറ്റവും ഉചിതമാണ്. അതിനായി മുൻകൈ എടുത്തവർക്ക് അഭിനന്ദനം!

23 വർഷങ്ങൾക്ക് മുമ്പ് ജൂൺ മാസം 15-ാം തിയതി ബഹുമാനപ്പെട്ട കുര്യച്ചൻ ദിവംഗതനായപ്പോൾ: 'പാലാ രൂപത ഉള്ളിടത്തോളം കാലം, കോട്ടയം സെമിനാരി നിലനിൽക്കുന്നിടത്തോളം കാലം മോൺസിഞ്ഞോർ കുര്യച്ചന്റെ ദീപ്തസ്മരണ നിലനിൽക്കുമെന്നൊക്കെ പറഞ്ഞുകാണും. പക്ഷേ, നമുക്കറിയാം മറവി മനുഷ്യസഹജമാണെന്ന്. മനുഷ്യന്റെ ഓർമ്മയിലൂടെ നിലനിൽക്കുന്ന അമർത്യതയിലല്ല ബഹുമാനപ്പെട്ട കുര്യച്ചൻ ശരണപ്പെട്ടിരുന്നത്. എങ്കിലും അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുക എന്നത് ശിഷ്യഗണത്തിന്റെ കടമയാണ്.

## തനിമ

കോട്ടയം സെമിനാരി എന്നും വടവാതൂർ സെമിനാരി എന്നും പേരുകൾ വീണ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിക്ക്

malankaralibrary.com

തനിമയും അനന്യതയും കൈവരിക്കുവാൻ നാളേറെ വേണ്ടിവന്നില്ല. അതിന്റെ പിന്നിലെ ക്രാന്തദർശി അനാർഭാടനായി മന്ദസ്മിതത്തോടെ സെമിനാരിയിൽ നിറസാന്നിദ്ധ്യമായിരുന്ന റെക്ടറച്ചനല്ലാതെ മറ്റാരുമായിരുന്നില്ല. സെമിനാരിക്ക് പുറത്തുള്ള വേദികളിലും അദ്ദേഹം ശ്രദ്ധിക്കപ്പെട്ടിരുന്നു. സീറോമലബാർസഭയുടെ തനിമ കണ്ടെത്തേണ്ട ഭാരിച്ച ചുമതല കോട്ടയം സെമിനാരിയുടേതാണെന്ന പൊതുബോദ്ധ്യം സഭയിലാകമാനം നിലനിന്നിരുന്നു. മാർത്തോമ്മാ നസ്രാണികളുടെ ചില പുരാതന കലാരൂപങ്ങൾ പുനർജനിക്കുന്നതും അരങ്ങേറുന്നതും കാണാൻ ആദ്യകാല വിദ്യാർത്ഥികളായ ഞങ്ങൾക്കു കഴിഞ്ഞു. ഇതിനു പുറമേ ചില നാടകങ്ങളും സ്കിറ്റുകളുമെല്ലാം വിദ്യാർത്ഥികൾക്ക് ആഹ്ളാദവും ഉത്സാഹവും ഉന്മേഷവും പകർന്നു നൽകി. സ്റ്റേജിൽ വരുന്ന ഹാസ്യ നടന്മാർക്ക് പ്രൊഫസറന്മാരെ ഉൾപ്പെടെ കളിയാക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു!

Better World Movement-ന്റെ ഭാഗമായി അതിന്റെ സ്ഥാപകൻ റിക്കാർദോ ലൊമ്പാർദിയുടെ നേതൃത്വത്തിൽ സെമിനാരിയിൽ വെച്ച് വിവിധ രൂപതകളിൽ നിന്ന് തിരഞ്ഞെടുത്ത യുവവൈദികർക്കായി ഒരു സെമിനാർ ഉണ്ടായിരുന്നു. അവർക്കുവേണ്ടി പരിചമുട്ടുകളി ഉൾപ്പെടെയുള്ള പരിപാടികൾ അവതരിപ്പിച്ചും ഫാദർ ലൊമ്പാർദിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരും ചേർന്ന് Allouette, Allouette, Chantez l' allouette എന്ന രസകരമായ ഫ്രഞ്ചുഗാനം അവതരിപ്പിച്ചു. അപ്പോൾ തന്നെ അതിനൊരു മലയാളം പാരഡി ഉണ്ടായി. 'ആടു പെറ്റേ, ആടു പെറ്റേ, ശാന്തയുടെ ആടു പെറ്റേ' എന്നതായിരുന്നു ആ പാരഡി. സെമിനാരിയിൽ എത്ര രസകരമായ അന്തരീക്ഷമാണ് നിലനിന്നിരുന്നത് എന്ന് ഓർമ്മിപ്പിക്കുവാനാണ് ഞാനിത് കുറിക്കുന്നത്.

## അദ്ധ്യാപകൻ

ഫിലോസഫി പഠനം ഞാൻ ഓർത്തെടുക്കുകയാണ്. Philosophia est Scientia Omnium rerum per ultimas causas എന്ന നിർവചനം ഞാൻ ഓർക്കുന്നു. ഫിലോസഫിയിൽ ഏറ്റം കട്ടിയായ വിഷയം Metaphysics ആണ്. ബഹുമാനപ്പെട്ട കുര്യച്ചൻ ഈ വിഷയം അനായസേന രസകരമായ വിധം ഞങ്ങളെ പഠിപ്പിച്ചത് ഞാനോർമ്മിക്കുന്നു. സെമിനാരിയുടെ ആദ്യവർഷങ്ങളിൽ ഞങ്ങളെ പഠിപ്പിച്ച മറ്റദ്ധ്യാപകരെയും നന്ദിയോടെ ഞാനോർക്കുന്നു.

malankaralibrary.com

നന്നായി പഠിപ്പിക്കുകയും പരീക്ഷകൾ വഴി പഠിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. ബഹു. പോൾ മറോക്കിയച്ചൻ എടുത്ത സയൻസ് ക്ലാസുകളിൽ ഐൻസ്റ്റയിന്റെ ആപേക്ഷിക സിദ്ധാന്തം വരെ പഠിക്കുവാനുണ്ടായിരുന്നു. വലിയ അവധിക്കാലം കുറച്ചു വെട്ടിച്ചുരുക്കി ഇംഗ്ലീഷിന് എസ്.ബി. കോളജിലെ അഗസ്റ്റിൻ സാറും മലയാളത്തിന് പാലാ കോളജിൽനിന്ന് സെബാസ്റ്റ്യൻ സാറും വന്ന് ക്ലാസുകൾ എടുത്തത് ഞാൻ ഓർമ്മിക്കുന്നു. ഇതെല്ലാം ബഹുമാനപ്പെട്ട കുര്യച്ചന്റെ തലയിലുദിച്ച പദ്ധതികളുടെ ഭാഗമായിരുന്നു. സെമിനാരിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട കുര്യച്ചൻ എന്തെല്ലാം പ്ലാനുകൾ മനസ്സിൽ താലോലിച്ചിട്ടുണ്ടാകും. ആ മനസ്സ് ആശയങ്ങളുടെ അതുല്യ ഭണ്ഡാഗാരമായിരുന്നു.

## എക്യുമിനിസം

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സുപ്രധാന നീക്കങ്ങളിലൊന്നായിരുന്നു എക്യുമിനിസം. ഇതെങ്ങനെ കോട്ടയത്തു നടപ്പിലാക്കാമെന്ന് ബഹുമാനപ്പെട്ട കുര്യച്ചൻ ചിന്തിച്ചിരുന്നു. അന്നത്തെ കാതോലിക്കാ ബാവാ പരിശുദ്ധ ബസേലിയോസ് മാർ ഔഗൻ പ്രഥമൻ 'ദേവലോകത്തുനിന്ന്' വടവാതൂരെത്തിയതും ഞാൻ ഓർക്കുന്നു. സഭാ ഐക്യവാര പ്രാർത്ഥനകളിൽ കോട്ടയത്തു പഴയ സെമിനാരിയിൽ പോയി പങ്കെടുത്തതും എന്റെ ഓർമ്മയിൽ വരുന്നുണ്ട്. ഇവയെല്ലാം സെമിനാരിയുടെ വളർച്ചയുടെ നാഴികക്കല്ലുകളായിരുന്നു എന്ന് ഇന്ന് പിന്നോട്ട് നോക്കുമ്പോൾ മനസ്സിലാകുന്നു. ഇതിനെല്ലാം നേതൃത്വം നൽകിയ റെക്ടറച്ചനെ അനുസ്മരിക്കുന്നു.

## ബഹുമുഖപ്രതിഭ

സെമിനാരി കെട്ടിടത്തിന്റെ പണികൾ പൂർത്തിയാകുന്നതേ ഉണ്ടായിരുന്നുള്ളു. ലൈബ്രറിയിലേക്ക് ഇടവക വികാരിമാരിൽ നിന്ന് പുസ്തകങ്ങൾ ശേഖരിക്കുക എന്നൊരു പദ്ധതി നടപ്പിലാക്കിയത് എന്റെ ഓർമ്മയിൽ വരുന്നു. ബഹുമാനപ്പെട്ട കുര്യച്ചന്റെ അഭ്യർത്ഥന ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഗൗരവത്തോടെ കാണുകയും ധാരാളം ഗ്രന്ഥങ്ങൾ സംഭാവന ചെയ്യുകയും ഉണ്ടായി.

ഔദ്യോഗികമായും അനൗദ്യോഗികമായും മെത്രാന്മാർ സെമിനാരി സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട റെക്ടറച്ചൻ അവരോട് പ്രകടിപ്പിച്ചിരുന്ന സ്നേഹാദരവുകൾ തികച്ചും സ്വാഭാവികവും അകൃത്രിമവുമായിരുന്നു.

malankaralibrary.com

സെമിനാരി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നതിനോടൊപ്പം ഫലവൃക്ഷങ്ങളും പൂച്ചെടികളും മറ്റും വച്ചു പിടിപ്പിക്കുവാനും കളിസ്ഥലങ്ങൾ ഒരുക്കുവാനും റെക്ടറച്ചൻ മുൻകൈ എടുത്തിരുന്നു.

ഊർജസ്വലനായ ഞങ്ങളുടെ റെക്ടറച്ചൻ സെമിനാരിയുടെ ഫോട്ടോ എടുക്കാനായി വാട്ടർ ടാങ്കിന്റെ ഉച്ചിയിൽ നിൽക്കുന്നതും ഗാർഡനിലെ ലില്ലി പൂത്തപ്പോൾ നിലംപറ്റിക്കിടന്ന് അതിന്റെ ഫോട്ടോ പകർത്തുന്നതുമൊക്കെ ഞങ്ങൾ കൗതുകത്തോടെ നോക്കി നിന്നിട്ടുണ്ട്. അന്നെടുത്ത ലില്ലിപ്പൂവിന്റെ ചിത്രത്തിന് സെമിനാരി കെട്ടിടത്തെക്കാളും ഉയരം തോന്നുമായിരുന്നു.

മറ്റൊരുകാര്യം കുടി പറയട്ടെ. ബഹുമാനപ്പെട്ട കുര്യച്ചൻ ഒരു നല്ല നേഴ്സ് ആയിരുന്നു. മാതൃതുല്യമായ പരിചരണം രോഗികളാകുന്നവർക്ക് ലഭിച്ചിരുന്നു. എത്രകാലം ദീർഘിക്കുന്ന ചികത്സയാണെങ്കിലും ആരെയും അതിനായി വീട്ടിലേക്കയച്ചിരുന്നില്ല. ആസ്പത്രിയിൽ ഒപ്പം നിൽക്കാൻ സഹപാഠികൾതന്നെയാണ് പോയിരുന്നത്. ഓരോരുത്തർക്കും വന്ന രോഗവും അതിനു ചെയ്ത ചികത്സയുമൊക്കെ വർഷങ്ങൾ പിന്നിട്ട ശേഷവും ബഹുമാനപ്പെട്ട കുര്യച്ചന്റെ ഓർമ്മയിലുണ്ടായിരുന്നു.

ബഹുമാനപ്പെട്ട വഞ്ചിപ്പുരയ്ക്കലച്ചന്റെ ദീർഘകാല സഹപ്രവർത്തകനും കാലാന്തരത്തിൽ അദ്ദേഹത്തിന്റെ പിൻഗാമിയുമായിരുന്ന റവ. ഡോ. ജോസഫ് കോയിക്കക്കുടിയച്ചൻ ബഹുമാനപ്പെട്ട കുര്യച്ചനെപ്പറ്റി പറഞ്ഞ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ: "സെമിനാരിയിൽ കുടുംബാന്തരീക്ഷം വളർത്തുവാനും ശിക്ഷണത്തിൽ ഉന്നത നിലവാരം പുലർത്തുവാനും പൗരസ്ത്യമായ ഒരു വീക്ഷണവും ആഭിമുഖ്യവും സെമിനാരിക്ക് നല്കുവാനും വഞ്ചിപ്പുരയ്ക്കലച്ചൻ ചെയ്തിട്ടുള്ള സേവനം കൃതജ്ഞതയോടുകൂടി മാത്രമേ ഓർമ്മിക്കുവാൻ കഴിയൂ" (വർഗീസ് കാഞ്ഞിരത്തുങ്കൽ, മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ, 2008, 85). ബഹുമാനപ്പെട്ട കുര്യച്ചന് രണ്ടാമതൊരു മോൺസിഞ്ഞോർ സ്ഥാനം കിട്ടിയപ്പോൾ 'പൊന്നിൻ കുരിശെന്തിനാ സ്വർണ്ണം പൂശുന്നതെന്ന്' ഒരു ഫലിതം ഞാൻ പറഞ്ഞത് അദ്ദേഹം ആസ്വദിച്ചു.

നമ്മുടെ മാതാപിതാക്കളും ഗുരുഭൂതരുമൊക്കെ ഈ ലോകത്തോട് യാത്ര പറഞ്ഞു കഴിയുമ്പോൾ അവരോട് പറയാൻ ബാക്കി

malankaralibrary.com

വെച്ച പല കാര്യങ്ങളും മനസ്സിനെ മഥിക്കും. തിയോളജി പഠനത്തിന് റോമിന് പോകാൻ സാധിച്ചതും തിരികെവന്നപ്പോൾ അഭിവന്ദ്യ വയലിൽ പിതാവിന്റെയും സഹായ മെത്രാൻ പള്ളിക്കാപ്പറമ്പിൽ പിതാവിന്റെയും സെക്രട്ടറിയായി എന്നെ നിയമിച്ചതുമൊക്കെ ബഹുമാനപ്പെട്ട കുര്യച്ചന്റെ അഭിപ്രായപ്രകാരമായിരിക്കണം. ആ കടപ്പാട് കൃത്യമായി അച്ചനോട് പ്രകടിപ്പിച്ചില്ലെന്ന് ഞാൻ ഇപ്പോൾ വിചാരിക്കുന്നു. ക്ലാസെടുക്കാനും സെമിനാറിന് പേപ്പർ അവതരിപ്പിക്കാനുമൊക്കെ ബഹുമാനപ്പെട്ട കുര്യച്ചൻ എന്നെ വിട്ടുനോക്കി. അതൊന്നും എനിക്കു പറ്റിയതല്ലെന്ന് ഞാൻ വിജയകരമായി തെളിയിച്ചു!

ഇടവകയിൽ സേവനം ചെയ്യാനുള്ള എന്റെ ആഗ്രഹം അഭിവന്ദ്യ വയലിൽ പിതാവിന്റെ പക്കൽ അവതരിപ്പിച്ചതും ബഹുമാനപ്പെട്ട കുര്യച്ചനാണ്. എല്ലാറ്റിനും നന്ദി പ്രകാശിപ്പിക്കുന്നു.

☆



**ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ പരിശുദ്ധ പിതാവ് യോഹന്നാൻ ഇരുപത്തിമൂന്നാമൻ മാർപാപ്പായോടൊത്ത്. സമീപത്ത് മാർ സെബാസ്റ്റ്യൻ വയലിൽ, ഫാ. ജേക്കബ് കട്ടയ്ക്കൽ, ബ്രദർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ബ്രദർ ജോസഫ് പാറൻകുളങ്ങര, ഫാ. ജോസഫ് വലിയമംഗലം എന്നിവരോടൊപ്പം.**

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ

**ഫാ. ജോസ് ആലഞ്ചേരി**



വടവാതൂർ സെമിനാരിയിൽ ആദ്യം വൈസ്റെക്ടറായും പിന്നീട് റെക്ടറായും ശുശ്രൂഷ ചെയ്ത മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ വളരെ കഴിവുള്ള ഒരു വൈദികനായിരുന്നു. ഞങ്ങൾ വടവാതൂർ സെമിനാരിയിൽ ആയിരുന്ന കാലമത്രയും അദ്ദേഹമായിരുന്നു റെക്ടറുടെ ചുമതലകൾ നിർവഹിച്ചിരുന്നത്. അധികാരത്തിന്റെ ചെങ്കോൽ അദ്ദേഹം ഒരിക്കൽപോലും ഉപയോഗിച്ചിട്ടില്ല. പൊതുവെ സൗമ്യനും ശാന്തനുമായ കുര്യച്ചൻ (അങ്ങനെയാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്) അധികാരനിർവ്വഹണം നടത്തിയിരുന്നത് സ്നേഹത്തോടെയാണ്. അതു പലതരത്തിലുള്ള പ്രയാസങ്ങൾ അദ്ദേഹത്തിനും സമൂഹത്തിനും ഉളവാക്കിയിട്ടുണ്ട്.

എന്നെ ആകർഷിച്ച രണ്ടു പ്രധാനകാര്യങ്ങൾ, അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും പ്ലാനിംഗിലുള്ള വൈദഗ്ദ്ധ്യവുമാണ്. വളരെ കൊല്ലങ്ങൾ മുന്നിൽ കണ്ടാണ് അദ്ദേഹം എല്ലാം പ്ലാൻ ചെയ്തിരുന്നത്. സെമിനാരിയിലെ തോട്ടങ്ങളും മുറ്റവും ഡിസൈൻ ചെയ്തത് കുര്യച്ചനാണ്. അത്തരം കാര്യങ്ങളിൽ അദ്ദേഹത്തിനു പ്രത്യേക ചാതുര്യം ഉണ്ടായിരുന്നു. അതുപോലെ ഓരോന്നും കൂടെനിന്ന് ചെയ്യിക്കുമായിരുന്നു. തോട്ടത്തിൽ പണിയാൻ അദ്ദേഹവും കൂടെയിറങ്ങിയിരുന്നു.

സെമിനാരിക്കാരുടെ സമഗ്രവളർച്ച കുര്യച്ചന്റെ പ്രധാന ലക്ഷ്യമായിരുന്നു. ഇംഗ്ലീഷ് ഭാഷയിലും സാമ്പത്തികശാസ്ത്രം പോലെയുള്ള വിഷയങ്ങളിലും വേണ്ടത്ര അറിവ് ഭാവി വൈദികർക്കുണ്ടാ

malankaralibrary.com

കണമെന്ന ഉദ്ദേശത്തോടെയാണ് ചങ്ങനാശ്ശേരി എസ്.ബി. കോളജിലെ ഏറ്റം നല്ല അധ്യാപകരെ വരുത്തി പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ചത്. യോഗ, മാർഗ്ഗംകളി, ഗാനം മുതലായ ഇനങ്ങളിലും പരിശീലനവും ഞങ്ങൾക്കു ലഭിച്ചു. സ്വാതന്ത്ര്യദിനം, മാർത്തോമ്മാദിനം മുതലായ പ്രധാന അവസരങ്ങളിൽ വിവിധ തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പേരുകേട്ട ആളുകളെ വരുത്തി വലിയ മീറ്റിങ്ങുകൾ സംഘടിപ്പിച്ചിരുന്നത് പരിശീലനത്തിനുവേണ്ടിയും ആയിരുന്നല്ലോ. വൈദികവിദ്യാർത്ഥികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും കുര്യച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കുര്യച്ചൻ നല്ലൊരു റോൾമോഡൽ കൂടിയായിരുന്നു. ആരാധനക്രമം നിഷ്കർഷതയോടെ പാലിച്ചിരുന്നത് ഓർമ്മിക്കുന്നു. വി. കുർബാന അർപ്പണവും പ്രസംഗങ്ങളും ഉപദേശങ്ങളും വളരെ വിശ്വസ്തതയോടെ അച്ചൻ ചെയ്തിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ 'എല്ലാം തികഞ്ഞ ഒരു വൈദികൻ' എന്നു മനസ്സിൽ വരുന്നു. സെമിനാരിക്കുവേണ്ടി കുര്യച്ചൻ ജീവിച്ചു. ഇരുപത്തിനാല് മണിക്കൂറും അതിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുംവേണ്ടി അദ്ദേഹം ചിന്തിച്ചു; പണിചെയ്തു. അതാണ് അദ്ദേഹത്തിൽനിന്നു ഞാൻ പഠിച്ചത്. ഏല്പിക്കുന്ന ജോലിയിൽ നൂറു ശതമാനവും ആയിരിക്കുക; അതു വിശ്വസ്തതയോടെ ചെയ്യുക.

(Ref: ഡോ. ജോസ് ആലഞ്ചേരി, സ്പന്ദനങ്ങൾ,
അച്ചടി & പ്രസിദ്ധീകരണം, മധ്യസ്ഥൻ ബുക്സ്, ചങ്ങനാശ്ശേരി,
യൂദാപുരം, ഡിസംബർ 2018, പേജ് 403-404).

☆

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ പൗരസ്ത്യ വിദ്യാപീഠത്തിന്റെ അടിത്തറശില്പി

ഫാ. ജോൺ തോട്ടുപുറം



"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.... സകലത്തിന്റെയും നാഥാ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.... ഇതാണ് എന്റെ പ്രഭാത പ്രാർത്ഥന."

പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ചിന്തകൾ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്ന ഈ പ്രാർത്ഥന വടവാതൂർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി ഞാൻ ആദ്യമായി കടന്നുവന്ന ദിവസം, 1965 മെയ് 31-ന് എന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടതാണ്. അന്നു വൈകുന്നേരം 7 മണിക്ക് സെമിനാരി റെക്ടർ ബഹു. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചന്റെ ഒരു ആമുഖ സന്ദേശമുണ്ടായിരുന്നു, ഒന്നാം വർഷക്കാരായ ഞങ്ങൾക്കുവേണ്ടി.

## റെക്ടറച്ചന്റെ ഉൽകൃഷ്ടമായ ഉൾക്കാഴ്ചകൾ

ഒരു മണിക്കൂർ നീണ്ടു നിന്ന ആ ആമുഖസന്ദേശത്തിൽ അച്ചൻ പറഞ്ഞ കാര്യങ്ങൾ വെള്ളി നക്ഷത്രംപോലെ ഇന്നും ഞാൻ മനസ്സിൽ സൂക്ഷിക്കുകയാണ്. "നമ്മുടെ ഈ സെമിനാരി പൗരസ്ത്യ സഭയുടെ ഒരു പഠനശാലയാണ്. അതുകൊണ്ട് ഇവിടത്തെ എല്ലാ കാര്യങ്ങളിലും ഒരു പൗരസ്ത്യകാഴ്ചപ്പാട് ഉണ്ടായിരിക്കും". ചില കാര്യങ്ങൾ പ്രത്യേകം എടുത്തു പറഞ്ഞു "രാവിലെ എഴുന്നേൽക്കുന്നതിനുള്ള മണിയടിക്കുമ്പോൾ കമറാത്താ ബീഡിൽ (15 പേർ

malankaralibrary.com

ഉൾപ്പെടുന്ന dormitory യുടെ ലീഡർ) 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' എന്ന് ഉറക്കെ പ്രാർത്ഥിക്കും. അപ്പോൾ എല്ലാവരുംകൂടി "ആമേൻ" എന്നു മറുപടി പറയണം. ഉടനെ 'സകലത്തിന്റെയും നാഥാ' എന്ന പ്രാർത്ഥന ബീഡിലിനോടൊപ്പം എല്ലാവരും കൂടി ചൊല്ലും. ഇത്രയും ചൊല്ലി നിർത്തുമ്പോൾ ബീഡിൽ തനിച്ചു ചൊല്ലും 'കർത്താവേ അങ്ങേക്ക് നന്ദി പറയുന്നതു ഉത്തമമാകുന്നു, അത്യുന്നതാ അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും' ഉടനെ എല്ലാവരുംകൂടി ആവർത്തിക്കും "സകലത്തിന്റെയും നാഥാ...' ഇതാണ് എഴുന്നേൽക്കുമ്പോഴത്തെ പ്രഭാതപ്രാർത്ഥന. വർഷങ്ങൾക്കപ്പുറത്ത് കുര്യച്ചൻ ഹൃദയത്തിൽ വിതച്ച ആ പ്രഭാതപ്രാർത്ഥനയാണ് ഇന്നും ഞാൻ ആവർത്തിക്കുന്നത് എന്നു പറയുമ്പോൾ കുര്യച്ചനെക്കുറിച്ചുള്ള ദീപ്തസ്മരണകൾ മനസ്സിൽ നിറയുകയാണ്.

മറ്റൊരു കാര്യം പറഞ്ഞത് "നിങ്ങൾ ഇന്ന് ഉച്ചക്ക് ഊട്ടുമുറിയിൽ ചെന്നപ്പോൾ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന പ്രാർത്ഥന സുറിയാനി ഭാഷയിൽ ചൊല്ലികൊണ്ടാണല്ലോ ഭക്ഷണത്തിന് ഒരുങ്ങിയത്. നമ്മുടെ കർത്താവീശോമിശിഹായും ശ്ലീഹന്മാരും സംസാരിച്ചിരുന്ന ഭാഷയാണത്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ ഈ സുറിയാനി ഭാഷയിലുള്ള ആരാധനക്രമമാണ് നമ്മുടെ പൂർവ്വികർക്ക് കൈമാറിയത്. ഈ ഭാഷയിൽ പ്രാർത്ഥിച്ചിരുന്ന നമ്മുടെ കർത്താവിന്റെയും ശ്ലീഹന്മാരുടെയും ശൈലിയിലും മനോഭാവത്തിലുമാണ് നമ്മളും ആരാധനക്രമത്തിൽ വളരേണ്ടത്.

ഒടുവിലായി പറഞ്ഞത് "നിങ്ങൾ ഇന്ന് ഇവിടുത്തെ ചാപ്പലിൽ കയറിയപ്പോൾ ബലിവേദിയിലെ ഭിത്തിയിൽ സ്ഥാപിച്ചിരുന്ന 'കുരിശു' പ്രത്യേകം ശ്രദ്ധിച്ചു കാണും. പലരും ആദ്യമായിട്ടായിരിക്കും ഇത്തരം കുരിശ് കാണുന്നത്. ക്രൂശിക്കപ്പെട്ട കർത്താവിന്റെ രൂപം ഇല്ലാതെ നാല് അഗ്രങ്ങളും പുഷ്പിത രൂപത്തിൽ പണിതിരിക്കുന്ന കുരിശ്. പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ചിന്തയാണ് ആ കുരിശ് സൂചിപ്പിക്കുന്നത്. കുരിശിൽ മരിച്ച കർത്താവ് ഉയിർത്തെഴുന്നേറ്റു. കർത്താവു മരണാനന്തരം പുതുജീവൻ പ്രാപിച്ചതിന്റെ അടയാളമായിട്ടാണ് നാല് അഗ്രങ്ങളും മൊട്ടിട്ട് വിരിയുന്ന രൂപത്തിൽ കാണിച്ചിരിക്കുന്നത്. ആ കുരിശ് കാണുമ്പോൾ ഉയിർത്തെഴുന്നേറ്റ കർത്താവിനെ കാണുന്നതായിട്ടു വേണം മനസ്സിൽ സങ്കൽപ്പിക്കാൻ.

malankaralibrary.com

## ആധ്യാത്മിക ശിക്ഷണത്തിലുള്ള അതീവശ്രദ്ധ

റോമിൽനിന്നുള്ള പ്രത്യേക നിർദ്ദേശമനുസരിച്ച് ഇടവക വൈദികരുടെ മാത്രം ശിക്ഷണത്തിൽ ആരംഭിച്ചിരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സെമിനാരിയാണ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി. അതുകൊണ്ടുതന്നെ റെക്ടറച്ചന്റെ ഉത്തരവാദിത്തം വളരെ വലുതാണ്. മാത്രമല്ല, 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ പരിണിത ഫലമായി തകർക്കപ്പെട്ടുപോയ ഇവിടത്തെ മാർത്തോമ്മാ ക്രൈസ്തവ സമൂഹം ഉണർന്നെഴുന്നേൽക്കുന്നതിനുള്ള വിജ്ഞാനപീഠമായിട്ടുകൂടി വേണം ഈ സെമിനാരി രൂപപ്പെടുവാൻ. അതിനുള്ള നിർദ്ദേശങ്ങളാണ് പൗരസ്ത്യ തിരുസംഘം സെമിനാരിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് സഭാധികാരികൾക്കു നൽകിയിരിക്കുന്നത്. ഈവിധ ലക്ഷ്യങ്ങൾ ഹൃദയത്തിൽ എരിയുന്ന റെക്ടറച്ചൻ വൈദികവിദ്യാർത്ഥികളുടെ ആത്മീയ ശിക്ഷണത്തിന് വളരെയേറെ പ്രാധാന്യം നൽകിയിരുന്നു. അതിനു സഹായകമാകുന്ന വിധത്തിലുള്ള മാസധ്യാനപരിപാടികളാണ് ക്രമമായി നടത്തിക്കൊണ്ടിരുന്നത്.

മാസധ്യാന വിഷയത്തിന്റെ സംക്ഷിപ്ത ചിന്തകൽ അടങ്ങുന്ന നോട്ടു തയ്യാറാക്കി തലേദിവസം തന്നെ അതിന്റെ കോപ്പികൾ എല്ലാവർക്കും കൊടുത്തിരിക്കും. തലേദിവസത്തെ ലെലിയാ പ്രാർത്ഥനക്കുമുമ്പ് ധ്യാനത്തിന്റെ പ്രാരംഭചിന്തകൾ അറിയിക്കും. രാവിലെ 9 മുതൽ 10 വരെ ധ്യാനവിചിന്തനം. ഉച്ചകഴിഞ്ഞു 2.15 ന് സെമിനാരിക്കാർ പെരുമാറ്റത്തിൽ പാലിക്കേണ്ട മാന്യതയെക്കുറിച്ചും, തിരുത്തേണ്ട പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള Etiquette ക്ലാസ്, 3 മുതൽ 4 വരെ വചനശുശ്രൂഷയോടെയുള്ള ആരാധന. ഈ പരിപാടികൾക്കെല്ലാം നേതൃത്വം നൽകുന്നത് റെക്ടറച്ചനും ഫാദർ പ്രീഫെക്ടും, സെമിനാരിയിലെ ആധ്യാത്മിക പിതാക്കന്മാരുമായിരിക്കും. "ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ ഈറ്റു നോവനുഭവിക്കുന്നു" (ഗലാ 4:19) എന്ന് പറഞ്ഞ വി. പൗലോസിന്റെ തീക്ഷ്ണതയാണ് വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഓരോ പരിപാടിയിലും കുര്യച്ചനിലൂടെ വിളങ്ങിയിരുന്നത്.

## സെമിനാരി മുറ്റം പുൽത്തകിടിയാക്കിയ കുര്യച്ചൻ

ഞങ്ങൾ സെമിനാരിയിൽ വരുന്ന സമയത്ത് (1965-ൽ) സെമിനാരി മുറ്റത്ത് പല സ്ഥലങ്ങളിലായിട്ട് ചട്ടികളിൽ നിൽക്കുന്ന പൂച്ചെ

malankaralibrary.com

ടികളല്ലാതെ മറ്റു പച്ച പുൽത്തരികൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മരുഭൂമിയുടെ പ്രതീതിയായിരുന്നു സെമിനാരി മുറ്റം. നല്ല ചുവന്ന കൽപ്രദേശം. ഒരു ദിവസം റെക്ടറച്ചന്റെ ഒരു അറിയിപ്പ്: 'ഈ ആഴ്ചയിൽ തിയോളജി ഒന്നാം വർഷം മുതൽ ഫിലോസഫി ഒന്നാം വർഷംവരെ (അന്ന് 4 ബാച്ചുവരെ ആയിട്ടുള്ളു) ഓരോ ക്ലാസ്സുകാർക്കും വൈകുന്നേരം ഒരുമിച്ച് ഗാർഡൻ വർക്ക് ഉണ്ടായിരിക്കും'. എല്ലാവരും ചിന്തിച്ചു, 'ഗാർഡൻ വർക്കോ? ഇവിടെ എവിടെയാണ് ഗാർഡൻ?' എല്ലാവരോടും സെമിനാരിയുടെ പടിഞ്ഞാറെ മുറ്റത്തേക്ക് വരുവാൻ അച്ചൻ നിർദ്ദേശിച്ചു. കല്ലിൽ വെട്ടാനും കുഴിക്കാനും പറ്റുന്ന പിക്കാസ്, തൂമ്പാ, മൺവെട്ടി മുതലായവ കുറെ ഉപകരണങ്ങൾ അച്ചൻ കരുതിയിട്ടുണ്ടായിരുന്നു. റെക്ടറച്ചന്റെ നേതൃത്വത്തിൽ ബ്രദേഴ്സ് നിരന്നുനിന്ന് മുറ്റത്തിന്റെ തെക്കേയറ്റം മുതൽ വടക്കോട്ടും വടക്കേയറ്റം മുതൽ തെക്കോട്ടും മരുഭൂമിപോലെ പരന്നുകിടന്ന കൽപ്രദേശം വെട്ടിയിളക്കാൻ തുടങ്ങി. ഇങ്ങനെ പല തവണ ആവർത്തിച്ചപ്പോൾ മുറ്റം ഉഴുതുമറിച്ച നിലം പോലെയായി. ഈ സമയത്ത് സെമിനാരിയിലെ ജോലിക്കാർ സമീപപ്രദേശങ്ങളിൽ നിന്ന് പറിച്ചെടുത്ത പുല്ലിന്റെ വേര് കെട്ടുകളായി ഇവിടെ കൊണ്ടുവന്നത് വെട്ടിനുറിക്കിയെടുത്തു. ഒരു വലിയ ഡ്രമ്മും അവർ കൊണ്ടുവന്നു. സെമിനാരിയിലെ തൊഴുത്തിൽനിന്നും ബ്രദേഴ്സ് വാരിക്കൊണ്ടുവന്ന ചാണകം അച്ചൻതന്നെ ഡ്രമ്മിലിട്ട് വെള്ളമൊഴിച്ച് അതിൽ പുല്ലിന്റെ വേരും ഇട്ട് നന്നായി ഇളക്കി കുറുക്കി പാകമാക്കി. ഇളക്കിമറിച്ചിട്ടിരിക്കുന്ന നിലത്തിലേക്ക് വലിയ കപ്പുകൊണ്ട് ഈ ചാണക കുറുക്ക് കോരിയൊഴിക്കുന്ന വിധവും അച്ചൻ കാണിച്ചു കൊടുത്തു. ബ്രദേഴ്സും അപ്രകാരം ചെയ്തു. ഇങ്ങനെ കുറച്ചുദിവസം കൊണ്ടു മുറ്റം മുഴുവൻ കൃഷിഭൂമിയുടെ രൂപത്തിലായി. അവിടം മുഴുവൻ നന്നായി നനയ്ക്കാനും തുടങ്ങി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ സെമിനാരി മുറ്റം പച്ചവിരിച്ച പാടം പോലെയായി. ക്രമേണ വടവാതൂർ സെമിനാരിയുടെ തിരുമുറ്റത്ത് പച്ചപുൽത്തകിടികളിൽ കലാരൂപങ്ങൾ നിറഞ്ഞ പൂന്തോട്ടം രുപം പ്രാപിച്ചു.

## പെറ്റമ്മയെപ്പോലെ സ്നേഹിച്ച റെക്ടറച്ചൻ

ഫിലോസഫി മൂന്നാം വർഷത്തെ എന്റെ ഒരനുഭവം. ഫൈനൽ എക്സാമിനേഷനും യൂണിവേഴ്സായും അടുത്തുവരുന്നു. പഠനഭാരം കൊണ്ടു തല പുകയുന്ന സമയം. അപ്പോഴാണ് എനിക്ക് നല്ല പല്ലുവേദന. ഒരുദിവസം വൈകുന്നേരം റെക്ടറച്ചന്റെ പക്കൽ പോയി

malankaralibrary.com

വിവരം പറഞ്ഞു. അച്ചൻ ഉടനെ ബ്രദർ Infirmarian നെ വിളിപ്പിച്ചു പറഞ്ഞു. "ഈ ബ്രദറിനെ നാളെ രാവിലെ കോട്ടയത്തെ Dentist നെ കാണിക്കുക, വേണ്ടി വന്നാൽ പല്ല് എടുപ്പിക്കുക". പിറ്റേദിവസം രാവിലെ ദന്തഡോക്ടറെ കണ്ടു. പല്ല് എടുക്കേണ്ടിവന്നു. തിരിച്ചു വന്നപ്പോൾ ബ്രദർ Infirmarian റെക്ടറച്ചനെ കണ്ട് വിവരം അറിയിക്കുകയും ചെയ്തു. പല്ലെടുത്തതിന്റെ ക്ഷീണംകൊണ്ട് ഞാൻ വൈകിട്ട് നേരത്തെതന്നെ കിടന്നു. രാത്രി ഒമ്പതര മണിയായപ്പോൾ റെക്ടറച്ചൻ ഞാൻ കിടക്കുന്നിടത്തു വന്നിരിക്കുന്നു. കൈയിൽ ഒരു സ്ലിപ്പുമുണ്ട്. ചുരുക്കമായിട്ട് എന്നോട് വിവരങ്ങൾ ചോദിച്ചശേഷം പറയുകയാണ്: 'പല്ലെടുത്തതുകൊണ്ട് രക്തം ഒത്തിരി പോയിട്ടുണ്ട്. പരീക്ഷ അടുത്തുവരികയല്ലേ, ക്ഷീണം തട്ടരുത്, അതുകൊണ്ട് നാളെമുതൽ രണ്ടാഴ്ചത്തേക്ക് സ്പെഷ്യലായിട്ട് ഒരു കപ്പ് പാൽ കുടിക്കണം. അതിനുള്ള ഈ പെർമിഷൻ സ്ലിപ്പ് നാളെ രാവിലെ കുർബാന കഴിഞ്ഞ് പ്രൊക്യുറേറ്ററച്ചനെ ഏല്പിച്ചാൽ മതി' ഇത്രയും പറഞ്ഞു സ്ലിപ്പ് എന്റെ കൈയിൽ തന്നു. സെമിനാരിയുടെ ഭാരിച്ച ചുമതലകൾ വഹിക്കുന്ന അച്ചൻ എന്റെ ഒരു ചെറിയ കാര്യം ഓർത്തിരുന്ന്, രാത്രി തന്നെ അടുത്തുവന്ന് വിവരങ്ങൾ തിരക്കുക മാത്രമല്ല മാതൃവാത്സല്യത്തോടെ ക്ഷീണം തട്ടാതിരിക്കാനുള്ള സാന്ത്വന പരിപാടിയുമായിട്ടാണ് വന്നത്. കുര്യച്ചന്റെ മാതൃവാത്സല്യത്തെപ്പറ്റി ഇതുപോലെ പലർക്കും പറയാനുണ്ടാകും.

## പൗരസ്ത്യവിദ്യാപീഠം കുര്യച്ചന്റെ സ്വപ്നസാക്ഷാൽക്കാരം

ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ ഇവിടെ നട്ടുവളർത്തിയ സഭ അതിന്റെ തനതായ ശ്ലൈഹികപാരമ്പര്യത്തിൽ വളർന്ന് വിരാജിക്കണം എന്ന് ആഗ്രഹിച്ച കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ, 1599 ലെ ഉദയംപേരൂർ സൂനഹദോസോടുകൂടി വിരൂപമാക്കപ്പെട്ട സീറോ മലബാർ സഭയെ പൗരാണിക തനിമയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള കളമൊരുക്കാൻ ദൈവം തെരഞ്ഞെടുത്ത ഉപകരണമായിരുന്നു എന്നുവേണം കരുതുവാൻ. സഭാശുശ്രൂഷകരാകേണ്ട ഭാവിപുരോഹിതന്മാരെ ശരിയായ ദിശാബോധത്തിൽ പരിശീലിപ്പിക്കുന്നുവെന്നറിഞ്ഞതിൽ സന്തുഷ്ടനായ വി. പോൾ ആറാമൻ മാർപാപ്പ കുര്യച്ചന് മോൺസിഞ്ഞോർ പദവി നല്കി ആദരിച്ചു. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന

malankaralibrary.com

ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവ് സെമിനാരി ചാപ്പലിൽവച്ച് കുര്യച്ചനെ മോൺസിഞ്ഞോർ പദവിയുടെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചദിവസം ഇന്നും ഓർമ്മയിൽ തിളങ്ങുന്നു.

മാതൃസഭയെക്കുറിച്ച് കുര്യച്ചന്റെ മനസ്സിലുണ്ടായിരുന്ന സ്വപ്നങ്ങൾ ദൈവഹിതത്തിന്റെ ഉണർത്തുപാട്ടായിരുന്നെവന്ന് സെമിനാരിയുടെ പിൽക്കാലചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആ വന്ദ്യഗുരുശ്രേഷ്ഠന്റെ പരിലാളനയിൽ നട്ടു വളർത്തപ്പെട്ട വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി പൗരസ്ത്യദൈവശാസ്ത്രത്തിലും കാനൻനിയമത്തിലും ബൈബിൾ പഠനത്തിലും ഉന്നത ബിരുദങ്ങൾ നൽകുന്ന പൗരസ്ത്യ വിദ്യാപീഠമായി ഉയർന്നുവെന്ന് മാത്രമല്ല ഇവിടെനിന്നും ദിശാബോധം കൈവരിച്ച നിരവധി മെത്രാന്മാരും അനേകം വൈദികരും ഇന്ന് സഭാഗാത്രത്തെ വളർത്തുന്നതിൽ മുഖ്യപങ്കു വഹിച്ചുകൊണ്ടിരിക്കുന്നു. ഈ സത്യം പൗരസ്ത്യ സഭകളുടെ ഉന്നതാധികാരികൾ തന്നെ എടുത്തു പറഞ്ഞിട്ടുള്ളതാണ്. 1987-ൽ സെമിനാരിയുടെ രജതജൂബിലിയാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യുന്നതിന് റോമിൽനിന്ന് ഇവിടെയെത്തിയ ഓറിയന്റൽ കോൺഗ്രിഗേഷന്റെ അധ്യക്ഷൻ കാർഡിനൽ ലൂർദ്ദ് സ്വാമി ഉദ്ഘാടനപ്രസംഗത്തിനിടയിൽ, സെമിനാരിയുടെ വളർച്ചയിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് പ്രസ്താവിച്ചു. "Vadvathoor St Thomas Apostolic Seminary is Really an Edessa Reborn" പൗരസ്ത്യ സഭാപഠനത്തിന്റെ ഈറ്റില്ലമായി എദേസായിൽ ആരംഭിച്ച് സുറിയാനി സഭാപിതാവായ മാർ അപ്രേമിന്റെ ശിക്ഷണത്തിൽ ഉയർന്നുവന്ന സഭയിലെ ആദ്യത്തെ സെമിനാരിയുടെ നിലവാരത്തിലേക്ക് സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയും വളർന്നുകൊണ്ടിരിക്കുന്നു എന്ന പ്രസ്താവന, ആ സദസ്സിലിരുന്ന് കേൾക്കാനിടയായ ഞാൻ ഹൃദയം നിറഞ്ഞ സന്തോഷത്തോടെ, നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായോടു ചേർന്ന് “എന്റെ കർത്താവേ, എന്റെ ദൈവമേ” എന്നു വിളിച്ച് കർത്താവിനെ സ്തുതിച്ചു.

☆

malankaralibrary.com

# സ്നേഹധനനായ റെക്ടറച്ചൻ



ഫാ. ജിയോ പുളിക്കൽ

പുരോഹിതനെക്കുറിച്ച് കുഞ്ഞുണ്ണി മാസ്റ്ററുടെ ഒരു കവിതയുണ്ട്. പാതിരി എന്നാണ് ആ കവിതയുടെ പേര്. പഴയകാലത്ത് പുരോഹിതനെ പാതിരി എന്നായിരുന്നല്ലോ വിളിച്ചിരുന്നത്. കവിത ഇപ്രകാരമാണ്.

പാതി തിരിഞ്ഞാൽ പോരല്ലോ
പാതിയിൽനിന്നും തിരിയേണം
പോരാ, പോരാ, പാതിരിയാകാൻ
തിരിയായ് കത്തണമെല്ലാർക്കും.

പാതിരി എന്നാൽ പുരോഹിതൻ. പാദ്രേ എന്ന പദത്തിന്റെ മലയാള തദ്ഭവമാണ് പാതിരി. പാതി തിരിഞ്ഞാൽ പോരല്ലോ എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ഒരു പുരോഹിതന്റെ ജീവിതം മറ്റുള്ളവർക്കുവേണ്ടിയുള്ള സമ്പൂർണ്ണസമർപ്പണം ആയിരിക്കണമെന്നതാണ്. യേശു പറഞ്ഞു: കലപ്പയിൽ കൈവച്ചശേഷം തിരിഞ്ഞുനോക്കുന്നവൻ എനിക്കു യോഗ്യനല്ല. അതുകൊണ്ട് പാതി സമർപ്പണമായാൽ പോരാ, സമ്പൂർണ്ണസമർപ്പണമായിരിക്കണം. പാതിയിൽനിന്നും തിരിയേണം എന്നു പറയുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷിൽ ബെറ്റർ ഹാഫ് എന്നു പറഞ്ഞാൽ ഭാര്യ എന്നർത്ഥം. അതിന്റെ തർജ്ജമയായി മലയാളത്തിൽ നല്ല പാതി എന്നു പറയുണ്ട്. അപ്പോൾ പാതിയിൽനിന്നും തിരിയേണം എന്നു പറയുമ്പോൾ ഭാര്യയില്ലാത്ത ജീവിതം അതായത് ബ്രഹ്മചര്യജീവിതം നയിക്കണം എന്ന് അർത്ഥം വരും. എന്നാൽ ഇതു രണ്ടുകൊണ്ടും ഒരാൾ പാതിരിയായിത്തീരുകയില്ല. പിന്നെയോ പാതിരിയാകാൻ ജാതിമത ഭേദമെന്യേ തിരിയായ് കത്തണമെല്ലാർക്കും. എല്ലാവർക്കും

malankaralibrary.com

പ്രകാശം നല്കി തിരിയായി എരിഞ്ഞുതീരുമ്പോൾ മാത്രമേ ഒരാൾ യഥാർത്ഥത്തിൽ പാതിരിയായിത്തീരുകയുള്ളൂ. ഒരു സമർപ്പിത വ്യക്തിയുടെ ജീവിതം എങ്ങനെയായിരിക്കണമെന്നാണ് കുഞ്ഞുണ്ണി മാസ്റ്റർ ഈ കവിതയിലൂടെ വ്യക്തമാക്കുന്നത്.

ഇപ്രകാരം ഒരു ജീവിതം മുഴുവൻ മെഴുകുതിരിപോലെ മറ്റുള്ളവർക്കുവേണ്ടി എരിഞ്ഞുതീർന്ന മഹത്വ്യക്തിത്വത്തിനുടമയാണ് മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ. അദ്ദേഹത്തിന്റെ സമർപ്പിതജീവിതത്തിലെ ഏതാനും വർഷങ്ങൾ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായ വൈദികവിദ്യാർത്ഥി പരിശീലനത്തിനാണ് സമർപ്പിച്ചത്. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ സ്ഥാപക റെക്ടറായിരുന്നു അദ്ദേഹം. ഒരു സ്ഥാപകറെക്ടർ എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പുതുതായി നിർമ്മിക്കുന്ന സെമിനാരിക്കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം നോക്കണം. വൈദികാർത്ഥികൾക്ക് കാലഘട്ടത്തിനനുസരിച്ചു പരിശീലിനം നല്കണം. ഈ രണ്ടു കാര്യങ്ങളും അനന്യമായ വൈഭവത്തോടെയാണ് അദ്ദേഹം നിർവഹിച്ചത്. സീറോ മലബാർ സഭയുടേതായി ആദ്യമായി ആരംഭിച്ച സെമിനാരിയായിരുന്നു, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി. ഒരു



Inaugural meeting of the seminary after
its blessing on the 3rd July 1962

malankaralibrary.com

മേജർ സെമിനാരിയുടെ സാരഥ്യം രൂപതാ വൈദികരെ ഏല്പിക്കണമോ എന്നു സന്ദേഹിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് വഞ്ചിപ്പുരയ്ക്കൽ കുര്യച്ചനെ അവിടെ റെക്ടറായി നിയമിച്ചത്. ഒരു വൈദികപരിശീലന കേന്ദ്രത്തെ പടുത്തുയർത്തുവാനും അവിടെ പരിശീലനം ലഭിക്കുന്ന വൈദികാർത്ഥികളുടെ ആത്മീയവും ബൗദ്ധികവും സാംസ്കാരികവും കലാപരവുമായ കഴിവുകളെ വളർത്തിയെടുത്ത് അവരെ സമഗ്രവ്യക്തിത്വത്തിന് ഉടമകളാക്കി രൂപപ്പെടുത്തുവാനും കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് അവയോട് ഭാവാത്മകമായി പ്രതികരിക്കുന്ന ഒരു വൈദികസമൂഹത്തെ വളർത്തിയെടുക്കുവാനുള്ള നിയോഗമാണ് കുര്യച്ചനു ലഭിച്ചത്. സെമിനാരിയുടെ സാരഥിയായി നിന്നുകൊണ്ട് മറ്റ് അധ്യാപക വൈദികരെ ഒരേ സ്വർണ്ണനൂലിൽ എന്നതുപോലെ കോർത്തിണക്കി ആ മഹനീയ ദൗത്യം ഏഴുവർഷം നിതാന്ത സമർപ്പണത്തോടെ കുര്യച്ചൻ ഏറ്റവും പ്രശംസനീയമായ രീതിയിൽ നിർവഹിച്ചു എന്നതാണ് നമ്മെ അത്ഭുതപ്പെടുത്തുന്ന സത്യം.

കുര്യച്ചൻ റെക്ടറായി സേവനം ചെയ്ത കാലയളവിൽ അവിടെ വൈദികാർത്ഥിയായി പരിശീലനം ലഭിക്കുവാൻ സാധിച്ചു എന്നത് എന്റെ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

ഒരു റെക്ടറച്ചന് ഉണ്ടായിരിക്കേണ്ട എറ്റവും വലിയ ഗുണം പിതൃവാത്സല്യമായിരിക്കണം എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട കുര്യച്ചൻ സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു. ശിഷ്യന്മാരെ കലവറയില്ലാതെ അദ്ദേഹം സ്നേഹിച്ചു എന്ന് എന്റെ അനുഭവത്തിൽനിന്ന് എനിക്ക് ഉറപ്പിച്ചുപറയുവാൻ സാധിക്കും. മേജർ സെമിനാരിയുടെ റെക്ടർ ആയിരിക്കുമ്പോഴും വിദ്യാർത്ഥികളോട് എത്രയോ ലാളിത്യത്തോടെയാണ് അദ്ദേഹം പെരുമാറിയിരുന്നത് എന്നു ഞാൻ ഓർക്കുന്നു. ആർക്കും വ്യക്തിപരമായ പരിഗണന കൊടുക്കുന്ന ഉദാരമനസ്സിനുടമയായിരുന്നു അദ്ദേഹം. എന്റെ ഒരു അനുഭവം തന്നെ വിവരിക്കാം. ഫിലോസഫി ഒന്നാം വർഷം ഞാൻ സെമിനാരിയിൽ പഠിക്കുമ്പോൾ ഒരു ത്വക് രോഗം വന്നു കഷ്ടപ്പെട്ടു. ഞാൻ റെക്ടറച്ചന്റെ മുറിയിൽചെന്നു കാര്യങ്ങൾ വിശദീകരിച്ചു. ആരെങ്കിലും സീനിയർ വിദ്യാർത്ഥിയെയോ അല്ലെങ്കിൽ സ്റ്റാഫിൽപ്പെട്ട ഏതെങ്കിലും വൈദികനെയോ കൂട്ടി അടുത്തുള്ള ഏതെങ്കിലും ആശുപത്രിയിൽ വിടുകയായിരിക്കുമല്ലോ സാധാരണ ചെയ്യുക. എന്നാൽ അദ്ദേഹം എന്നോടു പറഞ്ഞു.

malankaralibrary.com

എറണാകുളത്ത് എനിക്കറിയാവുന്ന നല്ല ഒരു ഡോക്ടറുണ്ട്. അദ്ദേഹത്തിന്റെയടുത്ത് ചികിത്സ തേടാം. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് ആശ്വാസത്തോടെ ഞാൻ മുറിക്കു പുറത്തിറങ്ങി. ആരെയങ്കിലും കൂട്ടി എറണാകുളത്തിന് എന്നെ വിടുമായിരിക്കും എന്നു ഞാൻ വിചാരിച്ചു. അടുത്തദിവസം രാവിലെ അച്ചൻ എന്നെ വിളിച്ച് പറഞ്ഞു എറണാകുളത്തിനു പോകാൻ ഒരുങ്ങിക്കൊള്ളുക. ഞാൻ തന്നെ ഡോക്ടറുടെയടുത്ത് കൊണ്ടുപോകാം. എനിക്ക് എറണാകുളത്ത് പേകേണ്ട ആവശ്യമുണ്ട്. എനിക്ക് അത് അത്ഭുതമായി. അന്ന് റെക്ടറച്ചൻ തന്നെ എന്നെ എറണാകുളത്ത് ഡോക്ടറുടെയടുത്തു കൊണ്ടുപോയി. ബസിനാണ് പോയത് എന്നാണ് എന്റെ ഓർമ്മ. ആ സ്നേഹം എനിക്ക് ഒരിക്കലും മറക്കാനാവില്ല.

റെക്ടറച്ചന്റെ പെരുമാറ്റം വളരെ കുലീനമായിരുന്നു. എപ്പോഴും പ്രസന്നവദനനായിട്ടാണ് അദ്ദേഹം കാണപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ സംഭാഷണവും അതീവഹൃദ്യമായിരുന്നു. സാധാരണയായി റെക്ടർമാരുടെ അടുത്തു ചെല്ലുവാൻ കുട്ടികൾക്കു ഭയമായിരിക്കും. പല റെക്ടർമാരും വളരെ ഔദ്യോഗികമായും ഗൗരവഭാവത്തോടെയുമായിരിക്കും ഇടപെടുന്നത്. എന്നാൽ കുര്യച്ചൻ വളരെ സൗഹൃദഭാവത്തോടെയാണ് വൈദികാർത്ഥികളോട് ഇടപെട്ടിട്ടുള്ളത്. ഏതെങ്കിലും തെറ്റു കണ്ടു തിരുത്തുമ്പോൾപോലും ഭയപ്പെടുത്തുകയോ ഞെട്ടിക്കുകയോ ചെയ്യാതെ സ്നേഹപൂർവം ശകാരിക്കുകയാണ് ചെയ്തിരുന്നത്. വിദ്യാർത്ഥികളുടെ മനസ്സറിഞ്ഞു പ്രവർത്തിക്കുവാനും അവരുടെ ആവശ്യങ്ങൾ സാധിക്കുന്നിടത്തോളം ചെയ്തുകൊടുക്കുവാനുമുള്ള ഔദാര്യവും സന്നദ്ധതയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. കുര്യച്ചന്റെ സേവനങ്ങൾക്ക് അംഗീകാരമായി മാർപാപ്പായിൽനിന്ന് മോൺസിഞ്ഞോർ പദവി ലഭിച്ചു. അതിന്റെ സ്ഥാനചിഹ്നങ്ങൾ അണിയിച്ച ചടങ്ങിൽ പാലാ രൂപതാമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് പറഞ്ഞ വാക്കുകൾ ഓർക്കുന്നു: ഞാൻ കുര്യച്ചന്റെകൂടെ കടലിലും കരയിലും ആകാശത്തും സഞ്ചിരിച്ചിട്ടുണ്ട്. എന്നാൽ കുര്യച്ചനെ ഇത്രയും സുന്ദരനായി ഒരിക്കലും കണ്ടിട്ടില്ല. ഫലിതരൂപത്തിൽ അഭിവന്ദ്യപിതാവു നടത്തിയ ആ പാരമാർശം പരമാർത്ഥമാണ്. കുര്യച്ചൻ എന്നും സുന്ദരനായിരുന്നു, രൂപത്തിലും സ്വഭാവത്തിലും ആരെയും ആകർഷിക്കുന്ന സുന്ദരമായ വ്യക്തിത്വത്തിന്റെ ഉടമ.

★

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ലക്ഷണമൊത്ത വൈദിക പരിശീലകൻ

**ഫാ. ജോസഫ് നടുവിലേഴം**



സീറോ മലബാർ സഭയ്ക്ക് സ്വന്തമായി ഒരു മേജർ സെമിനാരി വേണമെന്ന റോമിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ കെട്ടിടംപണിക്കായി അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവിന്റെ നേതൃത്വത്തിലുള്ള ഒരു നിർമ്മാണ കമ്മിറ്റിക്ക് രൂപം കൊടുത്തു. അതിന്റെ ചെയർമാൻ മോൺ. എൽ.ജെ. ചിറ്റൂർ (ചങ്ങനാശ്ശേരി വികാരി ജനറാൾ) ആയിരുന്നു. കെട്ടിടത്തിന്റെ പണി വെള്ളാപ്പള്ളി ബ്രദേഴ്സിനെ ഏല്പിക്കുകയും ചെയ്തു. 1962 ജൂൺ ആയപ്പോൾ മെയിൻ ബ്ലോക്കും സ്റ്റാഫ് ക്വാർട്ടേഴ്സിലെ ചില മുറികളും ഫിലോസഫി സെക്ഷനിലെ ഒന്നുരണ്ടു ബ്ലോക്കുകളും പൂർത്തിയായി. നമ്മുടേതായ ഫൈനൽ സൂപ്പർവിഷൻ ഏല്പിച്ചത് എഞ്ചിനീയർ പി.സി. ജോസഫ് കാവാലത്തിനെയാണ്.

സെമിനാരിയെ നയിക്കേണ്ട റെക്ടറും മറ്റു പ്രൊഫസേഴ്സും സീറോ മലബാർ സഭയിലെ ഇടവക വൈദികർ തന്നെയായിരിക്കണം എന്ന് റോമിലെ പൗരസ്ത്യ കാര്യാലയം നിർബന്ധമായി നിർദ്ദേശിച്ചു. ഈ പശ്ചാത്തലത്തിൽ പാലാ രൂപതയിൽപെട്ട ബഹു.കുര്യൻ വഞ്ചിപ്പുരക്കലച്ചനെ റെക്ടറായും ചങ്ങനാശ്ശേരി രൂപതയിൽപെട്ട ബഹു.ലൂയിസ് നേര്യംപറമ്പിലച്ചനെ പ്രൊക്യുറേറ്ററായും അഭിവന്ദ്യ പിതാക്കന്മാർ റോമിന്റെ അംഗീകാരത്തോടെ നിയമിച്ചു. ഈ രണ്ടു വൈദികർ 1962 ജൂണാരംഭത്തിൽ സെമിനാരിയിൽ താമസമാക്കി. കാര്യങ്ങൾക്കു നേതൃത്വം നല്കി. ഇവരെ സഹായി

malankaralibrary.com

ക്കാൻ ആദ്യ ബാച്ചിൽപെട്ട രണ്ടു ബ്രദേഴ്സിനെയും (ബ്രദർ ജോസ് ആലഞ്ചേരിയും ബ്രദർ ജോസഫ് നടുവിലേഴവും) നിയോഗിച്ചു.

## 'നല്ല തുടക്കം പാതിയോളമായി'

ജൂൺ മാസംകൊണ്ട് പ്രാഥമിക ഒരുക്കങ്ങൾ പൂർത്തിയായി. 1962 ജൂലായ് 2-ന് ആദ്യ ബാച്ച് സെമിനാരിക്കാർ (41 പേർ) എത്തി. ആധ്യാത്മിക പിതാവായി നിയമിതനായ കോതമംഗലം രൂപതയിൽ പെട്ട ബഹു. തോമസ് നെടുംപുറത്തച്ചനും അന്നുതന്നെ എത്തി. 1962 ജൂലൈ 3-ന്, ദുക്റാനത്തിരുനാൾ, ഉച്ചകഴിഞ്ഞ് സെമിനാരി വെഞ്ചരിച്ചതിനുശേഷം താല്ക്കാലിക ചാപ്പലിൽ സീറോ മലബാർ സഭയിലെ പുനരുദ്ധരിക്കപ്പെട്ട വി. കുർബാന ആദ്യമായി അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ പിതാവ് അർപ്പിച്ചു. വി. കുർബാനയ്ക്കു ശേഷം ഉദ്ഘാടന സമ്മേളനം നടന്നു. അഭിവന്ദ്യ മാത്യു കാവുകാട്ട് പിതാവ് ഉദ്ഘാടന പ്രസംഗം നടത്തി. വളരെ ലളിതമായ ഉദ്ഘാടന ചടങ്ങായിരുന്നു അത്. ചില പ്രമുഖ ക്ഷണിതാക്കളും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ബഹു. ജോസഫ് പള്ളിക്കാപറമ്പിലച്ചൻ, ഫിലോസഫി പ്രൊഫസർ, റോമിൽനിന്ന് ഒരാഴ്ച കഴിഞ്ഞെത്തി.

ആദ്യവർഷത്തെ ക്ലാസ്സുകൾ ഈ നാലു പ്രൊഫസ്സേഴ്സ് എടുത്തു. റെക്ടറച്ചൻ Meraphysics, Experimental Psychology, Urbanity ഇവയും ബഹു. ലൂയിസച്ചൻ ഇംഗ്ലീഷ്, ഗ്രാമർ, സിറിയക് ഇവയും ബഹു. നെടുമ്പുറത്തച്ചൻ Ascetics ഉം ബഹു.പള്ളിക്കാപ്പറമ്പിലച്ചൻ Logic, History of Philosophy, English ഇവയും പഠിപ്പിച്ചു. ആദ്യ വർഷം 4 പ്രൊഫസ്സേഴ്സും 41 സെമിനാരിക്കാരും ചേർന്ന് അദ്ധ്യാപനവും പഠനവും ക്രമമായി ഇതര പ്രവർത്തനങ്ങളോടൊപ്പം നടന്നു.

## പാഠപുസ്തകമായിത്തീർന്ന റെക്ടറച്ചൻ

ബഹു. റെക്ടറച്ചൻ നലംതികഞ്ഞ ഒരധ്യാപകനായിരുന്നു. സാധാരണ രസകരമല്ലാത്ത Ontology അച്ചൻ കൗതുകരമായ ഉദാഹരണങ്ങളോടെ അവതരിപ്പിച്ചിരുന്നു. അച്ചന്റെ Urbanity ക്ലാസുകൾ വളരെ രസകരമായിരുന്നു. നല്ല പെരുമാറ്റ രീതികൾ, മര്യാദയുടെ നിയമങ്ങൾ ഇവയൊക്കെ അച്ചൻ തന്റെ Culture Class കളിൽ നർമ്മ രസത്തോടെ വിശദീകരിച്ച് പഠിപ്പിച്ചിരുന്നു. അവയൊക്കെ ഇന്നും ജീവിതത്തിൽ പരിശീലിക്കുന്നു, ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഇംഗ്ലീഷും ലത്തീനും മലയാളവും അനായാസം ഉപയോഗിച്ച് അച്ചൻ ക്ലാസ്സെടുത്തിരുന്നു.

malankaralibrary.com

വൈദിക വിദ്യാർത്ഥികളുടെ ബൗദ്ധിക വളർച്ചയിൽ അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ സഹകരണത്തോടെ സ്റ്റാഫിൽ യോഗ്യരായ പ്രൊഫസേഴ്സിനെ കിട്ടാൻ അച്ചൻ പരിശ്രമിച്ചിരുന്നു. രണ്ടാമത്തെ കൊല്ലം മൂന്നുപേർ കൂടി സ്റ്റാഫിൽ വന്നു. ബഹു. ജോസഫ് കോയിക്കക്കുടി അച്ചനും ബഹു. ജോസഫ് വടക്കുംചേരിയച്ചനും ബഹു. മാത്യു നടുവിലേപ്പറമ്പിലച്ചനും. ബഹു.കോയിക്കക്കുടിയച്ചൻ Psychology യും ബഹു. വടക്കുംചേരിയച്ചൻ എത്തിക്സും ബഹു. നടുവിലേപ്പറമ്പിലച്ചൻ Theodicy യും പഠിപ്പിച്ചു. ബഹു. കോയിക്കക്കുടിയച്ചൻ പിന്നീട് വൈസ് റെക്ടർ ആയി. ബഹു. വടക്കുംചേരിയച്ചൻ പൂന്തോട്ടത്തിന്റെ ചാർജും ഏറ്റെടുത്തു. മൂന്നാമത്തെ കൊല്ലം ബഹു. പോൾ മാറോക്കിയച്ചൻ സ്റ്റാഫിൽ ചേർന്നു. അച്ചൻ സയൻസും ഗ്രീക്കും പഠിപ്പിച്ചു. ഒപ്പം ലൈബ്രേറിയന്റെ ചുമതലയും ഏറ്റെടുത്തു.

പ്രാരംഭദശയുടെ പരിമിതികൾ പരിഹരിക്കാൻ കുട്ടികളുടെ സഹകരണം ആവശ്യമായിരുന്നു. കളിക്കളങ്ങൾ പുതുതായി നിർമ്മിക്കേണ്ടി വന്നു. വോളിബോൾ കോർട്ടും ബോൾ ബാഡ്മിന്റൻ കോർട്ടും കുട്ടികൾ തന്നെ ഉണ്ടാക്കി. എൻജിനീയർ ചാക്കോച്ചന്റെ സഹായത്തോടെ ഒരു ബാസ്കറ്റ് ബോൾ കോർട്ടും നിർമ്മിച്ചു. പൂന്തോട്ടത്തിന്റെ ജോലികളും കുട്ടികൾ ഏറ്റെടുത്തു. പൂച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിലും വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്നതിലും റെക്ടറച്ചന് പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. അച്ചൻ പോകുന്നിടത്തുനിന്നെല്ലാം പൂച്ചെടികളും വൃക്ഷത്തൈകളും കൊണ്ടുവരുമായിരുന്നു. എല്ലാദിവസവും ഒരു ചെറിയ ഗ്രൂപ്പിന് പൂന്തോട്ട പണി നല്കിയിരുന്നു. വ്യാഴാഴ്ച(അവധി ദിവസം)കളിൽ ഹൗസ് ക്ലീനിംഗ്, റൂം ക്ലീനിംഗ്, മാനുവൽ ലേബർ ഇവയ്ക്കു സമയം കണ്ടെത്തിയിരുന്നു.

## ദൈവശാസ്ത്ര പഠനം

1965 ൽ (നാലാം വർഷം) ദൈവശാസ്ത്രം ആരംഭിച്ചു. ജൂലൈ 3-ന് ആദ്യ ബാച്ചിൽപെട്ട 33 പേർ വൈദികവസ്ത്രം സ്വീകരിച്ചു. മോൺ. മാത്യു മാങ്കുഴിക്കരി സ്പിരിചൽ ഫാദർ ആയി നിയമിക്കപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി ദൈവശാസ്ത്രത്തിൽ ഉപരിപഠനം പൂർത്തിയാക്കി തിരിച്ചെത്തിയ ബഹു. സേവ്യർ കൂടപ്പുഴ, ബഹു. ജേക്കബ് വെള്ളിയാൻ, ബഹു. ജേക്കബ് കട്ടയ്ക്കൽ എന്നീ അച്ചന്മാർ സ്റ്റാഫിൽ ചേർന്നു. ബഹു. കൂടപ്പുഴയച്ചൻ

malankaralibrary.com

Ecclesiology, Church History എന്നീ വിഷയങ്ങളും ബഹു. വെള്ളി യാനച്ചൻ ലിറ്റർജിയും ബഹു. കട്ടക്കലച്ചൻ Faith, Revelation, സംസ്കൃതം എന്നീ വിഷയങ്ങളും പഠിപ്പിച്ചു. സെമിനാരിയിൽ ദൈവശാസ്ത്രപഠനം രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി ആരംഭിച്ചതിനാൽ കൗൺസിലിന്റെ ചിന്താധാരകളും വീക്ഷണ ങ്ങളും കുട്ടികൾക്ക് ഉൾക്കൊള്ളാൻ സാധിച്ചു എന്ന് പ്രത്യേകം എടുത്തു പറയേണ്ടതാണ്. Conciliar Theology സംബന്ധിച്ചുള്ള അനേകം പുതിയ പുസ്തകങ്ങൾ വന്നുകൊണ്ടിരുന്നു. രണ്ടാം വത്തി ക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ പ്രബോധനങ്ങൾ പഠി ക്കാൻ ഞങ്ങൾക്കവസരമുണ്ടായി. പ്രഗത്ഭരായ വിസിറ്റിംഗ് പ്രൊഫ സേഴ്സിന്റെ ക്ലാസ്സുകളും ലഭിച്ചു. പ്രൊഫ. സി.എം. ചെറിയാൻ, എസ്.ജെ. ബൈബിളും, ബഹു. സിറിൽ OIC (പിന്നീട് മലങ്കര മേജർ ആർച്ച് ബിഷപ്പ്) യുക്കരിസ്റ്റും സോറ്റീരിയോളജിയും പഠിപ്പിച്ചു. ബഹു. ജോർജ് പുന്നക്കോട്ടിലച്ചൻ (ഇപ്പോൾ Bishop Emeritus of Kothamangalam) ബൈബിളും ബഹു. പോൾ ചിറ്റിലപ്പിള്ളി (Late Bishop of Kalyan and Thamarasserry) Canon Law യും സാക്ര മെന്റ്സും ബഹു. ജോസഫ് പുന്നക്കപ്പടവിൽ ഫിലോസഫിയും. ഫാ. ജോസഫ് വലിയമംഗലം ബൈബിളും, ഫാ. ജി.റ്റി. വടക്കേൽ ഇംഗ്ലീഷും, ഫാ. സി.റ്റി. വയലിൽ മലയാളവും സ്റ്റാഫിൽ ചേർന്ന് പഠിപ്പിച്ചു. മോൺ മാത്യു മങ്കുഴിക്കരി Ascetics, Homiletics, Pastoral Theology ഈ വിഷയങ്ങൾ പഠിപ്പിച്ചു. ദൈവശാസ്ത്ര വിദ്യാർത്ഥി കളുടെ സുവിശേഷ പ്രസംഗ പരിശീലനത്തിൽ (Homily) മോൺ. മാങ്കുഴിക്കരി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മൂന്നാം കൊല്ലംവരെയുള്ള വർ ഡൈനിംഗ് ഹാളിലും ഡീക്കന്മാർ ചാപ്പലിലും പ്രസംഗിച്ചിരുന്നു.

## ആധ്യാത്മിക ശിക്ഷണം

മോൺ മാത്യു മാങ്കുഴിക്കരിയുടെയും ബഹു. തോമസ് നെടു മ്പുറത്തച്ചന്റെയും നിറഞ്ഞ സാന്നിധ്യം തന്നെ സെമിനാരി സമൂഹ ത്തിന് ഒരു ആത്മീയ ഉണർവ് നല്കിയിരുന്നു. വി. കുമ്പസാരത്തി നുള്ള അവരുടെ സംലഭ്യത എപ്പോഴുമുണ്ടായിരുന്നു. കൂടാതെ മാസ ധ്യാന ദിവസങ്ങളിൽ പുറത്തുനിന്ന് Extra-ordinary confessors ഉം വന്നിരുന്നു. ബഹു. വില്യം (OCD) അച്ചൻ, ബഹു. അനനിയാസ് (CMI) അച്ചൻ, ബഹു. റോക്കി (CMI) അച്ചൻ, ബഹു. റമീജിയസ് (CMI) അച്ചൻ ഇവരായിരുന്നു അസാധാരണ കുമ്പസാരക്കാർ. വാർഷിക ധ്യാനം വളരെ കൃത്യമായി എല്ലാവർഷവും നടത്തിയി രുന്നു. ഓരോ മാസവും റക്ടറച്ചന്റെ ഉപദേശവും രണ്ടാഴ്ചയിലൊ

malankaralibrary.com

രിക്കൽ ആധ്യാത്മിക നിയന്താക്കളുടെ ഉപദേശവും ഉണ്ടായിരുന്നു. മാസധ്യാനം കഴിഞ്ഞുള്ള ആധ്യാത്മിക കോൺഫറൻസുകൾ ക്രമമായി നടത്തിയിരുന്നു. ആദ്യ ബാച്ചുകാർ ഡീക്കന്മാരാകുന്നതുവരെ പ്രൊഫസേഴ്സിലൊരാൾ ഞായറാഴ്ച ആഘോഷമായ പാട്ടു കുർബാന അർപ്പിക്കുകയും സുവിശേഷ പ്രസംഗം പറയുകയും ചെയ്യുമായിരുന്നു. ആധ്യാത്മികപാരായണത്തിന് വേദപുസ്തകം കൂടാതെ നല്ല ആധ്യാത്മികഗ്രന്ഥങ്ങൾ ലൈബ്രറിയിൽ നിന്നെടുത്തു വായിക്കുമായിരുന്നു. പ്രഫസർമാരുടെ മാതൃകാപരമായ ജീവിതവും സമർപ്പണവും ഞങ്ങൾക്കെന്നും പ്രചോദനം ആയിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം സെമിനാരിയിലെ ആത്മീയ പരിവേഷത്തിന് മാറ്റുകൂട്ടി.

## കലാ സാഹിത്യ സാംസ്കാരിക മേഖലകൾ

കലാ സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ വളരുന്നതിന് ധാരാളം അവസരങ്ങൾ സെമിനാരിയിൽ ഉണ്ടായിരുന്നു. മലയാളം, ഇംഗ്ലീഷ് സാഹിത്യ അക്കാദമികളുടെ ആഴ്ചതോറുമുള്ള (ഞായറാഴ്ചകളിൽ) സമ്മേളനങ്ങൾ കുട്ടികൾക്ക് പ്രസംഗിക്കാനുള്ള അവസരങ്ങൾ നല്കിയിരുന്നു. വിശേഷ ദിവസങ്ങളിൽ പ്രത്യേക സമ്മേളനങ്ങൾ ഉണ്ടായിരുന്നു. അവയിൽ മുഖ്യപ്രഭാഷകരായി പുറത്തുനിന്ന് വിശിഷ്ടാതിഥികളെ ക്ഷണിച്ചിരുന്നു. കുട്ടികളിൽ രണ്ടുപേർ നന്നായി ഒരുങ്ങി ഇംഗ്ലീഷിലും മലയാളത്തിലും ഈ സമ്മേളനങ്ങളിൽ പ്രസംഗിച്ചിരുന്നു. ആദ്യവർഷത്തെ റിപ്പബ്ലിക് ദിനത്തിൽ മുഖ്യാതിഥിയായി അന്നത്തെ പ്രഗത്ഭനായ അഡ്വക്കേറ്റ് മാത്യു തെള്ളിയിലിനെ ക്ഷണിച്ചതോർക്കുന്നു.

പുതിയ സെമിനാരിയായതിനാൽ പുറത്തുനിന്ന് സന്ദർശനത്തിനായി വരുന്ന വിശിഷ്ടാതിഥികളെ സമൂഹത്തെ അഭിസംബോധന ചെയ്യാൻ ബഹു. റെക്ടറച്ചൻ ക്ഷണിച്ചിരുന്നു. യുക്രേനിയൻ മേജർ ആർച്ച് ബിഷപ് ജോസഫ് കാർഡിനൽ സ്ലിപി, ഫാ. പ്ലാസിഡ് പൊടിപാറ CMI, Fr. Peter Duprey, Mother Anna Dengel ഇവർ അവരിൽ ചിലർ മാത്രം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നാലു സെക്ഷനുകളിലും പങ്കെടുത്തിട്ട് അഭിവന്ദ്യ പിതാക്കന്മാർ തിരിച്ചുവന്നപ്പോൾ എല്ലാവരും തന്നെ സെമിനാരിയിൽ വന്നു കൗൺസിലിലെ വിശേഷങ്ങൾ രസകരമായി വിവരിച്ചത് കൗതുകത്തോടെ ഞങ്ങൾ ശ്രവിച്ചിരുന്നു. ഇടവേളയിൽ കുടിക്കാൻ Caffè Cappuccino കിട്ടുമായിരുന്നെന്നു അഭിവന്ദ്യ തോമസ് തറയിൽ പിതാവ് (കോട്ടയം) ഷെയർ ചെയ്തത് ഇപ്പോഴും ഓർക്കുന്നു.

malankaralibrary.com

പ്രത്യേക അവസരങ്ങളിൽ കുട്ടികൾ തന്നെ മലയാളത്തിലും ഇംഗ്ലീഷിലും നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. സി.എൽ. ജോസിന്റെ നക്ഷത്രവിളക്ക് പോലുള്ള നാടകങ്ങളാണ് ആദ്യവർഷങ്ങളിൽ അവതരിപ്പിച്ചിരുന്നത്. ആദ്യ വർഷം റക്ടറച്ചന്റെ പ്രത്യേക മേൽനോട്ടത്തിൽ 'Call of the Apostles' എന്ന ഇംഗ്ലീഷ് സ്കിറ്റ് അവതരിപ്പിച്ചതോർക്കുന്നു. ഈശോയും 12 അപ്പസ്തോലന്മാരുമായിരുന്നു അതിലെ കഥാപാത്രങ്ങൾ. തീയോളജി വർഷങ്ങളിൽ ഷേക്സ്പിയറിന്റെ Henry IV, Richard II എന്നീ ചെറുനാടകങ്ങൾ വളരെ വിജയപ്രദമായി അവതരിപ്പിക്കാൻ കഴിഞ്ഞു. ഇതിന്റെയെല്ലാം പിന്നിൽ റക്ടറച്ചന്റെ ഭാവനയും നിർദ്ദേശങ്ങളും തിരുത്തലുകളും ഉണ്ടായിരുന്നു.

## ആരോഗ്യപാലനം

വൈദിക വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിൽ ബഹു. റക്ടറച്ചന് പ്രത്യേകം ശ്രദ്ധയുണ്ടായിരുന്നു. ആദ്യവർഷം Dr. P.C. Varghese Kavalam (Retired DMO, Kottayam District Hospital) ത്തിന്റെ നേതൃത്വത്തിൽ കുട്ടികളുടെ ഒരു ജനറൽ ചെക്കപ്പ് നടത്തി. പിന്നീടുള്ള വർഷങ്ങളിൽ Dr. Mathew Parackal (Prof. Kottayam Medical College) house Doctor ആയി സേവനം ചെയ്തു. Medical Mission Sisters Sr. Magdalene ന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ബ്ലഡ് ടെസ്റ്റ്, വാക്സിനേഷൻ എന്നിവ നടത്തിയിരുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ കാരിത്താസ് ഹോസ്പിറ്റലിലെ CMO Dr. Joseph Varghese മായി റെക്ടറച്ചൻ ബന്ധപ്പെടുകയും അവിടത്തെ ഡോക്ടേഴ്സിന്റെ ചികിത്സ തേടുകയും ചെയ്തിരുന്നു.

ഇൻഡ്യയിലെ സെമിനാരികളിൽ ആദ്യം യോഗാ ക്ലാസ് Curriculum-ത്തിൽ ഉൾപ്പെടുത്തിയത് വടവാതൂർ സെമിനാരിയാണ്. ആദ്യവർഷത്തെ ശ്രീ കാരാമ ചാക്കോച്ചന്റെ (പാലാ) ക്ലാസ്സും, രണ്ടാമത്തെ വർഷം മുതൽ ശ്രീ ബോധാനന്ദ സ്വാമിയുടെയും ശിഷ്യൻ ശ്രീ ശിവദാസിന്റെയും യോഗാ ക്ലാസ്സും പരിശീലനവും ലഭിച്ചിരുന്നു. പിന്നീട് ബഹു. ജോസഫ് മാണിക്കത്തച്ചന്റെ നേതൃത്വത്തിൽ ആദ്യ സെമസ്റ്ററിൽ ക്രമമായി യോഗാ ക്ലാസ്സുകളും യോഗാഭ്യാസവും നടന്നിരുന്നു. പിന്നീട്, പരിശീലനം സിദ്ധിച്ച വൈദികാർത്ഥികൾ തന്നെ Demonstrate ചെയ്തുവന്നു. കുട്ടികളുടെ ശാരീരികാരോഗ്യത്തിനും മാനസിക ഏകാഗ്രതയ്ക്കും പ്രാർത്ഥനക്കും യോഗ ഏറെ സഹായിച്ചു. ഞങ്ങളിൽ പലരും വർഷങ്ങളോളം യോഗ പരിശീലിക്കുന്നവരാണ്.

malankaralibrary.com

## കായികമേഖല

സെമിനാരി പരിശീലനത്തിൽ സ്പോട്സിനും ഗെയിംസിനും പ്രാധാന്യം നൽകിയിരുന്നു. പുതിയതായി ഒരുക്കിയ കോർട്ട് പുതിയ ബാച്ചുകാർക്ക് നല്കിയിട്ട് സീനിയേഴ്സ് പുതിയ കോർട്ട് നിർമ്മിച്ചിരുന്നു. ആരംഭകാലത്തെ പരിമിതികളെയെല്ലാം അതിജീവിച്ച് ഏഴു ബാച്ചുകാരും എത്തിയപ്പോൽ ആവശ്യമായ കളിക്കളങ്ങൾ സജ്ജീകൃതമായിരുന്നു.

സ്പോർട്സും ഗെയിംസും കായികാധ്വാനത്തിന്റെ പ്രാധാന്യം എടുത്തുകളഞ്ഞില്ല. ഏഴുകൊല്ലംകൊണ്ട് നട്ടവൃക്ഷങ്ങൾ മാവും, പ്ലാവും, Drooping Ashoka കളും വളർന്നുയർന്നു. വ്യാഴാഴ്ച രാവിലെ വി. കുർബാനയും ബ്രെക്ക്ഫസ്റ്റും കഴിഞ്ഞ് ഒരു നടപ്പുണ്ടായിരുന്നു. തിരിച്ചെത്തിക്കഴിഞ്ഞ് സ്വന്തം മുറികൾ വൃത്തിയാക്കിയിരുന്നു. അന്നുച്ചകഴിഞ്ഞ് സെമിനാരി മുഴുവനും പരിസരങ്ങളും ശുചിയാക്കിയിരുന്നു. വ്യാഴാഴ്ച ക്ലാസ്സ് ഇല്ലാതിരുന്നതിനാൽ hair dressing പോലുള്ള സേവനത്തിനു സമയം കണ്ടെത്തുമായിരുന്നു വസ്ത്രങ്ങൾ പുറത്തുകൊടുത്തലക്കിക്കുകയായിരുന്നു പതിവ്.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് വേദപാഠ ക്ലാസ്സെടുക്കാനുള്ള പരിശീലനം നല്കിയിരുന്നു. ഇന്നത്തെപ്പോലെ ഇടവകകളിൽ പോയി ക്ലാസ്സെടുക്കുന്ന പതിവ് അന്നില്ലായിരുന്നു. ഓരോ ബാച്ചിനെയും മൂന്നും നാലും ഗ്രൂപ്പുകളായി തിരിച്ച്, വിഷയം ഒരുങ്ങി കുട്ടികളെ ഇരുത്തി വേദപാഠ ക്ലാസ്സെടുക്കുമായിരുന്നു. ക്ലാസ് കഴിഞ്ഞ് കുട്ടികളിൽ ഒരാൾ വിലയിരുത്തൽ നല്കിയിരുന്നു. ആദ്യമൊക്കെ റെക്ടറച്ചൻ തന്നെ വിലയിരുത്തൽ നല്കിയിരുന്നു. മുമ്പ് പാലാ രൂപതയിലെ Catechism Director ആയി സേവനം ചെയ്തിട്ടുള്ളതിനാൽ അച്ചനതിൽ പ്രത്യേക താല്പര്യവും നൈപുണ്യവുമുണ്ടായിരുന്നു.

## ചില സുപ്രധാന സംഭവങ്ങൾ:

### സെമിനാരിയുടെ ആരംഭം

1962 ജൂലായ് 3 ന് നടന്ന പുനരുദ്ധരിക്കപ്പെട്ട സീറോ മലബാർ സഭയുടെ വി. കുർബാനയുടെ പ്രഥമ അർപ്പണവും സെമിനാരിയുടെ ഉദ്ഘാടനവുമാണ് ആദ്യം നടന്ന സംഭവങ്ങൾ. രണ്ടു കർമ്മങ്ങളും വളരെ ലളിതവും സുന്ദരവുമായിരുന്നു.

ഞങ്ങളുടെ II വർഷ ഫിലോസഫിയിൽ ഫാ. പീറ്റർ ലൊമ്പാർഡിയുടെയും ടീമിന്റെയും നേതൃത്വത്തിൽ Better World Movement

malankaralibrary.com

Retreat നടന്നു. സെമിനാരി അതിനുവേണ്ടി വേദി ഒരുക്കി. പങ്കെടുത്തവരിൽ പ്രത്യേകം ക്ഷണിക്കപ്പെട്ട വിശിഷ്ടരായ അത്മായരുമുണ്ടായിരുന്നു.

## ലിറ്റർജിക്കൽ വീക്ക് (Liturgical Week)

അതേ വർഷംതന്നെ വേനൽക്കാല അവധിക്ക് ചങ്ങനാശ്ശേരി, പാലാ, കോട്ടയം രൂപതകളിൽ നിന്നുള്ള ഏതാണ്ട് 200 ഓളം വൈദികർക്കായി ഒരു 'Liturgical Week' നടത്തപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ്യ പ്രമാണരേഖകളായ Sacrosanctum Concilium, Lumen Gentium ഇവയായിരുന്നു പഠനവിഷയം. Fr. Joseph Powathil (Late Archbishop Emeritus of Changanacherry (+18-03-2023) ന്റെ നേതൃത്വത്തിലുള്ള ടീം ആണ് ഈ സെമിനാർ അഭിവന്ദ്യ പിതാക്കന്മാരുടെ ആഗ്രഹമനുസരിച്ചും റെക്ടറച്ചന്റെ സഹകരണത്തോടെയും സംഘടിപ്പിച്ചത്. Fr. Bede Griffiths, Fr. Hambey S.J., Fr. John Britto CMI എന്നിവരായിരുന്നു അതിലെ Subject Experts. Conciliar Theology-യുടെ ഒരു പ്രായോഗിക പ്രബോധനത്തിനുള്ള സുവർണാവസരമായിരുന്നു ഈ സെമിനാർ. പങ്കെടുത്ത വൈദികർ ഒന്നിച്ച് സമൂഹബലി അർപ്പിച്ചത് പുതിയൊരു അനുഭവമായിരുന്നു.

## ബഹു. ജോസഫ് പള്ളിക്കാപ്പറമ്പിലച്ചന് നല്കിയ യാത്ര അയപ്പ്

സെമിനാരിയിലെ മൂന്നു വർഷത്തെ സ്തുത്യർഹമായ അധ്യാപനത്തിനുശേഷം റോമിലെ Propaganda de Fide College-ലെ വൈസ് റെക്ടർ ആയി നിയമിതനായ ബഹു.ജോസഫ് പള്ളിക്കാപ്പറമ്പിലച്ചന് (ഇപ്പോൾ പാലാ രൂപതയുടെ Bishop Emeritus) സമുചിതമായ ഒരു യാത്ര അയപ്പ് നല്കി. ഫിലൊസഫി സെക്ഷനിലെ ആദ്യ പ്രൊഫസർ ആയിരുന്നു അച്ചൻ. Logic, History of Philosopy, Cosmology, English ഈ വിഷയങ്ങളെല്ലാം നന്നായി പഠിപ്പിച്ച അച്ചന്റെ ക്ലാസ്സുകൾ ഞങ്ങൾ ആസ്വദിച്ചിരുന്നു. കളിക്കളത്തിലും പൂന്തോട്ടത്തിലും ക്ലാസ്സ് റൂമിലും എപ്പോഴും സംലഭ്യനും പ്രസന്നവദനനുമായിരുന്നു അച്ചൻ. ഞങ്ങൾക്കെല്ലാവർക്കും ഒരു മാതൃകാ അധ്യാപകനായിരുന്നു അദ്ദേഹം. സെമിനാരിക്കാരെ പ്രതിനിധാനം ചെയ്ത് അച്ചന് യാത്രാമംഗളങ്ങൾ നേരാൻ എനിക്കു ഭാഗ്യമുണ്ടായത് നന്ദിയോടെ ഓർക്കുന്നു.

malankaralibrary.com

## മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ

അഞ്ചു വർഷത്തെ റക്ടറച്ചന്റെ പ്രശംസനീയമായ ശുശ്രൂഷയുടെ അംഗീകാരമായി സഭാധികാരികൾ ബഹു. റക്ടറച്ചന് 1967-ൽ മോൺസിഞ്ഞോർ സ്ഥാനം (Papal Chamberlain) നല്കി ആദരിച്ചു. അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവ് ഈ സ്ഥാനം റക്ടറച്ചന് പ്രൗഢഗംഭീരമായ സമ്മേളത്തിൽവച്ച് ഔദ്യോഗികമായി നല്കി. അന്നേദിവസം ഫോൺ സന്ദേശങ്ങൾ സ്വീകരിക്കാൻ എന്നെയാണ് ഏർപ്പെടുത്തിയത്. ആവർത്തിച്ചുവന്ന ലത്തീനിലുള്ള ടെലഗ്രാം സന്ദേശം 'ad multos annos' (for many years) എന്നതിന്റെ അർത്ഥം എക്സ്ചേഞ്ചിൽ ഇരുന്നവർ കൗതുകത്തോടെ പല പ്രാവശ്യം വിളിച്ചന്വേഷിച്ചത് ഇപ്പോഴും ഓർക്കുന്നു.

## Extension Lectures

1965 ഓണം അവധിക്ക് എസ്.ബി. കോളജിലെ ചില പ്രൊഫസേഴ്സിന്റെ നേതൃത്വത്തിൽ നടന്ന ഒരാഴ്ചത്തെ Extension Lectures പുതിയൊരനുഭവമായിരുന്നു. റവ. ഫാ. ജോസഫ് പൗവത്തിൽ പൊളിറ്റിക്സും, പ്രൊഫ. വി.ജെ. അഗസ്റ്റിൻ ഇംഗ്ലീഷും പ്രൊഫ. സി. ഇസഡ്. സ്കറിയ പ്ലാനിങ്ങും പ്രൊഫ. കെ.കെ. ഫ്രാൻസിസ് ഡെമോഗ്രഫിയും ആണ് കൈകാര്യം ചെയ്ത വിഷയങ്ങൾ. ഈ ലക്ചേഴ്സ്, ഫിലൊസഫിയും തീയോളജിയും പഠിപ്പിച്ചിരുന്ന ഞങ്ങൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് കൂടുതൽ വായിക്കാൻ ഒരു ഉത്തേജനം നല്കി. ബഹു. റെക്ടറച്ചനാണ് ഇതെല്ലാം സംഘടിപ്പിച്ചത്.

## സെമിനാരിയുടെ ഔദ്യോഗിക ഉദ്ഘാടനം

1968 ഫെബ്രുവരി 25-ന് നടന്ന സെമിനാരിയുടെ ഔദ്യോഗിക ഉദ്ഘാടനമായിരുന്നു മറ്റൊരു വലിയസംഭവം. റോമിലെ Congrgation for the Oriental Churches ന്റെ പ്രീഫെക്ട് ആയിരുന്ന Maxmilian Cardinal Furstenberg ആണ് സെമിനാരി ഔദ്യോഗികമായി (7-ാം വർഷം) ഉദ്ഘാടനം ചെയ്തത്. നമ്മുടെ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും ധാരാളം വിശിഷ്ടാതിഥികളും ക്ഷണിതാക്കളും പുതുതായി പണിതീർന്ന ഓഡിറ്റോറിയത്തിൽവച്ച് നടത്തിയ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. സമ്മേളനത്തിനുശേഷം സെമിനാരിയുടെ മുൻവശത്തുള്ള വലിയ പൂന്തോട്ടത്തിൽ നടത്തിയ ടീ പാർട്ടി പ്രൗഢവും മനോഹരവുമായിരുന്നു.

malankaralibrary.com



Staff and Final Year Students (1967-68) with Msgr. Kurian Vanchipurackal



malankaralibrary.com

## ആദ്യബാച്ചിന്റെ തിരുപ്പട്ട സ്വീകരണം

ആദ്യ ബാച്ചിൽപെട്ട 33 ഡീക്കന്മാരുടെ തിരുപ്പട്ട സ്വീകരണമായിരുന്നു എല്ലാത്തിനും മകുടം ചാർത്തിയ മഹത്സംഭവം. പുതുതായി പണിതീർന്ന മനോഹരമായ സെമിനാരി ചാപ്പലിൽവച്ചാണ് 1968 ഡിസംബർ 18-ന് ആ മഹനീയകർമ്മം നടന്നത്. അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ, അഭിവന്ദ്യ മാത്യു കാവുകാട്ട്, അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ, അഭിവന്ദ്യ ജോർജ് ആലപ്പാട്ട്, അഭിവന്ദ്യ മാത്യു പോത്തനാംമൂഴി, അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എന്നീ പിതാക്കന്മാർ അവരവരുടെ ഡീക്കന്മാർക്ക് വൈദികപട്ടം ഒരേസമയം നല്കി. ബഹു. ജേക്കബ് വെള്ളിയാനച്ചൻ നയിച്ച സെമിനാരി ക്വയറിന്റെ മനോഹരമായ ഗാനങ്ങളും ബഹു. ജി.റ്റി. വടക്കേൽ അച്ചൻ ഇംഗ്ലീഷിലും മലയാളത്തിലും നല്കിയ കമന്ററിയും വിശുദ്ധമായ ഈ ശുശ്രൂഷയുടെ സൗന്ദര്യം വർദ്ധിപ്പിച്ചു. സെമിനാരി മാതാവ് തന്റെ ആദ്യജാതരായ 33 മക്കൾ കർത്താവിന്റെ പുരോഹിതന്മാരായി അഭിഷേകം ചെയ്യപ്പെട്ടതിൽ ഹൃദയം നിറഞ്ഞ് സന്തോഷിച്ച ആ പുണ്യദിനം സെമിനാരിയുടെ ചരിത്രത്തിൽ എന്നും അവിസ്മരണീയമായി നിലകൊള്ളും.

പുത്തൻ കുർബാനയും ക്രിസ്തുമസ് ശുശ്രൂഷയും കഴിഞ്ഞ് പുത്തനച്ചന്മാർ ജനുവരി 6-ന് തിരിച്ചെത്തി. തുടർന്നുള്ള ദിവസങ്ങളിൽ ചില Special Pastoral Courses ഞങ്ങൾക്കുണ്ടായിരുന്നു. സാധാരണദിവസങ്ങളിൽ വി. കുർബാന സമൂഹ ബലിയായി അർപ്പിച്ചു. ഞായറാഴ്ചകളിൽ ശുശ്രൂഷക്കായി ചിലർ ഇടവകകളിൽ പോയിരുന്നു. വൈദികനായി, പഠിച്ച സെമിനാരിയിൽ രണ്ടുമാസം കഴിയുക വേറിട്ടൊരനുഭവമായിരുന്നു. മാർച്ച 10-ന് Alma Mater നോട് വിടപറഞ്ഞ് ഞങ്ങൾ സ്വന്തം ഇടവകകളിലേക്ക് മടങ്ങി.

## കുടുംബാന്തരീക്ഷം

സെമിനാരി ഒരു കുടുംബം എന്ന കാഴ്ചപ്പാടാണ് ബഹു. റെക്ടറച്ചനുണ്ടായിരുന്നത്. ഈ അന്തരീക്ഷം വളർത്തുന്നതിൽ സഹവൈദികരും സെമിനാരിക്കാരും സഹകരിച്ചു എന്നതാണ് വിജയരഹസ്യം. ഒരു പിതൃപുത്രബന്ധം വൈദികാർത്ഥികളുമായി റെക്ടറച്ചൻ പുലർത്തിയിരുന്നു. കുറവുകൾ ചൂണ്ടിക്കാണിക്കാനും, തിരുത്തലുകൾ സ്വീകരിക്കാനുമുള്ള സ്വാതന്ത്ര്യം സെമിനാരിയിലുണ്ടായിരുന്നു. ഈ സ്വാതന്ത്ര്യം പരസ്പരം കളിയാക്കാനും നർമ്മ രസത്തോടെ കാര്യങ്ങൾ ക്ലാസ് മുറിയിലും സ്റ്റേജിലും അക്കാഡമിയിലും

malankaralibrary.com

കളിക്കളത്തിലും അവതരിപ്പിക്കുന്നതിലും എടുക്കയും കൊടുക്കയും ചെയ്തിരുന്നു. തിരുത്തലുകൾ സ്വീകരിക്കാനുള്ള സന്നദ്ധത പരിശീലനത്തിൽ വളരെ പ്രധാനമാണ്. അതാണ് നമ്മെ വളർത്തുന്നതും കാര്യങ്ങൾ ഒന്നിനുമേൽ മെച്ചപ്പെട്ടു ചെയ്യാൻ സഹായിക്കുന്നതും. പ്രൊഫസേഴ്സിന് സെമിനാരിക്കാരെയും സെമിനാരിക്കാർക്ക് പരസ്പരവും ശരിക്കും അറിയാമായിരുന്നു. ഏഴു ബാച്ചുകളിലായി 300-നു മേൽ സെമിനാരിക്കാരുണ്ടായിരുന്നിട്ടും ആരും ആർക്കും അപരിചിതനായിരുന്നില്ല. ഓരോരുത്തർക്കും എല്ലാവരുമായും കോൺടാക്റ്റ് ഉണ്ടായിരുന്നു. Contact is Vitamin C എന്ന ജർമ്മൻ ചൊല്ല് ഇത്തരുണത്തിൽ ഓർക്കുന്നു.

## വ്യക്തിപരമായ ഊഷ്മള ബന്ധം

1962 ജൂൺ മാസം മുതലേ ബഹു. റെക്ടറച്ചനുമായി നല്ല ബന്ധം ഞാൻ പുലർത്തിയിരുന്നു. ആദ്യ ബാച്ചിന്റെ താല്ക്കാലിക പ്രീഫെക്ടായി ഒരു മാസം സേവനം ചെയ്തു. രണ്ടാം വർഷ ഫിലോസഫിയിൽ ജനറൽ പ്രീഫെക്ടായി ശുശ്രൂഷ ചെയ്തു. ഏഴാം വർഷം ഡീക്കന്മാരുടെ ലീഡർ (ആർച്ചുഡീക്കൻ) ആയി സേവനം ചെയ്തു. നേതൃത്വത്തിനുള്ള ഏറെ അവസരങ്ങൾ ഈ പോസ്റ്റുകൾ എനിക്കു നല്കി. രണ്ടാം വർഷ അവധിക്കാലത്ത് നടത്തിയ ലിറ്റർജിക്കൽ സെമിനാറിൽ കുട്ടികളുടെ ലീഡറായി സേവനം ചെയ്യാൻ അവസരം കിട്ടി. അവധികളുടെ ആരംഭത്തിലും അവസാനത്തിലും റെക്ടറച്ചന്റെ ഔദ്യോഗിക ഫയലുകൾ ക്രമീകരിക്കാൻ ഒന്നു രണ്ടു ദിവസം എന്നെ നിയോഗിച്ചിരുന്നു. അതിലൂടെ Methodology യുടെ പല കാര്യങ്ങളും പഠിക്കാൻ സാധിച്ചു.

ഓരോ കാര്യവും ചെയ്തതിനുശേഷം അതിനെ വിലയിരുത്തി വേണ്ട തിരുത്തലുകളും മെച്ചമായി ചെയ്യാനുള്ള നിർദ്ദേശങ്ങളും റെക്ടറച്ചൻ നല്കുമായിരുന്നു, കൂടെ ചിലപ്പോഴൊക്കെ പൈതൃകമായ ശാസനകളും. കുറവുകൾ പരിഹരിക്കാൻ ഈ അവസരങ്ങൾ ഏറെ സഹായിച്ചു. Student leaders-ൽ ഒത്തിരി വിശ്വാസം അർപ്പിക്കുകയും അവരെ വളരെ വ്യക്തിപരമായി നയിക്കുകയും ചെയ്യുക റെക്ടറച്ചന്റെ പരിശീലനത്തിന്റെ സവിശേഷതയാണ്. ഏതു കാര്യവും കഴിയുന്നിടത്തോളം പൂർണ്ണതയോടെ ചെയ്യാൻ പരിശ്രമിക്കണം എന്ന് അച്ചൻ ഓർപ്പിക്കുമായിരുന്നു. പിന്നീടുള്ള പ്രവർത്തന മേഖലകളിൽ ഈ ഉപദേശം എന്നെ ഏറെ സഹായിച്ചിട്ടുണ്ട്.

malankaralibrary.com

## സമാപന ചിന്തകൾ

വടവാതൂർ സെമിനാരിയിലെ ഏഴു വർഷത്തെ പരിശീലനത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഏറെ അഭിമാനവും നന്ദിയും തോന്നുന്നു. ബഹു. റെക്ടറച്ചന്റെയും മറ്റു പ്രൊഫസേഴ്സിന്റെയും ആത്മാർത്ഥതയും അർപ്പണ മനോഭാവവും ഞങ്ങളെ വളരെ സ്വാധീനിക്കുകയും വളർത്തുകയും ചെയ്തു. പല നല്ല ശീലങ്ങളും, നിഷ്ഠകളും, പുണ്യങ്ങളും പരിശീലിക്കാൻ സാധിച്ചു. ആരംഭത്തിന്റെ പരിമിതികൾ നികത്താൻ വളരെയധികം അധ്വാനിക്കേണ്ടിവന്നതിൽ ഇന്ന് അഭിമാനവും ആനന്ദവും തോന്നുന്നു.

പുതിയ ബാസ്കറ്റ്ബോൾ കോർട്ടുണ്ടാക്കിയപ്പോൾ സിമന്റ് ചെയ്യാൻ പണമില്ലാതിരുന്നതിനാൽ ഗ്രൗണ്ട് ചാണകവെള്ളം തളിച്ച് ലെലിയ നമസ്കാരം കഴിഞ്ഞ് റോളർ ഇട്ടു ഉറപ്പിച്ചതൊക്കെ ഓർക്കുന്നു. അപ്പോഴും ബഹു. റെക്ടറച്ചനും കൂടെ ഉണ്ടായിരുന്നു. നല്ല മോട്ടിവേഷൻ ഉണ്ടായിരുന്നതിനാൽ എല്ലാം ചെയ്യാൻ ഉത്സാഹമായിരുന്നു. ഭാവി പ്രവർത്തനമേഖലകളിൽ അക്ഷീണം അധ്വാനിക്കാനുള്ള ബോധ്യവും മനസ്സും കരുത്തും റെക്ടറച്ചന്റെയും ടീമിന്റെയും പരിശീലനത്തിലൂടെ സ്വന്തമാക്കാൻ സാധിച്ചു എന്നത് നന്ദിയോടെ ഓർക്കുന്നു.



Major Archbishop Cardinal Josyf Slipyj of Ukraine Church writes his message in the visitors' diary of the Seminary

malankaralibrary.com



Seminary Chapel

വൈദിക പരിശീലനരംഗത്ത് ഒരു ബഹുമുഖപ്രതിഭയായ റെക്ടറച്ചന്റെ നേതൃത്വമാണ് ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിച്ചത് എന്നത് സത്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവീക്ഷണമനുസരിച്ച് ആനുകാലികമായ വൈദികപരിശീലനം നേടാൻ സാധിച്ചത് ദൈവകൃപയാണ് എന്ന ബോധ്യം ഞങ്ങൾക്കുണ്ട്. വൈദിക പരിശീലനം പരിശുദ്ധാത്മാവിന്റെയും സഭയുടെയും സഭാപരിശീലകരുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾവഴി പൂർത്തിയാകേണ്ട ഗൗരവമായ ദൗത്യമാണ്. സീറോ മലബാർ സഭയെ ആദ്യമായി ഏല്പിച്ച സ്വന്തമായ മേജർ സെമിനാരിയുടെ പ്രഥമ റെക്ടർ എന്ന നിലയിൽ, തന്നെ ഏല്പിച്ച ദൗത്യം ബഹു. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ അഭിനന്ദനാർഹമായ വിധത്തിൽ നിർവഹിച്ചു എന്ന വസ്തുത നമ്മുടെ സഭാചരിത്രത്തിൽ സുവർണലിപികളിൽ എഴുതപ്പെടേണ്ടതാണ് എന്നതിൽ രണ്ടുപക്ഷമില്ല. ബഹു. റെക്ടറച്ചൻ ഈശോയുടെ മുന്തിരിത്തോട്ടത്തിൽ പൂർത്തിയാക്കിയ മഹനീയ ശുശ്രൂഷയ്ക്ക് അവിടന്നു പ്രതിസമ്മാനമേകട്ടെ എന്ന പ്രാർത്ഥനയോടെ, ഞങ്ങളുടെ പ്രിയപ്പെട്ട റെക്ടറച്ചന് ആയിരം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്, ഈ ഓർമ്മക്കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.

malankaralibrary.com

# ബഹു. മോൺ. വഞ്ചിപ്പുരക്കലച്ചന്റെ സ്നേഹസൗഹൃദം

**ഫാ. തോമസ് ചക്കാലയിൽ**
**മാർ അപ്രേം പ്രീസ്റ്റ് ഹോം, പാലാ**



വടവാതൂർ സെമിനാരിയിൽ ഏഴു വർഷത്തെ പരിശീലനം കഴിഞ്ഞ് പൗരോഹിത്യപട്ടവും സ്വീകരിച്ച് കൊച്ചച്ചന്മാരെല്ലാം സ്വന്തം ഇടവകകളിലേയ്ക്ക് മടങ്ങാൻ ഒരുങ്ങുന്ന നാളുകളിൽ ബഹു. ജേക്കബ് വെള്ളിയാനച്ചൻ എന്നെ വിളിച്ചു പറഞ്ഞു: "ഞാനും വഞ്ചിപ്പുരയ്ക്കൽ അച്ചനും കൂടി പാലായിൽ ചെന്ന് അഭിവന്ദ്യ വയലിൽ പിതാവിനെ കണ്ട് ഫാ. ചക്കാലയെ സംഗീതം പഠിക്കാൻ പോകാൻ അനുവാദം വാങ്ങിയിട്ടുണ്ട്. പിതാവ് വിളിച്ചു ചോദിയ്ക്കുമ്പോൾ അച്ചൻ സമ്മതം ആണെന്നു പറയണം."

ആ ദിവസങ്ങളിൽ വയലിൽ പിതാവ് എന്നെ വിളിപ്പിച്ച് അക്കാര്യത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ തിരക്കി. പിതാവിന്റെ സംസാരത്തിൽനിന്നും സംഗീതം പഠിക്കാൻ വിടുന്നതിന് പിതാവിനും താല്പര്യമാണെന്ന് മനസ്സിലായി. പക്ഷേ, 4 വർഷം എന്നു കേട്ടപ്പോൾ അല്പം മനഃപ്രയാസവും. മാത്രമല്ല, പട്ടം കഴിഞ്ഞ ഉടനെ പഠിക്കാൻ വിടുന്നത് ഉചിതമല്ലാ എന്നു പറഞ്ഞ് ചില സീനിയർ അച്ചന്മാർ പിതാവിനെ നിരുത്സാഹപ്പെടുത്തിയിരുന്നു. തിരുവനന്തപുരത്ത് താമസ സൗകര്യമൊക്കെ എവിടെയാണെന്ന് പിതാവ് ചോദിച്ചു. ഞാൻ പറഞ്ഞു: "ലൂർദ് സെന്ററിലാണ്." ബഹു. കാട്ടടി അച്ചൻ ആണ് അവിടുത്തെ വികാരി. ഞാൻ അവിടെ ചെല്ലുന്നത് അച്ചനും താല്പര്യമായിരുന്നു. ഒരു അസ്തേന്തിയച്ചന്റേതായ സഹാ

malankaralibrary.com

യവും കിട്ടുമല്ലോ എന്നും അച്ചൻ പറഞ്ഞു. അത് പിതാവിന് ഇഷ്ടപ്പെട്ടു. ഞാൻ സുരക്ഷിതനായിരിക്കുമല്ലോ എന്ന ചിന്ത; എന്നാലും പിതാവ് പറഞ്ഞു നിറുത്തിയത് "ആകട്ടെ ചെന്നു തുടങ്ങി നോക്ക്" എന്നു പറഞ്ഞാൽ എപ്പോൾ വേണമെങ്കിലും തിരിച്ചു വിളിക്കാമല്ലോ എന്ന ഒരു സൂചനയും. വഞ്ചിപ്പുരയ്ക്കൽ അച്ചൻ പിതാവിന് കൊടുത്ത ആ ഉറപ്പ് പിതാവ് മുഖവിലയ്ക്ക് എടുക്കുകയായിരുന്നു.

പഠനം കഴിഞ്ഞ് ഞാൻ തിരിച്ചു വരുന്നത് 1973 ജൂണിലാണ്. ആ വർഷം തന്നെ ഓഗസ്റ്റ് 15-ന് ആയിരുന്നു അഭിവന്ദ്യ പള്ളിയ്ക്കാപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേകം. പാലാ സെന്റ് തോമസ് കോളേജിന്റെ മുമ്പിലുള്ള മൈതാനമാണ് വേദി. പടുകൂറ്റൻ പന്തലും അതിനൊത്ത സ്റ്റേജും. ആ ശുഭാവസരത്തിൽ ക്വയറിന്റെ ചുമതല വഞ്ചിപ്പുരയ്ക്കലച്ചൻ എന്നെയാണ് ഏല്പിച്ചത്. ഞാൻ റോമിൽ പോയതും, പരി. പിതാവിനെ കണ്ട് കൈമുത്തിയതും, കുശലം ചോദിച്ചുകൊണ്ട് ഓർമ്മയ്ക്കായി കൊന്ത തന്നതും, പിതാവിന്റെ ചെറിയ പ്രൈവറ്റ് ചാപ്പലിൽ സമൂഹബലിയ്ക്കു കൂടുന്നതും ഒക്കെയുള്ള ഫോട്ടോകൾ കാണിച്ചപ്പോൾ വഞ്ചിപ്പുരയ്ക്കലച്ചന്റെ കമന്റ്. "ആ ധന്യനിമിഷത്തിന്റെ ആഹ്ലാദവും, സംതൃപ്തിയും അച്ചന്റെ ചിരിയിൽ സ്ഫുരിക്കുന്നുണ്ട്." അച്ചൻ അങ്ങനെ പറയാൻ കാരണം ക്യാമറായും ഫോട്ടോ എടുക്കലും അച്ചന് എന്നും ഒരു ഹരമായിരുന്നു എന്നതുതന്നെ.

അച്ചന്റെ അക്കാലത്തെ പുതിയ ഒരു സംരംഭം ആയിരുന്നു ബൈബിൾ സർവീസ്. മൂന്നു ചെറിയ പുസ്തകങ്ങൾ അച്ചടിച്ച്, ക്ഷണം സ്വീകരിച്ച് വിവിധ സ്ഥലങ്ങളിൽ അച്ചൻ പോകുമ്പോൾ പാടാനും, കൂടാനും ഞങ്ങൾ മൂന്നു, നാല് പേരെയും അച്ചൻ കൊണ്ടുപോയിരുന്നു.

ഒരിക്കൽ പാലാ രൂപതയിലെ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു സമ്മേളനം അഭിവന്ദ്യ വയലിൽ പിതാവ് പാലായിൽ വിളിച്ചുകൂട്ടി. വലിയ ആഴ്ചയിലെ തിരുകർമ്മങ്ങളും ഗാനങ്ങളും അടങ്ങുന്ന അച്ചടിച്ച പുതിയ മലയാള പുസ്തകം പരിചയപ്പെടുത്താനായിരുന്നു അത്. റെക്ടർ അച്ചനും വെള്ളിയാനച്ചനും പങ്കെടുത്തിരുന്നു. അവർ എന്നേയും കൂടെ കൊണ്ടുപോയി. ഇടയ്ക്ക് അതിലെ മൂന്നു നാലു ഗാനങ്ങൾ ഒന്നു പാടി കേൾപ്പിക്കുവാൻ പറഞ്ഞ് മൈക്ക് എന്നെ ഏല്പിച്ചു. പാട്ടു

malankaralibrary.com

കഴിഞ്ഞപ്പോൾ ഒരു വല്യച്ചൻ എഴുന്നേറ്റുനിന്ന് പകുതി തമാശയും പകുതി കാര്യമായും പറഞ്ഞു. "ഇങ്ങനെയൊക്കെ പാടാൻ ഞങ്ങൾ ആരും ശാസ്ത്രീയ സംഗീതം ഒന്നും പഠിച്ചിട്ടില്ലല്ലോ." എല്ലാവരും ഉറക്കെ ചിരിച്ചു.

ബഹു. മോൺ. കുര്യൻ വഞ്ചിപ്പുരക്കലച്ചന്റെ വ്യക്തിപരമായ സ്നേഹസൗഹൃദം വ്യക്തമാക്കാൻ എനിക്കതിയായ സന്തോഷമാണ്. വടവാതൂർ സെമിനാരിയിലെ രണ്ടാം ബാച്ച് തുടങ്ങിയവർഷം തുടക്കത്തിൽ ഒന്നു രണ്ടു ആഴ്ചത്തേയ്ക്ക് ഞാൻ ഇല്ലായിരുന്നു. വാക്കത്തികൊണ്ട് കാലിൽ ഏറ്റ, ഒരു വലിയ മുറിവുമായി ഞാൻ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇക്കാര്യം ബഹു. വികാരിയച്ചൻ റെക്ടർ അച്ചനെ വിളിച്ച് അറിയിച്ചിരുന്നു. എന്നെ കാണാതെ വന്നപ്പോൾ കൂട്ടുകാരൊക്കെ തിരക്കി. "ഈ ചക്കാല എവിടെപ്പോയി? നിറുത്തിയോ? പോയോ?" എന്നൊക്കെ കുശുകുശുക്കാൻ തുടങ്ങി. കാലിലെ പ്ലാസ്റ്റർ ഒക്കെ മാറ്റിയതിനുശേഷം ഞാൻ സെമിനാരിയിൽ ചെന്ന ഉടനെ റെക്ടറച്ചനെ ചെന്നു കണ്ടു. അച്ചൻ പറഞ്ഞു 'സാരമില്ല, എല്ലാം ശരിയാകും, കുറെ ടോണിക്കുകളും, ഗുളികകളും തന്നുവിട്ടു.

ഏതാണ്ട് ഒരുമാസം കഴിഞ്ഞപ്പോൾ റെക്ടറച്ചൻ എന്നെ വിളിച്ചു പറഞ്ഞു 'ആ കിഴക്കേക്കര ഈപ്പച്ചന്റെ വീട്ടിൽ ഒരു തിരുമ്മുകാരൻ വന്നിട്ടുണ്ട്. ഈപ്പച്ചൻ നാളെമുതൽ തിരുമ്മിക്കാൻ പോവുകയാണ്. ചക്കാലയും കൂട്ടത്തിൽ പോയി തിരുമ്മിച്ചിട്ടുവരണം. ഇത്രയും വലിയ മുറിവ് ഉണ്ടായതിനാൽ ഭാവിയിൽ കാല് ശോഷിക്കുവാൻ ഇടയുണ്ട്. സെമിനാരിയിലെ ഓരോരുത്തരേയും കുറിച്ച് അച്ചനുണ്ടായിരുന്ന ഉൽക്കണ്ഠയും, ഉൾക്കാഴ്ചയും, പരിഗണനയുമാണ് ഇതു തെളിയിക്കുന്നത്.

ഒരിക്കൽ റെക്ടറച്ചൻ എന്നെ വിളിച്ചു പറഞ്ഞു "അടുത്ത ആഴ്ചയിൽ മാർഗ്ഗംകളി പഠിപ്പിക്കുവാൻ ഒരു ആശാൻ വരുന്നുണ്ട്. അതിന് പറ്റിയ 12 പേരെ ചക്കാല സെലക്ട് ചെയ്തു നിറുത്തണം." പറഞ്ഞതുപോലെ ആശാൻ വന്നു. അയാൾ രണ്ടു മൂന്നു ദിവസം കൊണ്ട് മാർഗ്ഗംകളി, കോൽകളി, പരിചമുട്ടുകളി എന്നിവയുടെ ബാലപാഠങ്ങൾ പറഞ്ഞും കാണിച്ചും തന്ന് അരങ്ങേറ്റവും കഴിഞ്ഞ് പോയി. ആശാൻ പറഞ്ഞതിൽനിന്നും പല പല പരിഷ്ക്കാരങ്ങളും, നവീകരണങ്ങളും നടത്തിയാണ് ഞങ്ങൾ കളി രംഗത്ത് അവതരി

malankaralibrary.com

പ്പിച്ചത്; വേഷഭൂഷാദികളിലും, സ്റ്റെപ്പുകളിലും, സിഗ്നലുകളിലും. വാളുകളും പരിചയുകളുമായി കളിക്കാൻ രംഗത്ത് മിന്നിമറയുമ്പോൾ ആരുടെയെങ്കിലും ഒരു സ്റ്റെപ്പ് തെറ്റിയാൽ കളി കുളമാകും, കൂട്ടിയിടിച്ചുമാകും ഫലം. മദ്ധ്യത്തിൽ കത്തിനില്ക്കുന്ന നിലവിളക്കു പോലും തെറിച്ചുവീഴും. കാണികൾക്കും, കളിക്കാർക്കും, വിശിഷ്ടാതിഥികൾക്കും, സർവ്വോപരി റെക്ടറച്ചനും അതു നാണക്കേടാകും. ഭാഗ്യവശാൽ അങ്ങനെയൊന്നും സംഭവിച്ചില്ല.

മൂന്നു നാലു വർഷം തുടർച്ചയായി സെമിനാരി ക്വയറിനെ നയിക്കേണ്ടി വന്നപ്പോൾ ഒരുദിവസം ഞാൻ റെക്ടറച്ചനോടു ചോദിച്ചു. "ഈ ക്വയർ മാസ്റ്റർ വകുപ്പ് ഒന്ന് മാറ്റിത്തരാമോ? ക്വയറിനും മാർഗ്ഗം കളിക്കുമൊക്കെയായി ഒത്തിരി സമയം പോകുന്നു. മാത്രമല്ല പഠനത്തിനു ഞാൻ അല്പം പുറകിലുമാണ്. 'ഇതൊക്കെ ജീവിതത്തിന്റെ ഒരു ഭാഗമാണ് ഇപ്പോൾ മാറ്റുന്നില്ല. ശ്രദ്ധിച്ചു പഠിച്ചാൽ മതിയെന്നു പറഞ്ഞു വിട്ടു. ഫൈനൽ വർഷം തുടക്കത്തിലെ ഞാൻ ഇക്കാര്യം ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചു. "ഈ വർഷം വളരെ പ്രധാനപ്പെട്ടതാണ്, വർഷാവസാനം ഓഡിറ്റോറിയം വെഞ്ചിരിപ്പ്, ചാപ്പൽ കോൺസിക്രേഷൻ, എല്ലാ പിതാക്കന്മാരും ഒരുമിച്ച് നിരന്നുനിന്നുള്ള പട്ടം കൊടുക്കൽ തുടങ്ങിയ അധിക ചുമതലകളും ഉണ്ട്" എന്ന് ഓർമ്മിപ്പിച്ചു വിടുകയാണ് ബഹു. റെക്ടറച്ചൻ ചെയ്തത്.

ചാപ്പലിലും കുർബ്ബാനയ്ക്കും, കാനോന നമസ്ക്കാരത്തിലും ഒക്കെ അപസ്വരം ഒരിക്കലും അച്ചൻ സഹിക്കില്ല. മെയിൻ സെലിബ്രെന്റിന്റെ ട്യൂണും, പിച്ചും ഫോളോ ചെയ്യണം എന്നും അച്ചന് നിർബന്ധമായിരുന്നു.

ബഹു. വഞ്ചിപ്പുരയ്ക്കൽ അച്ചൻ കൊടുത്ത ഉറപ്പുകൊണ്ടോ എന്തോ ഞാൻ ഒരിടത്തും അസ്തേന്തിയാകാതെതന്നെ, വയലിൽപ്പിതാവ് എന്നെ സ്കൂളിലെ ചുമതലകൾക്ക് ഒപ്പം, പള്ളി വികാരിയായിട്ടും, പള്ളി പുതുക്കിപ്പണിയാനായിട്ടും ഒക്കെ നിയമിക്കുകയായിരുന്നു. ദൈവാനുഗ്രഹത്താൽ പാളിച്ചകൾ ഒന്നും ഉണ്ടായിട്ടില്ല.

എന്റെ എല്ലാ പ്രതിസന്ധികളിലും ബഹു. മോൺ. വഞ്ചിപ്പുരയ്ക്കൽ അച്ചൻ എനിക്ക് എന്നും താങ്ങും തണലുമായിട്ട് നിന്നിട്ടുണ്ട് എന്ന വസ്തുത ഞാൻ നന്ദിയോടെ ഓർക്കുന്നു. സർവ്വശക്തന്റെ നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് നിറുത്തട്ടെ.

malankaralibrary.com

# ബഹു. മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ ഞങ്ങളെ സ്വാധീനിച്ച പുരോഹിതശ്രേഷ്ഠൻ

**ഫാ. തോമസ് കോട്ടൂർ** **ഫാ. സിറിയക്ക് പടപുരയ്ക്കൽ**





ഞങ്ങളുടെ ജീവിതസായസായാഹ്നത്തിൽ അൻപതുവർഷങ്ങളുടെ പിന്നിലേക്കു തിരിഞ്ഞു ചിന്തിക്കുമ്പോൾ മേജർസെമിനാരിയിൽ കഴിഞ്ഞ വർഷങ്ങൾ ഏറ്റവും വിലപ്പെട്ടതായി തോന്നുന്നു. അതിനു കാരണമായി ഞങ്ങൾ കരുതുന്നത് മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പിരയ്കലച്ചന്റെ നേതൃത്വപാടവമാണ്. റെക്ടർ എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ സമീപനവും മനുഷ്യത്വത്തെ ആദരിക്കുന്ന മനോഭാവവുമാണ് ഇതിനു കാരണം. വൈദികപരിശീലനവേദിയാണെങ്കിലും നല്ല മനുഷ്യത്വമാണ് വൈദികരുടെ അടിസ്ഥാന സ്വഭാവമായിരിക്കേണ്ടതെന്ന് അദ്ദേഹം കരുതിയിരുന്നു. എല്ലാവരുടെയും മനുഷ്യത്വത്തെ അദ്ദേഹം ആദരിക്കുകയും ആദരിക്കാൻ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്തു. ചെറിയ കാര്യങ്ങളിലും വളരെ ശ്രദ്ധിച്ചിരുന്ന കുര്യനച്ചൻ അതേ പരിശീലനം സെമിനാരിക്കാർക്കും നൽകിയിരുന്നു. കറന്റ്, വെള്ളം മുതലായ കാര്യങ്ങളിൽ മിതത്വം പാലിക്കാൻ ഈ പരിശീലനം ഇന്നും ഞങ്ങളെ സഹായിക്കുന്നു.

malankaralibrary.com

വഞ്ചിപ്പുരയ്ക്കലച്ചനെപ്പറ്റി ഓർക്കുമ്പോൾ ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ട വൈദികൻ എന്നു പറയാൻ ആഗ്രഹിക്കുന്നു. വൈദികപരിശീലനരംഗത്ത് കുര്യനച്ചന്റെ പ്രാഗൽഭ്യം സവിശേഷമാണ്. ഞങ്ങളുടെ പുരോഹിതജീവിതത്തിന് അടിത്തറയിടുന്നതിൽ അദ്ദേഹത്തിന്റെ വചനങ്ങളും ജീവിതമാതൃകയും നിർണായകപങ്ക് വഹിച്ചിട്ടുണ്ട്.

സീറോമലബാർ സഭയുടെ പ്രഥമ സെമിനാരിയെന്ന നിലയിൽ ഇതിന്റെ സവിശേഷ തനിമ സ്ഥാപിക്കാനും നിലനിർത്താനും വളരെ ശ്രദ്ധിച്ചിരുന്നു. ആരംഭകാലഘട്ടമായതിനാൽ ചില നല്ല പാരമ്പര്യങ്ങൾക്ക് അടിസ്ഥാനമിടുവാൻ അദ്ദേഹത്തിനു സാധിച്ചു. അതുകൊണ്ട് ആരംഭംമുതലേ വടവാതൂർ സെമിനാരിക്കാർക്ക് അവരുടെ പരിശീലന സ്ഥാപനത്തെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കുവാൻ സാധിച്ചിരുന്നു.

സെമിനാരിയുടെ തുടക്കമെന്നനിലയിൽ ആദ്യബാച്ചുമുതൽ ഒരോരുത്തരേയും ആഴമായി മനസ്സിലാക്കാനും പേരുചൊല്ലി വിളിക്കാനും സാധിച്ചത് 'നല്ല ഇടയന്റെ' സവിശേഷതയായി ഞങ്ങൾ കണ്ടു. ഓരോരുത്തരുടെയും കഴിവുകളും ദൗർബല്യങ്ങളും മനസ്സിലാക്കി നിർണായകമായ ഇടപെടലുകൾ നടത്തുമായിരുന്നു. വ്യത്യസ്ത രൂപതകൾ, പ്രാദേശിക വൈവിധ്യം എല്ലാം കണക്കിലെടുത്ത് തനതായ വ്യക്തിത്വം നഷ്ടപ്പെടുത്താതെ പുരോഹിത വ്യക്തിത്വം കരുപ്പിടിപ്പിക്കുന്നതിൽ അദ്ദേഹം സമർത്ഥനായിരുന്നു.

ഓരോരുത്തരെയും പേരുചൊല്ലി വിളിച്ചിരുന്ന അച്ചൻ ഒറ്റനോട്ടത്തിലും അല്പനേരത്തെ സംഭാഷണത്തിലൂടെയും നമ്മുടെ ഹൃദയം കവരുമായിരുന്നു. അധികാരികളെ കാണുമ്പോൾ ചിലർ ഓഴിഞ്ഞുമാറാൻ ശ്രമിക്കാറുണ്ട്. അതുപോലെ കുര്യനച്ചനെ കാണുമ്പോൾ ആരും ചെയ്തിരുന്നില്ലെന്നു മാത്രമല്ല അഭിമുഖീകരിക്കാൻ ഇഷ്ടവുമായിരുന്നു. ഓരോരുത്തരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് അതിന് പരിഹാരം കണ്ടെത്താൻ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. ശരീരക്ഷീണം കണ്ടറിഞ്ഞ് ആവശ്യപ്പെടാതെതന്നെ പ്രത്യേക ഭക്ഷണം നൽകാനും രക്തദാനം ചെയ്യുന്നവർക്ക് ഒരു ഗ്ലാസ്സ് പാൽ സ്പെഷൽ നൽകാനും അദ്ദേഹം നിർദ്ദേശം നൽകിയിരുന്നു.

പ്രധാന അവസരങ്ങളിൽ മാത്രം നൽകിയിരുന്ന അദ്ദേഹത്തിന്റെ പരിശീലന പ്രഭാഷണങ്ങൾ ലളിതവും ആശയസമ്പുഷ്ടവും

malankaralibrary.com

ജീവിതബന്ധിയുമായിരുന്നു. സെമിനാരി പരിശീലകൻ എന്ന നിലയിൽ ഒരു സഹയാത്രികനേപ്പോലെ സ്നേഹപൂർവം ശാസിക്കുകയും തിരുത്തുകയും ചെയ്യുമായിരുന്നു. പിതൃതുല്യമായ ആ ഇടപെടലുകൾ ആരെയും മുറിപ്പെടുത്തിയിരുന്നില്ല. ഓരോരുത്തരുടെയും കലാ-സാഹിത്യ അഭിരുചികൾ വളർത്തുവാനുള്ള പഠനേതരപരിപാടികൾ വളരെ പ്രോത്സാഹിപ്പിച്ചിരുന്നു. സന്ദർശകരായി വരുന്ന വിശിഷ്ടവ്യക്തികളെ പരിചയപ്പെടുത്തുകയും ഇടപഴകുവാൻ അവസരവുമൊരുക്കുകയും ചെയ്തു.

സെമിനാരികെട്ടിടത്തിന്റ നിർമ്മാണത്തിലും എല്ലാം സജ്ജീകരിക്കുന്നതിലും അച്ചന്റെ മികവുറ്റ സൂക്ഷ്മത എടുത്തുപറയേണ്ടതാണ്. കാണുന്ന എല്ലാവരും പ്രശംസിക്കുന്ന സെമിനാരിയുടെ ആകമാനമുള്ള പ്ലാനിംഗിൽ അച്ചന്റെ സ്വാധീനം എത്രത്തോളമെന്ന് അറിയില്ലെങ്കിലും അതിന്റെ നിർമ്മാണത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ ഞങ്ങൾ കണ്ടറിഞ്ഞതാണ്. ആർഭാടം വെടിഞ്ഞും എന്നാൽ സാധനങ്ങളുടെ ഗുണമേന്മ നിലനിർത്തിയും എല്ലാം തയ്യാറാക്കാൻ ശ്രമിക്കുമായിരുന്നു. അടുത്തകാലത്ത് ഈ സെമിനാരിയുടെ വരാന്തയിലൂടെ നടന്നപോയപ്പോൾ ഉദ്ദേശം അറുപത് വർഷംമുമ്പ് നിരത്തിയ മൊസെയക്ക് ടൈൽസിന്റെ ഗുണമേന്മ സ്പർശിച്ചറിയാൻ സാധിച്ചു.

1966-67 കാലഘട്ടത്തിൽ സെമിനാരി ചാപ്പൽ നിർമ്മാണം നടക്കുമ്പോൾ ഒഴിവുസമയങ്ങളിലെല്ലാം അദ്ദേഹം ചാപ്പലിൽ സന്നിഹിതനായി വ്യക്തിപരമായി ശ്രദ്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് കാണാമായിരുന്നു. അങ്ങനെ അതും പൗരസ്ത്യ പാരമ്പര്യത്തിൽ മികവുറ്റ ചാപ്പലായിമാറി.

തന്നെ ഏല്പിച്ച ജോലികളെല്ലാം വിശ്വസ്തതയോടെയും സ്തുത്യർഹമായ വിധവും പൂർത്തിയാക്കിയ ഈ വൈദികശ്രേഷ്ഠന് നിത്യപുരോഹിതനായ ഈശോ ശ്രേഷ്ഠമായ പ്രതിഫലം നൽകട്ടെ! കേരളസഭയിൽ അനേകം വൈദികർക്ക് മികച്ച വൈദികപരിശീലനം നൽകാൻ ഉചിതമായ നിലയിൽ വടവാതൂർ സെമിനാരിക്ക് അടിത്തറയിട്ട് നട്ടുവളർത്തി വടവൃക്ഷമാക്കിയ വഞ്ചിപ്പുരയ്ക്കൽ ബഹു. കുര്യനച്ചന് പ്രണാമം!

malankaralibrary.com

# ക്രാന്തദർശിയായ മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ

**ഫാ. ജോസഫ് തൈയ്യിൽ**



പാലാ രൂപതയിൽ കടുത്തുരുത്തി ഇടവകാംഗമായിരുന്ന കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ പാലാ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന വയലിൽ സെബാസ്റ്റ്യൻ തിരുമേനിയുടെ സെക്രട്ടറിയായിരുന്നു. റോമിൽനിന്നും കാനൻ നിയമത്തിൽ D.C.L. ഡിഗ്രി എടുത്തതിനു ശേഷം തിരിച്ചെത്തിയ അദ്ദേഹം വയലിൽ പിതാവിന്റെ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് കേരളത്തിലെ ഏതദ്ദേശീയ വൈദിക വിദ്യാർത്ഥികൾക്കുള്ള രണ്ടാമത്തെ സെമിനാരി വടവാതൂരിൽ ആരംഭിക്കുന്നത്. അതിന്റെ ഭരണഭാരം മംഗലപ്പുഴയുടേതുപോലെ ഏതെങ്കിലും സന്യാസസമൂഹത്തെ ഏല്പിക്കുവാനായിരുന്നു ആദ്യത്തെ ആലോചനയെങ്കിലും ഏതദ്ദേശീയ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ കേരളത്തിലെ ഏതദ്ദേശീയ വൈദികരെത്തന്നെ ഏല്പിക്കുവാൻ റോം തീരുമാനിച്ചു. അഭ്യസ്തവിദ്യരായ ധാരാളം വൈദികർ കേരളത്തിലെ വിവിധ രൂപതകളിലുണ്ടെന്നും അവരിൽനിന്നും പറ്റിയ ആളുകളെ തിരഞ്ഞെടുത്ത് വൈദികപരിശീലനം അവരുടെ നേതൃത്വത്തിലായിരിക്കണമെന്നും മെത്രാൻസമതി തീരുമാനിച്ചു. ഇതിന്റെ വെളിച്ചത്തിലാണ് പുതിയതായി സ്ഥാപിതമായ വടവാതൂർ റീജിയണൽ സെമിനാരിയുടെ വൈസ്റെക്ടർ ആയി ബഹു കുര്യൻ വഞ്ചിപ്പുരക്കലച്ചനെ നിയമിക്കുന്നത്. പഠിക്കാനും പഠിപ്പിക്കാനും കഴിവുണ്ടായിരുന്ന അദ്ദേഹം പാലാ രൂപതയ്ക്ക് മതപഠനരംഗത്ത് ഏറെ സംഭാവനകൾ നൽകിയ ഒരു മാർഗ്ഗദർശികൂടിയായിരുന്നു.

malankaralibrary.com

വടവാതൂരെ പുതിയ സെമിനാരി കെട്ടിടം പണിചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അത്. തത്വശാസ്ത്ര വിഭാഗക്കാർക്കുള്ള ഭാഗം മാത്രമായിരുന്നു ഏകദേശം പണി പൂർത്തിയായിരുന്നത്. സമചതുരാകൃതിയിലുള്ള സെമിനാരി കെട്ടിടത്തിന്റെ ക്ലാസ്സ് മുറികൾക്കുള്ള മുൻഭാഗവും പ്രഫസർമാർക്കുള്ള പിൻഭാഗവും മാത്രമെ പണികഴിഞ്ഞിരുന്നുള്ളു. മുൻഭാഗത്തെ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ റെക്ടർക്കും താഴത്തെനിലയിൽ പ്രൊക്കുറേറ്റർക്കുമുള്ള മുറികളും ബാക്കി ഭാഗങ്ങളിൽ ക്ലാസ്സ് മുറികളും തന്നെയായിരുന്നു.

തത്വശാസ്ത്ര വിഭാഗക്കാർക്കായി 3 നിലകളിലുള്ള രണ്ടു കെട്ടിടങ്ങൾ തയ്യാറായിരുന്നു. ആദ്യത്തേതിന്റെ മൂന്നു നിലകളും അവർക്കു താമസിക്കാനും രണ്ടാമത്തേതിന്റെ താഴത്തെനില അവരുടെ ഭക്ഷണശാലയായി തല്ക്കാലം ഉപയോഗിക്കാനും തിരഞ്ഞെടുത്തു. 1962 ജൂലൈ 3-ാം തീയതി പുതിയ സെമിനാരി ഉദ്ഘാടനം ചെയ്യപ്പെട്ടു. സെമിനാരി കമ്മീഷന്റെ ചെയർമാനായിരുന്ന മാർ മാത്യു കാവുകാട്ട് തിരുമേനിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ബഹു കുര്യൻ വഞ്ചിപ്പുരയ്ക്കൽ വൈസ് റെക്ടർ, ലൂയിസ് നേര്യംപറമ്പിൽ പ്രൊക്കുറേറ്റർ, തോമസ് നെടുമ്പുറം സ്പിരിച്ചൽ ഫാദർ, റോമിൽ ഉപരിപഠനം പൂർത്തിയാക്കി എത്തിയ ഫാദർ ജോസഫ് പള്ളിക്കാപറമ്പിൽ തത്വശാസ്ത്ര വിഭാഗം പ്രഫസർ എന്നീ അച്ചന്മാരും നിയമിതരായി. പുതിയ സെമിനാരി, പുതിയ ആൾക്കാർ, പുതിയ അധ്യാപകർ എല്ലാം പുതുമ നിറഞ്ഞത്. അതുകൊണ്ട് ബഹു. വഞ്ചിപ്പുരയ്ക്കലച്ചൻ പലപ്പോഴും പറയുമായിരുന്നു: 'വലിയ ഉത്തരവാദിത്വമാണ് നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്' എന്ന്. നിങ്ങൾ എന്തുചെയ്താലും അത് സെമിനാരിയുടെ ഒരു പാരമ്പര്യമായി വരും. അച്ചടക്കം, ശുചിത്വം സ്ഥാപനത്തോടുള്ള കൂറ്, ഗുരുശിഷ്യബന്ധം ഇതെല്ലാം പിൻതലമുറക്ക് മാർഗ്ഗനിർദ്ദേശങ്ങളാകും. അതിനാൽ നല്ല പാരമ്പര്യം സൃഷ്ടിക്കാൻ നിങ്ങൾ ബാധ്യസ്ഥരാണെന്ന് കൂടെക്കൂടെ അദ്ദേഹം ഓർമ്മിപ്പിക്കുമായിരുന്നു. ആദ്യബാച്ചിനെ കണ്ടാണ് മറ്റുള്ളവർ പഠിക്കുക.

## പൂന്തോട്ട നിർമ്മാണം

വടവാതൂർ കുന്നിന്റെ മുകൾ പരപ്പിൽ നിർമ്മിച്ച സെമിനാരിക്കെട്ടിടത്തിന്റെ വിശാലമായ മുറ്റത്ത് ധാരാളം വിജനമായ സ്ഥലങ്ങളുണ്ടായിരുന്നു. അവിടങ്ങളിലെല്ലാം പൂച്ചെടി വച്ചുപിടിപ്പി

malankaralibrary.com



An Ecumenical Gathering held at the Seminary

malankaralibrary.com

ച്ചത് കുര്യച്ചന്റെ മേൽനോട്ടത്തിലായിരുന്നു. അദ്ദേഹം എവിടെപ്പോയി തിരിച്ചുവന്നാലും വണ്ടിയിൽ കുറെ ചെടികൾ കാണും. അതെല്ലാം നട്ടുപിടിപ്പിക്കേണ്ടത് ഞങ്ങളുടെ ചുമതലയായിരുന്നു. ക്ലാസ് സമയത്തിനിടയിൽ കിട്ടുന്ന സമയം ഇതിനുവേണ്ടി ഉപയോഗിച്ചിരുന്നു. സെമിനാരിയുടെ മുൻവശം മുഴുവനും വിവിധതരത്തിലുള്ള ചെമ്പരത്തികൾ നട്ടുപിടിപ്പിച്ചത് അച്ചന്റെ ശ്രമഫലമായിട്ടാണ്. പണിതീർന്ന സെമിനാരി കെട്ടിടത്തിന്റെ ഭാഗങ്ങളിലെല്ലാം വിവിധ ഇനത്തിൽപ്പെട്ട പൂച്ചെടികൾ നട്ടുപിടിപ്പിച്ചിരുന്നു. മുൻവശത്തെ വിശാലമായ മുറ്റത്തിന്റെ അരികിലെല്ലാം മാവിൻ തൈകൾ നട്ടുപിടിപ്പിക്കുവാൻ അദ്ദേഹം നേതൃത്വം നൽകിയിരുന്നു. വിവിധ കോർട്ടുകളുടെ സമീപത്തെല്ലാം നല്ലയിനം മാവിൻ തൈകൾ നട്ടു പിടിപ്പിച്ചിരുന്നു. ഇന്ന് അതെല്ലാം വളർന്ന് നല്ല തണലേകുന്നു. സെമിനാരിയുടെ മുറ്റം തന്നെ പലതട്ടുകളാക്കിതിരിച്ചു. ആദ്യത്തെ തട്ടിൽ പൂന്തോട്ടവും താഴെയുള്ള തട്ടുകളിൽ കളിസ്ഥലങ്ങളും ഒരുക്കി. ബാസ്ക്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട് തുടങ്ങിയവയെല്ലാം നിർമ്മിച്ചു.

കൊല്ലങ്ങൾ വന്നുപൊയ്ക്കൊണ്ടിരുന്നു. ഓരോ കൊല്ലവും പുതിയ കുട്ടികൾ വന്നുകൊണ്ടിരുന്നു, വിവിധ രൂപതകളിൽനിന്ന് പ്രഗത്ഭരായ അച്ചന്മാരും; ഫാ. ജോസഫ് കോയിക്കുടി, ഫാ. ജോസഫ് വടക്കുംചേരി, ഫാ. മാത്യു നടുവിലേപറമ്പിൽ, ഫാ. പോൾ മാറോക്കി, ഫാ. പുന്നക്കപടവിൽ ആദ്ധ്യാത്മിക ഗുരുവായി ഫാദർ മാത്യു മങ്കുഴിക്കരി എന്നിവരും എത്തി.

ഫിലോസഫി കഴിഞ്ഞപ്പോഴേക്കും തിയോളജി സെക്ഷന്റെ പണിയും ഏകദേശം പൂർത്തിയായി. എല്ലാവർക്കും സിംഗിൾ മുറികളായി. ഡ്രസ്, പുസ്തകങ്ങൾ എന്നിവ വയ്ക്കുവാൻ പ്രത്യേകം അൽമാരികളും, മുറികളിൽ വാഷ് ബേസിനുകളും. ഒത്തിരിയേറെ സൗകര്യങ്ങൾ സെമിനാരികാർക്ക് ലഭിച്ചു. ക്ലാസ്സുകൾ കഴിഞ്ഞാൽ സ്വന്തം മുറിയിൽ പോയി ഇരുന്ന് പഠിക്കാം. മറ്റാരുടെയും ശല്യമില്ലാതെ പഠിക്കാൻ ഞങ്ങൾക്ക് സൗകര്യം കിട്ടി.

1968 ആദ്യ ബാച്ചിന്റെ അവസാന വർഷം തിരുപ്പട്ടം ആഘോഷപൂർവ്വം നടത്താൻ സെമിനാരി അധികൃതർ ഒരുങ്ങി. റോമിൽ പൗരസ്ത്യ തിരുസംഘത്തിന്റെ അനുവാദം ചോദിച്ചു. 1969-ൽ നടത്താനാണ് സെമിനാരി അധികൃതർ അനുവാദം ചോദിച്ചത്. റോമിൽ

malankaralibrary.com

നിന്നും 1968-ൽ തന്നെ നടത്തണമെന്ന മറുപടി കിട്ടി. ഡിസംബർ 18-ാം തീയതി മാർത്തോമാ കുരിശു മൈലാപ്പൂരിൽ കണ്ടെത്തിയ ദിനമാണെന്നും, അന്ന് ആദ്യ ബാച്ചിന്റെ തിരുപ്പട്ടം നടത്താൻ ഉചിതമായ ദിവസമാണെന്നും പൗരസ്ത്യ തിരുസംഘം അറിയിച്ചു. പിന്നീട് ഒരുക്കങ്ങളൊക്കെ തകൃതിയായി നടത്തി. കേരളത്തിൽ വിവിധ രൂപതകളിൽനിന്നുള്ള കുട്ടികളാണ് വടവാതൂരിൽ പഠിക്കുന്നത്. അതാതു രൂപതകളിലെ വൈദിക വിദ്യാർത്ഥികൾക്ക് അതാതു രൂപതകളിലെ പിതാക്കന്മാർ വൈദിക പട്ടം കൊടുക്കുവാൻ തീരുമാനമായി. അതനുസരിച്ച് ഡിസംബർ 18-ാം തീയതി പട്ടം നൽകുവാനുള്ള ഒരുക്കങ്ങളൊക്കെ ബഹു. വഞ്ചിപ്പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ നടത്തി. അങ്ങനെ ആദ്യബാച്ചിന്റെ തിരുപ്പട്ടം അതാതു രൂപതകളിലെ പിതാക്കന്മാർ ആഘോഷമായി സെമിനാരി ചാപ്പലിൽ വച്ച് നല്കി.

ആദ്യബാച്ചിന്റെ തിരുപ്പട്ടത്തിന് മറ്റ് മേജർ സെമിനാരിയിലെ അധികൃതരുടേയും പട്ടം സ്വീകരിക്കുന്നവരുടെ മാതാപിതാക്കന്മാരെയും ക്ഷണിച്ചു. എല്ലാ ഭംഗിയായി നടത്താൻ മോൺ വഞ്ചിപ്പുരയ്ക്കലച്ചനും സ്റ്റാഫ് അംഗങ്ങളും കിണഞ്ഞു പരിശ്രമിച്ചു. ഒന്നിനും ഒരു കുറവും വരാതിരിക്കാൻ വഞ്ചിപ്പുരയ്ക്കലച്ചന്റെ ദീർഘവീക്ഷണം ഉപകരിച്ചു. ആദ്യബാച്ചുകാർക്ക് അച്ചനോട് പ്രത്യേക സ്നേഹവും കടപ്പാടും ഉണ്ട്. കൊല്ലങ്ങൾ കഴിഞ്ഞാലും നിറം മങ്ങാതെ അതൊക്കെ ആദ്യബാച്ചിലെ അച്ചന്മാരുടെ ഹൃദയത്തിലുണ്ടാവും.

☆

ഞങ്ങളുടെ ആദ്യവർഷങ്ങളിൽ മെസ്സ് മാനേജരും അക്കൗണ്ടന്റുമായി ശുശ്രൂഷ ചെയ്ത ശ്രീ. പാപ്പച്ചൻ പടിയറയെയും ടൈപ്പിസ്റ്റായി സേവനം ചെയ്ത ശ്രീ. പി.ഒ. സെബാസ്റ്റ്യനെയും സെമിനാരിയിലെ ഡ്രൈവറായി ദീർഘകാലം സേവനം ചെയ്ത ശ്രീ. റ്റി.സി. സെബാസ്റ്റ്യനെയും നന്ദിയോടെ ഓർക്കുന്നു.

malankaralibrary.com

# കുര്യച്ചൻ എന്ന മഹാനുഭാവൻ

**ഫാ. ജോസഫ് അടപ്പൂർ**



വടവാതൂർ സെമിനാരിയുടെ ആദ്യറെക്ടറായ മോൺ. ബഹു. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെപ്പറ്റി ഒരനുസ്മരണഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതായി അറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ഈ സംരംഭത്തിനു മുൻകൈ എടുത്തവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

സെമിനാരിയുടെ ആദ്യറെക്ടറെന്ന നിലയിൽ കുര്യച്ചന്റെ സേവനം വിവരണാതീതമാണ്. ബാലാരിഷ്ടതകളിൽനിന്ന് സെമിനാരിയെ വളർത്തിയെടുക്കാൻ അച്ചൻ ചെയ്ത വലിയത്യാഗവും ബഹു. അച്ചന്റെ ക്രാന്തദർശിത്വവും എക്കാലവും അനുസ്മരിക്കപ്പെടും.

അച്ചനിൽ ഞാൻ കണ്ടതും അനുഭവിച്ചറിഞ്ഞതുമായ ഒരു സവിശേഷഗുണം എല്ലാവരെയും സ്വന്തമായി കണ്ടിരുന്നു എന്നതാണ്. ഏവരേയും ഒരുപോലെ ഉൾക്കൊള്ളുവാനുള്ള ഒരു വിശാലഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോരുത്തരുടെയും ആവശ്യങ്ങൾ അറിഞ്ഞു ഇടപെടാനുള്ള ഒരു പ്രത്യേക കഴിവ് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു.

ഒരു അകാലപ്രജ എന്നപോലെയാണ് ഞാൻ വടവാതൂർ സെമിനാരിയിൽ എത്തിയത്. കോതമംഗലം മൈനർ സെമിനാരിയിൽ നിന്ന് തത്ത്വശാസ്ത്രപഠനത്തിനായി ഞാൻ ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിലേക്കാണ് പോയതെങ്കിലും അനാരോഗ്യം കാരണം ഒരു വർഷം കഴിഞ്ഞപ്പോൾ അവിടെനിന്നും വടവാതൂർ സെമിനാരിയിലേക്ക് മാറേണ്ടിവന്നു. ആ നാളുകളിൽ കുര്യച്ചൻ

malankaralibrary.com

എന്നോടു കാണിച്ച സ്നേഹവും പരിഗണനയും ഒരിക്കലും മറക്കാൻ പറ്റുന്നതല്ല. കാണുമ്പോഴെല്ലാം ആരോഗ്യത്തെപ്പറ്റി അന്വേഷിക്കുകയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓരോന്നും പറഞ്ഞുതരുകയും ചെയ്യുമായിരുന്നു. അച്ചനോട് ഒന്നു സംസാരിക്കാൻ അവസരം കിട്ടുന്നത് വിദ്യാർത്ഥികൾക്ക് ഏറെ ചാരിതാർത്ഥ്യം ലഭിക്കുന്ന കാര്യമായിരുന്നു.

കുര്യച്ചന്റെ "അമ്മമനസ്സ്" ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. ഏതെങ്കിലും ഒരു സെമിനാരിക്കാരന് ഒരസുഖം വന്നാൽ എത്രപ്രാവശ്യം വേണമെങ്കിലും അദ്ദേഹത്തിന്റെ അടുത്ത് ചെല്ലുകയും രോഗവിവരം ആരായുകയും ചെയ്യാൻ മടിയില്ലാരുന്നു. അച്ചൻ നെറ്റിയിൽ കൈവച്ച് പോന്നാൽ രോഗിക്ക് വലിയ സന്തോഷവും ആശ്വാസവും! ഏതു പ്രതിസന്ധിഘട്ടത്തിലും ഒരു അമ്മമനസ്സോടെയുള്ള കുര്യച്ചന്റെ സമീപനവും ഇടപെടലും ഏറെ ഹൃദ്യമായിരുന്നു.

ഫോട്ടോഗ്രഫിയിലുള്ള കുര്യച്ചന്റെ താല്പര്യവും പ്രാവീണ്യവും ഉൾക്കാഴ്ചയും അതിശയിപ്പിക്കുന്നതാണ്. ഒരിക്കൽ സെമിനാരിയുടെ മൂന്നാംനിലയുടെ വീതികുറഞ്ഞ പാരപെറ്റിൽ കയറിനിന്ന് മനോഹരമായ ഒരു സീനറി ക്യാമറയിൽ പകർത്തിയതോർക്കുന്നു. ചെറുപ്പക്കാർക്കുപോലും അവിടെ കയറിനിന്ന് ഒരു ഫോട്ടോ എടുക്കാൻ ഭയക്കുന്ന സ്ഥാനത്താണ് കുര്യച്ചൻ അപ്രകാരം ചെയ്തത്. കുര്യച്ചന്റെ കഴിവുകളും ഉൾക്കാഴ്ചകളും സാധാരണക്കാർക്ക് മനസ്സിലാക്കാൻ സാധിക്കാത്തവിധം ആഴപ്പെട്ടതായിരുന്നു. പാലാ രൂപതയിൽ മതബോധന ഡയറക്ടറായിരുന്നപ്പോൾ നടപ്പാക്കിയ പരിഷ്കാരങ്ങൾ ഇന്നും ഏറെ വിലപ്പെട്ടവയാണെന്ന് ആ രൂപതയിലെ സുഹൃത്തുക്കൾ പറഞ്ഞതോർക്കുന്നു. കുര്യച്ചന്റെ ബഹുമുഖവ്യക്തിത്വത്തെ എത്ര വിവരിച്ചാലും തൃപ്തിയാവില്ല; പൂർണ്ണമാവില്ല. അച്ചനെ അനുസ്മരിക്കുന്ന ഈ വേളയിൽ അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

★

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ സമാനതകളില്ലാത്ത വ്യക്തിത്വം

**ഫാ. ജോസഫ് കുഴിഞ്ഞാലിൽ**



പാലാ രൂപതക്കാരനായ മോൺ. ഡോ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെപ്പറ്റി ഞാൻ ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ കേട്ടിട്ടുണ്ട്. പ്രത്യേകിച്ച് സൺഡേ സ്കൂളുമായി ബന്ധപ്പെട്ടാണ് അദ്ദേഹത്തെ അറിയാൻ ഇടയായത്. കേരളത്തിൽ സൺഡേ സ്കൂൾ രംഗത്ത് ശ്രദ്ധേയങ്ങളായ മാറ്റങ്ങൾക്ക് ആരംഭം കുറിച്ചത് ബഹു. കുര്യച്ചനാണ്. സമ്മർസ്കൂൾ പദ്ധതിയുടെ ആരംഭം വലിയ ഒരു ആവേശം വിദ്യാർത്ഥികളിൽ ഉണ്ടാക്കിയ സംഭവമായിരുന്നു. ബഹു. കുര്യച്ചന്റെ ബുദ്ധിയിൽനിന്നും ചിന്തയിൽനിന്നും ഉദിച്ച ഒരു പ്രസ്ഥാനമായിരുന്നു അത്. പാലാ രൂപതയിൽനിന്ന് പിന്നീട് കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലും അത് പ്രാബല്യത്തിലെത്തുകയുണ്ടായി.

ഞാൻ പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ - ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വിദ്യാർത്ഥിയായിരിക്കുന്ന കാലത്താണ് അച്ചനെ നേരിൽ കാണാനിടയായത്. സുമുഖനും സുസ്മേരവദനനുമായ ചുറുചുറുക്കുള്ള ഒരു വൈദികനായിരുന്നതുകൊണ്ടും ദിവംഗതനായ പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ സെക്രട്ടറി എന്നതുകൊണ്ടും അദ്ദേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ ഏറെ സ്ഥാനം പിടിച്ച വൈദികനായിരുന്നു.

malankaralibrary.com

## അച്ചന്റെ സെമിനാരിയിലെ ടോപ്പ് റക്കോർഡ്

ബഹു. വഞ്ചിപ്പുരയ്ക്കൽ കുര്യച്ചനുമായി നേരിട്ടു ഇടപെടാനുള്ള അവസരം അച്ചൻ വടവാതൂർ സെമിനാരിയിൽ 1962 ജൂലൈ 3-ന് പരിശീലനം ആരംഭിച്ചതോടെയാണ്. അന്ന് വൈസ് റെക്ടറായി നിയമിതനായ അദ്ദേഹം ഏറെ താമസിയാതെ തന്നെ റെക്ടറായി നിയമിതനായി. സന്യാസ സമൂഹത്തിലെ വൈദികരെമാത്രം മേജർ സെമിനാരികളുടെ റെക്ടർ സ്ഥാനത്തേക്ക് പരിഗണിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ബഹു. കുര്യച്ചനെ റെക്ടർ സ്ഥാനത്തേയ്ക്കുയർത്തിയത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മികവുകൊണ്ടുതന്നെയായിരുന്നു. ഇൻഡ്യയിലെ തന്നെ ആദ്യത്തെ സംഭവമായിരുന്നു ഒരു ഇടവക വൈദികൻ മേജർ സെമിനാരി റെക്ടർ സ്ഥാനത്തേക്കു നിയമിതനാവുകയെന്നത്.

ബഹു. വഞ്ചിപ്പുരയ്ക്കലച്ചന്റെ മേജർ സെമിനാരി പരിശീലനം സിലോണിലെ കാൻഡി സെമിനാരിയിലായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള വൈദികവിദ്യാർത്ഥികൾ പരിശീലനം നേടിയിരുന്ന ഈ പേപ്പൽ സെമിനാരിയുടെ ചരിത്രത്തിൽ അദ്വിതീയ സ്ഥാനം പിടിച്ച ആളായിരുന്നു കുര്യച്ചൻ. ഫിലോസഫി വിഭാഗത്തിലും, തിയോളജി വിഭാഗത്തിലും ജനറൽ പ്രീഫെക്ടായി ആരും തന്നെ പേപ്പൽ സെമിനാരിയുടെ ചരിത്രത്തിൽ നിയമിതനായിട്ടില്ല. കുര്യച്ചൻ രണ്ടു വിഭാഗത്തിലും ജനറൽ പ്രീഫെക്ടായി നിയമിതനായിരുന്നു. കുര്യച്ചന്റെ വ്യക്തിത്വത്തിന്റെ തിളക്കം അന്നേ ആംഭിച്ചിരുന്നു എന്നാണല്ലോ ഇത് വ്യക്തമാക്കുക.

## ബുദ്ധിമാനും സമർത്ഥനുമായ ഒരു നേതാവ്

കുര്യച്ചന്റെ ബുദ്ധികൂർമ്മതയും കാര്യങ്ങൾ മനസ്സിലാക്കി യഥാകാലം പ്രാവർത്തികമാക്കുവാനുമുള്ള വൈഭവവും അദ്ദേഹത്തിന്റെ പ്രവർത്തനത്തിലും കാര്യനിർവ്വഹണത്തിലും തെളിഞ്ഞുനിന്നിരുന്നു. സ്ഥലകാല പരിതസ്ഥിതികൾക്കനുസൃതം അതായത് സമയോചിതമായി കാര്യങ്ങൾ ക്രമീകരിക്കുവാനുള്ള അച്ചന്റെ കഴിവ് അനിതരസാധാരണമായിരുന്നു. അച്ചനെപ്പറ്റി അദ്ദേഹം റോമിൽ പഠിച്ചിരുന്നകാലത്ത് ഡമഷേൻ കോളജിലെ റെക്ടറായിരുന്ന ബഹു. Wuyts S.J. പറഞ്ഞ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. അന്നൊരിക്കൽ ചങ്ങനാശേരി പാലാ രൂപതാദ്ധ്യക്ഷന്മാർ റോം സന്ദർശിക്കുവാനെത്തുന്ന അവസരം. പിതാക്കന്മാർ കപ്പലിൽ യാത്ര ചെയ്ത്

malankaralibrary.com

നേപ്പിൾസ് തുറമുഖത്തായിരുന്നു എത്തിയത്. അവരെ സ്വീകരിക്കുവാൻ ബഹു. കുര്യച്ചന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി, പാലാ രൂപതയിലെ അന്ന് റോമിൽ പഠിച്ചുകൊണ്ടിരുന്ന വൈദികർ നേപ്പിൾസിനു പോയി. പിതാക്കന്മാർ റോമിലെത്തേണ്ട സമയമായിട്ടും കാണാഞ്ഞതിൽ ഉത്കണ്ഠാകുലനായ ബഹു. റെക്ടറച്ചൻ കാത്തിരിക്കുകയാണ്. യാതൊരു സന്ദേശവും അഭിവന്ദ്യ പിതാക്കന്മാരുടെ ആഗമന സമയത്തെപ്പറ്റി എത്തേണ്ട സമയം കഴിഞ്ഞിട്ടും ലഭിക്കാത്തതിൽ അസ്വസ്ഥനായ അദ്ദേഹം പറഞ്ഞു Kurian è intelligente, gl'altrei non lo so! "കുര്യൻ ബുദ്ധിമാനാണ് മറ്റുള്ളവരുടെ കാര്യം എനിക്കറിയത്തില്ല." ബുദ്ധിമാനായ കുര്യച്ചൻ ഉണ്ടായിട്ടും ഒരു വിവരവും അറിയിക്കാത്തതിനെപ്പറ്റിയുള്ള പരാമർശമായിരുന്നു അത്. അച്ചൻ പഠിച്ചിരുന്ന കാലത്തും അതിനുശേഷം അദ്ദേഹത്തിന്റെ ശുശ്രൂഷാ രംഗങ്ങളിലെല്ലാം അദ്ദേഹത്തെപ്പറ്റി എല്ലാവർക്കും ഒരേ സ്വരത്തിൽ പറയുവാനുള്ള കാര്യമായിരുന്നു വളരെ ബുദ്ധിമാനും വിവേകമതിയും സദാപ്രവർത്തനനിരതനുമായ അച്ചനെന്ന കാര്യം.

കാര്യങ്ങൾ വേണ്ടതുപോലെ സമയോചിതമായി പ്ലാൻ ചെയ്യുവാനും പ്രവൃത്തി പഥത്തിലാക്കുവാനും കഠിനാദ്ധ്വാനം ചെയ്യുന്ന വൈദികനായിരുന്നു കുര്യച്ചൻ. അതു എല്ലാക്കാര്യങ്ങളും അതിന്റെ പൂർണ്ണതയിൽ ചെയ്യണമെന്ന കാര്യത്തിൽ അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. അക്കാര്യത്തിൽ അലംഭാവത്തിനോ വിട്ടുവീഴ്ചക്കോ അദ്ദേഹം തയ്യാറല്ലായിരുന്നതുകൊണ്ട് ഒരു Perfectionist ആയാണ് അദ്ദേഹത്തെ എല്ലാവരും കണ്ടിരുന്നത്. പറയുന്നതിലും എഴുതുന്നതിലും പ്രയോഗിക്കുന്ന വാക്കുകളിലും എല്ലാം വളരെ വ്യക്തതയും കൃത്യതയും ഉണ്ടായിരുന്നു. പദ്ധതികൾ തയ്യാറാക്കുന്നതിൽ അദ്ദേഹം അതീവ സമർത്ഥനായിരുന്നു. പ്രൊജെക്ട് തയ്യാറാക്കുക, കത്തുകൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കുക എന്നിവയിലൊക്കെ കുര്യച്ചനെ കഴിഞ്ഞ് ആരും ഉണ്ടായിരുന്നില്ല. മനോഹരമായ അവതരണരീതിയും ഭാഷാശൈലിയും, ഉചിതമായ വാക്കുകളുടെ ഉപയോഗവുംവഴി വളരെ മനോഹരമായ അവതരണമായിരുന്നു കുര്യച്ചൻ ചെയ്തിരുന്നത്. അച്ചൻ സെമിനാരിയിൽനിന്ന് മാറി, പാലാ രൂപതാ വികാരി ജനറാളായി സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കീഴിൽ രൂപതാ ചാൻസിലർ എന്ന ജോലി ചെയ്യുവാൻ എനിക്കവസരമുണ്ടായപ്പോൾ, ബഹു. കുര്യച്ചന്റെ സഹായവും ശൈലിയും മാതൃകയുമൊക്കെ എന്നെ വളരെ സഹായിച്ചി

malankaralibrary.com

ട്ടുണ്ട്. ഒരുപക്ഷേ ചാൻസിലർ എന്ന ജോലി നിർവ്വഹണത്തിൽ എന്നെ വിജയിപ്പിച്ചതും ബഹു. കുര്യച്ചന്റെ സഹായവും മാതൃകയു മാണ്.

## സെമിനാരി ഒരു സ്നേഹകൂട്ടായ്മ

വടവാതൂർ സെമിനാരി ആരംഭിച്ചത് 1962 ജൂലൈ 3-നാണല്ലോ. ഏതാണ്ട് ഒരു വർഷം മുൻപേ സെമിനാരിക്കുവേണ്ട സ്ഥലം വാങ്ങി പ്ലാൻ തയ്യാറാക്കി വെള്ളാപ്പള്ളി കൺസ്ട്രക്ഷന് നിർമ്മാണച്ചുമതല ഏല്പിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ 41 വൈദികവിദ്യാർത്ഥി കളാണ് ആദ്യബാച്ചിൽ ഉണ്ടായിരുന്നത്. കെട്ടിട നിർമ്മാണ പ്രവർ ത്തനങ്ങൾ നടന്നിരുന്നതിനാൽ പരിമിതമായ സാഹചര്യങ്ങളിലാണു ഞങ്ങൾ മേജർ സെമിനാരി ജീവിതം ആരംഭിച്ചത്. എന്നാൽ അന്ന് ഞങ്ങളോടൊപ്പമുണ്ടായിരുന്ന ഞങ്ങളുടെ ഗുരുനാഥന്മാരായ ബഹു. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ, ബഹു. ലൂയിസ് നേര്യംപറമ്പിലച്ചൻ, ബഹു. ജോസഫ് പള്ളിക്കാപറമ്പിലച്ചൻ, ബഹു. തോമസ് നെടും പുറത്തച്ചൻ എന്നിവരുടെ സ്നേഹോഷ്മളമായ സഹവാസം ഞങ്ങൾക്ക് ഒരു കുടുംബാന്തരീക്ഷത്തിന്റെ അനുഭവം പകർന്നു തന്നു. അതുകൊണ്ട് യാതൊരു കുറവും തോന്നാത്ത ഒരു സ്നേഹ കൂട്ടായ്മയുടെ ഊഷ്മളതയാണ് ഞങ്ങൾ അനുഭവിച്ചിരുന്നത്. ഈ അനുഭവം ഞങ്ങളുടെ സെമിനാരി പരിശീലനത്തിൽ വലിയ വളർച്ച കൈവരിക്കുന്നതിനും ഞങ്ങളെത്തന്നെ ബഹുമുഖ പ്രതിഭകളാക്കു ന്നതിനും ഞങ്ങളുടെ പൗരോഹിത്യജീവിതത്തിൽ വിലപ്പെട്ട സേവ നങ്ങൾ അതാത് രൂപതകളിൽ നിർവഹിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കിയിട്ടുണ്ട്. ഭയത്തിന്റേയോ, ആശങ്കകളുടേയോ, ഭാര പ്പെടുത്തലിന്റേതോ ആയ ഒരനുഭവവും ഞങ്ങൾക്കുണ്ടായിരുന്നില്ല എന്നു മാത്രമല്ല സ്വന്തം ഭവനത്തിലെ സ്വാതന്ത്ര്യം തന്നെ ഞങ്ങൾ സെമിനാരിയിൽ അനുഭവിച്ചിരുന്നു.

സെമിനാരിക്കാരുടെ സർവ്വതോന്മുഖ വളർച്ചയ്ക്കു ആവശ്യ മായ എല്ലാക്രമീകരണങ്ങളും ചെയ്തുതന്ന് ഒരു സ്നേഹപിതാവി നെപ്പോലെ ഞങ്ങളോടൊപ്പം ബഹു. കുര്യച്ചൻ ഉണ്ടായിരുന്നു. എപ്പോഴും അദ്ദേഹം ഞങ്ങൾക്ക് സംലഭ്യനായിരുന്നു. ആരോഗ്യം, ഭക്ഷണം, മറ്റ് ജീവിതസൗകര്യങ്ങൾ, വ്യക്തിത്വ രൂപവൽക്കരണം, ബൗദ്ധികവും, ആദ്ധ്യാത്മികവും, കലാകായികവുമായ വളർച്ച തുടങ്ങി എല്ലായിടങ്ങളിലും കുറവില്ലാത്ത ശ്രദ്ധയും ക്രമീകരണ ങ്ങളും കുര്യച്ചന്റെ നേതൃത്വത്തിൽ ഞങ്ങൾക്കു ലഭിച്ചിരുന്നു.

malankaralibrary.com

## ആരോഗ്യ പാലനം

മാനുഷിക ഗുണങ്ങൾ നേടിയെടുക്കുന്നതിനും വളർത്തുന്നതിനും അച്ചന്റെ തന്നെ ജീവിതശൈലി ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. തെറ്റുകൾ തിരുത്തുന്നതുപോലും ആരേയും മുറിപ്പെടുത്താതെയും, താഴ്ത്തിക്കെട്ടാതെയും, ഒരു ചെറിയ പരിഭവ രൂപത്തിലായിരുന്നു അദ്ദേഹം ചെയ്തിരുന്നത്. ആരോഗ്യ കാര്യങ്ങളിൽ ഞങ്ങളെ വളരെയേറെ ശ്രദ്ധിച്ചിരുന്നു. ആദ്യകാലങ്ങളിൽ മെഡിക്കൽ മിഷൻ നേഴ്സായിരുന്ന മദർ മാഗ്ദലിനും, മദർ ആഗ്നസും ക്രമമായി ഞങ്ങളെ സന്ദർശിച്ചിരുന്നതും ഇത്തരുണത്തിൽ ഓർക്കുന്നു. അസുഖക്കാരോട് അച്ചന്റെ പരിഗണനയും കരുണയും വാത്സല്യവും ഹൃദയസ്പർശിയായിരുന്നു. ഒരവസരത്തിൽ സ്വർണ്ണം പോലും അരച്ചുകൊടുത്ത് ചികിത്സ നടത്തിയ കാര്യവും ഞാനോർക്കുകയാണ്. ഞങ്ങളുടെ രണ്ടാം വർഷാവസാനത്തിൽ തലശ്ശേരിക്കാരനായ ഒരു സെമിനാരി വിദ്യാർത്ഥിക്കു നട്ടെല്ലിന് രോഗമായപ്പോൾ അദ്ദേഹത്തിന്റെ നടുവിന് പ്ലാസ്റ്ററിട്ട് ഏതാനും മാസങ്ങൾ കിടപ്പിലാകേണ്ടി വന്നു. തലശ്ശേരിയ്ക്ക് സ്വന്തം വീട്ടിലേക്ക് പോകുക, അവിടെ കിടന്ന കിടപ്പിൽ കിടക്കുക എന്നത് പ്രയാസമേറിയ കാര്യമായിരുന്നു. ആ അവസരത്തിൽ എന്റെ വീട്ടിൽ കൊണ്ടു പോയി ബ്രദറിനെ ശുശ്രൂഷിക്കുവാൻ വേണ്ട ഏർപ്പാടു ചെയ്ത് ആ സഹോദരനെ സഹായിക്കാൻ അച്ചൻ ഏറെ ശ്രദ്ധ കാണിച്ചതും ഞങ്ങളോർക്കുന്നു. സെമിനാരിയിൽ അഞ്ച് വർഷക്കാലം infirmarian ആയി ശുശ്രൂഷ ചെയ്യുവാൻ എനിക്കവസരമുണ്ടായി. അതുകൊണ്ട് രോഗികളായ ശെമ്മാശന്മാരുടെ കാര്യം വളരെ ജാഗ്രതയോടെ, കരുതലോടെ ശ്രദ്ധിച്ചിരുന്നു എന്നു എനിക്കുറപ്പായും പറയുവാൻ കഴിയും.

## കലാകായിക പരിശീലനം

കലാകായിക വാസനകളെ വളർത്തുന്നതിലും അച്ചന്റെ ശ്രദ്ധ എടുത്തുപറയേണ്ടതാണ്. മാർഗ്ഗംകളി, പരിചമുട്ട് തുടങ്ങിയവ പ്രത്യേക പരിശീലകരെ വരുത്തി സെമിനാരിക്കാരെ പഠിപ്പിച്ച് പരിശീലിപ്പിച്ച് പല പ്രത്യേകാവസരങ്ങളിലും അവതരിപ്പിക്കുകയും ഏവരുടേയും പ്രശംസയ്ക്ക് വിഷയമാകുകയും ചെയ്തിട്ടുണ്ട്. ഒരുപക്ഷെ മറ്റു സെമിനാരികളിലൊന്നും ഇത്തരം കലാപരിപാടികൾക്ക് പ്രവേശനം നൽകാതിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു അച്ചൻ ഇത്

malankaralibrary.com

വടവാതൂർ സെമിനാരിയിൽ തുടങ്ങി വച്ചതെന്ന് കേൾക്കുമ്പോൾ എത്ര ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ അച്ചൻ കൈകാര്യം ചെയ്തിരുന്നു എന്ന് നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു. ആദ്യ കാലം മുതൽതന്നെ മ്യൂസിക് പഠിപ്പിക്കാൻ അധ്യാപകനെ നിയമിച്ചിരുന്നു. ബഹു. മാത്യു വള്ളാനിക്കലച്ചൻ അതിരമ്പുഴ അസിസ്റ്റന്റ് വികാരിയായിരുന്ന കാലത്ത് വ്യാഴാഴ്ചകളിൽ ഞങ്ങളെ പാട്ട് പഠിപ്പിക്കാൻ എത്തിയിരുന്നു. അച്ചൻ പിന്നീട് റോമിൽ പോയി ബൈബിളിൽ ഡോക്ടർ ബിരുദം നേടി വടവാതൂർ സെമിനാരിയിലെ ബൈബിൾ പ്രൊഫസറും; പൗരസ്ത്യ വിദ്യാപീഠത്തിന്റെ അദ്ധ്യക്ഷനുമായി. യോഗാപരിശീലനത്തിനായി കാരാമയിൻ ചാക്കോ സാറിനെ നിയോഗിച്ചതും ഇവിടെ പരാമർശിക്കട്ടെ. സാമൂഹ്യസേവനരംഗത്തും ഞങ്ങൾക്ക് പരിശീലന ക്ലാസ്സുകളും പ്രായോഗിക പരിജ്ഞാനത്തിനുള്ള അവസരങ്ങളും വേദികളും ഒരുക്കിത്തന്നതും ഞങ്ങളുടെ ഭാവി ശുശ്രൂഷാരംഗങ്ങളിൽ ഏറെ സഹായകരമായിരുന്നു.

**കാർഷികരംഗം**

പുതിയ ഒരു സെമിനാരി എന്ന നിലയിൽ പരിസ്ഥിതി പരിപാലനത്തിനും നല്ല ഉദ്യാനം ക്രമപ്പെടുത്തുന്നതിനും ബഹു. കുര്യച്ചൻ നേതൃത്വം നൽകുകയും അവസരങ്ങൾ നൽകി ഞങ്ങളെ പ്രോത്സാഹിപ്പിച്ച് വളർത്തുകയും ചെയ്തതും കൃഷിക്കാര്യങ്ങൾക്ക് - വാഴ, കപ്പ തുടങ്ങിയവയ്ക്കു വേണ്ട അവസരങ്ങൾ ഒരുക്കിത്തന്നതും കർഷക കുടുംബങ്ങളിൽ നിന്നും വന്ന - സെമിനാരിക്കാർക്ക് സെമിനാരിജീവിതം ഏറെ ഹൃദ്യമാക്കുന്നതിനും, ഭാവിയിൽ അജപാലന ശുശ്രൂഷാരംഗത്ത് കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനും സഹായകമാകുകയും ചെയ്തിട്ടുണ്ട്.

വടവാതൂർ സെമിനാരിയുടെ നിർമ്മാണത്തിൽ കുര്യച്ചന്റെ സംഭാവന വിലമതിക്കാനാവാത്തതാണ്. തിരക്കേറിയ സെമിനാരിയുടെ ഭരണനിർവ്വഹണത്തിനിടയിലും കെട്ടിടനിർമ്മാണത്തിലും അതിന്റെ സംവിധാനങ്ങൾ ക്രമപ്പെടുത്തുന്നതിലും, പ്രത്യേകിച്ച് ചാപ്പൽ, ഓഡിറ്റോറിയം, തുടങ്ങിയവയുടെ നിർമ്മാണത്തിലും, അവിടുത്തെ ലൈറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിലും വളരെ നിർണ്ണായകമായ പങ്ക് ബഹു. കുര്യച്ചൻ വഹിച്ചിട്ടുണ്ട്.

malankaralibrary.com

## നലംതികഞ്ഞ അദ്ധ്യാപകൻ

സരസഗംഭീരവും ലാളിത്യം നിറഞ്ഞവയും ആയിരുന്നു അച്ചന്റെ ക്ലാസുകൾ. സർവ്വസാധാരണമായ ഉദാഹരണങ്ങൾ വഴി വളരെ ഗഹനമായ വിഷയങ്ങളും ഏവർക്കും മനസ്സിലാകുന്നവിധത്തിലുള്ള അവതരണങ്ങളും വിശദീകരണങ്ങളും വഴി പഠിപ്പിച്ചത് ഇന്നും മറക്കാതെ ഞങ്ങളുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. ഞങ്ങൾ ഒന്നാം വർഷ തത്വശാസ്ത്രവിദ്യാർത്ഥികളായിരുന്നപ്പോൾ ലത്തീൻ ഭാഷയിലായിരുന്നു ക്ലാസ്സുകൾ. Metaphysics എന്ന വിഷയം കുര്യച്ചനായിരുന്നു പഠിപ്പിച്ചിരുന്നത്. ആ വിഷയം തന്മയത്വത്തോടെ അച്ചൻ കൈകാര്യം ചെയ്തതും ഞങ്ങൾക്ക് സുഗ്രാഹ്യമാക്കി പഠിപ്പിച്ചതും മറക്കാനാവില്ല. വളരെ ആകർഷകവും ശ്രദ്ധേയവുമായ അധ്യാപനശൈലിയുടെ ഉടമയായിരുന്നു കുര്യച്ചൻ.

## ഉപസംഹാരം

സെമിനാരിക്കാരോടുള്ള ഇടപെടലിൽ ലാളിത്യവും, സമഭാവനയും നർമ്മ രസത്തോടെയുള്ള സംഭാഷണവുമൊക്കെ അച്ചനെ പലർക്കും സ്വീകാര്യനും ഹൃദയഹാരിയുമാക്കി. സാമ്പത്തികമായ പ്രയാസങ്ങൾ നേരിട്ടിരുന്ന വൈദികവിദ്യാർത്ഥികളെ അകമഴിഞ്ഞു സഹായിക്കുന്നതിൽ അച്ചൻ കാണിച്ച കാരുണ്യവും സഹാനുഭൂതിയും എടുത്തുപറയേണ്ട കാര്യങ്ങളാണ്. വടവാതൂർ സെമിനാരിയ്ക്ക് ഉറച്ച അടിത്തറ ഇടുന്നതിനും, പൗരസ്ത്യ സഭാവിജ്ഞാനീയത്തിലും പൗരസ്ത്യ ആരാധനക്രമോന്മുഖമായ പരിശീലനമേകുന്നതിനും ശരിയായ ദിശാബോധവും ബോദ്ധ്യങ്ങളും നൽകി വടവാതൂർ സെമിനാരിയെ ഒരു പൗരസ്ത്യ സഭാപരിശീലന കേന്ദ്രത്തിന്റെ നിലവാരത്തിലേയ്ക്ക് എത്തിക്കുവാൻ ബഹു. വഞ്ചിപ്പുരയ്ക്കൽ കുര്യച്ചന്റെ നേതൃത്വത്തിന് കഴിഞ്ഞു എന്നത് സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം അമൂല്യ സംഭാവനയാണ്. അച്ചൻ ഇട്ട അടിത്തറയിലാണ് വടവാതൂർ സെമിനാരിയുടെ ഉയർച്ചയും വളർച്ചയും എല്ലാം ഉണ്ടായിരിക്കുന്നത്. കുര്യച്ചന്റെ മറക്കാനാവാത്ത ശുശ്രൂഷകൾക്ക് ദൈവം അച്ചനെ അനുഗ്രഹിക്കട്ടെ! നന്ദിയോടും, ആദരവോടുംകൂടി അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

★

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ സമഗ്രവ്യക്തിത്വത്തിന്റെ ഉടമ

**ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ**



1962 ജൂലൈ മാസത്തിലോ, ആഗസ്റ്റ് മാസത്തിലോ എന്നാണെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. ഞാൻ വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ ചേർന്നിട്ടു ഒന്നോ, രണ്ടോ മാസമായി കാണും. ബഹു. റെക്ടർ ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ എന്നെ അദ്ദേഹത്തിന്റെ മുറിയിലേക്ക് വിളിപ്പിച്ചു. ഭയത്തോടും വിറയലോടും കൂടിയാണ് ഞാൻ അദ്ദേഹത്തിന്റെ മുറിയിലേക്ക് കയറി ചെന്നത്. റെക്ടറച്ചനല്ലേ, എന്തിനാവുമോ വിളിച്ചത്? എന്തെങ്കിലും തെറ്റുതിരുത്താനോ, ശാസിക്കാനോ, എന്തിനും ആവട്ടെ ഞാനദ്ദേഹത്തിന്റെ മുമ്പിൽ ബഹുമാനത്തോടെ നിന്നു. തികച്ചും അപ്രതീക്ഷിതമായ ഒരു കാര്യമാണ് അദ്ദേഹം എന്നോട് പറഞ്ഞത്. "ബ്രദർ, നാളെ ടൗണിലുള്ള (കോട്ടയം) ഇന്ന ദന്താശുപത്രിയിൽ പോയി പല്ല് ക്ലീൻ ചെയ്യിക്കണം. ബ്രദറിന്റെ പല്ലിന്റെ നിറമൊക്കെ വളരെ മോശമാണ്." വളരെ അപ്രതീക്ഷിതമായൊരു കാര്യമാണ് അച്ചൻ എന്നോട് പറഞ്ഞത്, ഇതുവരെ ആരും എന്നോട് പറയാത്ത കാര്യം ഇങ്ങനെയുള്ള കാര്യങ്ങൾ വീടുകളിൽ മാതാപിതാക്കന്മാർ തന്നെയാണ് പറയേണ്ടത്. അവരാണ് കുട്ടിയുടെ പല്ല് നിറമുള്ളതായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടത്. ദൗർഭാഗ്യവശാൽ എന്റെ വീട്ടിൽ വച്ച് ഇങ്ങനെയൊരു കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതുമില്ല. ഒരു പക്ഷേ അമ്മമാർ ആണല്ലോ ഇത്തരമുള്ള കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത്. എന്റെ പ്രിയ മാതാവു എന്റെ ചെറുപ്രായത്തിൽതന്നെ എന്നെ വിട്ടിട്ട് സ്വർഗത്തിലേക്കുപോയി. അമ്മയുടെ

malankaralibrary.com

മരണശേഷം ഏഴുവയസ്സുവരെ ഞാൻ എന്റെ അമ്മയുടെ വീട്ടിലായിരുന്നു. ഏഴാം വയസ്സിലാണ് ഞാൻ എന്റെ പിതൃഭവനത്തിൽ എത്തുന്നത്. അതൊരു വലിയ കൂട്ടുകുടുംബം ആയിരുന്നു. എന്നെ വ്യക്തിപരമായി പരിഗണിക്കാൻ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ടാവാം എന്റെ പല്ലിന്റെ നിറം മങ്ങിയത്. അതവിടെ നില്ക്കട്ടെ - ഭവനത്തിൽനിന്ന് കിട്ടേണ്ട, ഒരമ്മയിൽനിന്ന് കിട്ടേണ്ട പരിഗണനയാണ് ബഹു. റെക്ടറച്ചനിൽനിന്ന് കിട്ടിയത് എന്നു പറയാനാണ് ഞാൻ ഇത്രയും എഴുതിയത്.

ഞങ്ങളുടെ റെക്ടറച്ചൻ അങ്ങനെ ആയിരുന്നു. ആദ്ധ്യാത്മിക, വിദ്യാഭ്യാസപരമായ, എന്തിന് ഒരു ബ്രദറിന്റെ എല്ലാ കാര്യങ്ങളിലും അദ്ദേഹം പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. ഒരു പിതാവിന്റേയും മാതാവിന്റേയും ഗുരുനാഥന്റേയും ശ്രദ്ധ ഓരോ വൈദികവിദ്യാർത്ഥിക്കും അദ്ദേഹം കൊടുത്തിരുന്നു.

അദ്ദേഹം നല്ലൊരു ആധ്യാത്മിക നിയന്താവായിരുന്നു. അദ്ദേഹത്തോട് എന്തു കാര്യവും തുറന്ന് പറയാമായിരുന്നു. വളരെ കൃത്യമായ നിർദ്ദേശങ്ങൾ അദ്ദേഹം തരുമായിരുന്നു. അദ്ദേഹത്തിന്റെ Spiritual Instructions ഒക്കെ വളരെ ഹൃദയസ്പർശിയായിരുന്നു, പ്രായോഗിക നിർദ്ദേശങ്ങൾ ആയിരുന്നു.

അദ്ദേഹം നല്ലൊരു അധ്യാപകനായിരുന്നു. Metaphysics ആയിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. അന്ന് സെമിനാരികളിൽ ലത്തീൻ ഭാഷയിലാണ് അദ്ധ്യാപനം നടന്നിരുന്നത്. എന്നാൽ ബ. കുര്യച്ചൻ എല്ലാ ആശയങ്ങളും ഇംഗ്ലീഷിലും, മലയാളത്തിലുംവരെ പറഞ്ഞുതരുമായിരുന്നു. ഏത് വിദ്യാർത്ഥിക്കും മനസ്സിലാവുന്ന രീതിയിലാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്.

കൂടാതെ, അദ്ദേഹം നല്ലൊരു എൻജിനീയർ ആയിരുന്നു. ഞങ്ങൾ ആദ്യബാച്ച് ബ്രദേഴ്സ് സെമിനാരിയിൽ ചെല്ലുമ്പോൾ ഇപ്പോൾ കാണുന്ന സെമിനാരി കെട്ടിട സമുച്ചയത്തിന്റെ പകുതി പോലും ഇല്ലായിരുന്നു. വെള്ളാപ്പിള്ളി ബ്രദേഴ്സായിരുന്നു നിർമ്മാണ ചുമതല വഹിച്ചിരുന്നത്. വളരെ സമർത്ഥരായ കോൺട്രാക്ടേഴ്സ് ആയിരുന്നു അവർ. എന്നിരുന്നാലും റക്ടറച്ചന്റെ നിർദ്ദേശങ്ങൾ അവർ പരിഗണിച്ചിരുന്നു. ആ കെട്ടിട നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും അദ്ദേഹത്തിന്റെ ശ്രദ്ധ ഉണ്ടായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ഇപ്പോഴത്തെ സെമിനാരി കെട്ടിടനിർമ്മാണ

malankaralibrary.com

ത്തിൽ ബഹു. വഞ്ചിപ്പുരയ്ക്കലച്ചന്റെ സംഭാവന ചെറുതല്ല എന്ന് ചുരുക്കം.

വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരി സ്ഥാപിതമാകാൻ ഇടയായ സാഹചര്യം വളരെ പ്രധാനപ്പെട്ടതാണ്. അതുകൂടി പറഞ്ഞെങ്കിലേ ബഹു. വഞ്ചിപ്പുരയ്ക്കലച്ചനെക്കുറിച്ചുള്ള ഓർമ്മ കുറിപ്പ് പൂർണ്ണമാകൂ. കത്തോലിക്കാസഭയിലെ, പൗരസ്ത്യ സഭാ വിഭാഗത്തിൽപെട്ട ഒരു വ്യക്തിഗത സഭയാണ് സീറോമലബാർ സഭ. പതിനാറാം നൂറ്റാണ്ടുവരെ നമ്മുടെ സഭയുടെ തനതായ വ്യക്തിത്വം കാത്തു സൂക്ഷിക്കാൻ നമ്മുടെ സഭയ്ക്കു കഴിഞ്ഞിരുന്നു. എന്നാൽ പോർട്ടുഗീസ്കാരുടെ വരവോടെ അസ്തിത്വം നഷ്ടപ്പെട്ട ഒരു സഭയായി സീറോമലബാർ സഭ മാറി. എല്ലാം ലത്തീൻമയം. അതിൽ നിന്ന് സീറോമലബാർ സഭയെ മോചിപ്പിച്ച് അതിന്റെ തനിമ വീണ്ടെടുക്കുവാനുള്ള, ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ടിസറാങ്ങിന്റെ ആഗ്രഹത്തിന്റേയും ദീർഘവീക്ഷണത്തിന്റേയും ഫലമായിട്ടാണ് സീറോമലബാർ സഭയുടേത് മാത്രമായി ഒരു മേജർ സെമിനാരി വടവാതൂർ കുന്നിൻ മുകളിൽ സ്ഥാപിതമായത്.

ആ മേജർ സെമിനാരി റെക്ടറായി പലരും ആഗ്രഹിച്ചത് ഒരു ഈശോസഭാവൈദികനെയാണ്. സീറോ-മലബാർ സഭയിലെ വൈദികർക്ക് അതിന് കഴിവ് ഇല്ലത്രെ. ഒരു ഈശോസഭാ വൈദികൻ റെക്ടറും സീറോമലബാർ വൈദികൻ വൈസ് റെക്ടറും ആകട്ടെ എന്നായിരുന്നു ആദ്യത്തെ തീരുമാനം. അങ്ങനെ വൈസ് റെക്ടർ സ്ഥാനത്തേക്കാണ് മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലിനെ ആദ്യം പരിഗണിച്ചത്. ഇവിടെയും പൗരസ്ത്യതിരുസംഘം ഇടപ്പെട്ടു പറഞ്ഞു: “ബഹു. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ തന്നെ റെക്ടർ ആകട്ടെ.”

ആ സ്ഥാനത്തിന് അദ്ദേഹം സർവ്വദാ യോഗ്യനാണെന്ന് ഏഴു വർഷത്തെ തന്റെ സ്തുത്യർഹവും കാര്യക്ഷമവുമായ പ്രവർത്തനം കൊണ്ട് അദ്ദേഹം തെളിയിച്ചു. ഒരു മേജർ സെമിനാരി, അതും സീറോമലബാർ സഭയുടേത് മാത്രമായ സെമിനാരി, എന്തായിരിക്കണം. എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ച് അദ്ദേഹത്തിന് ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. അങ്ങനെ ഒരു മേജർ സെമിനാരി അതും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്തായിരിക്കണമെന്ന് സീറോമലബാർസഭ വിഭാവനം ചെയ്തുവോ,

malankaralibrary.com

ആ രീതിയിൽ ഈ സെമിനാരിയെ വളർത്താൻ മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലിനു കഴിഞ്ഞു എന്ന് അഭിമാനത്തോടെ പറയാൻ കഴിയും.

അദ്ദേഹത്തിന്റെ പാവന സ്മരണയുടെ മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ടും അദ്ദേഹത്തിലൂടെ സീറോ-മലബാർ സഭയ്ക്കും, വടവാതൂർ മേജർ സെമിനാരിയ്ക്കും, ഒപ്പം വ്യക്തിപരമായി എനിക്കും ലഭിച്ച നന്മയ്ക്ക്, സർവ്വശക്തനായ ദൈവത്തിനു നന്ദി പറഞ്ഞു കൊണ്ടും നിർത്തട്ടെ.

★



Reception to H.E. Maximilian Cardinal Furstenberg

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ കലാഹൃദയമുള്ള വൈദികശ്രേഷ്ഠൻ

**ഫാ. മൈക്കിൾ വടക്കേടം**



സീറോ മലബാർ സഭയുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന ഒരു സെമിനാരി പരിശീലനം വേണമെന്ന് ഇവിടുത്തെ പിതാക്കന്മാരും റോമിലെ പൗരസ്ത്യ തിരുസംഘവും തീരുമാനിച്ചു. അന്നത്തെ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടിന്റെ നേതൃത്വത്തിൽ അതിനുള്ള ശ്രമം ആരംഭിച്ചു. കോട്ടയം വടവാതൂർ കുന്നിൻപുറം അതിനായി തിരഞ്ഞെടുത്തു. സെമിനാരി കെട്ടിടത്തിന്റെ പണി ദ്രുതഗതിയിൽ ആരംഭിച്ചു. 1962 ജൂലൈ 3-ന് സെമിനാരിയുടെ ഉദ്ഘാടനം നടന്നു. സീറോമലബാർ സഭയിലെ ഏഴ് രൂപതകളിൽനിന്നുള്ള പിതാക്കന്മാർ ചങ്ങനാശ്ശേരി (മാർ മാത്യു കാവുകാട്ട്), എറണാകുളം (മാർ ജോസഫ് പാറേക്കാട്ടിൽ), തൃശൂർ (മാർ ജോസഫ് ആലപ്പാട്ട്), കോട്ടയം (മാർ തോമസ് തറയിൽ), പാലാ (മാർ സെബാസ്റ്റ്യൻ വയലിൽ), തലശ്ശേരി (മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി), കോതമംഗലം (മാർ മാത്യു പോത്തനാമൂഴി) എന്നീ പിതാക്കന്മാർ ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു. മാർ മാത്യു കാവുകാട്ടാണ് ഉദ്ഘാടനകർമ്മം നിർവഹിച്ചത്.

ഈശോസഭാവൈദികരെയാണ് സെമിനാരിക്കാരുടെ പരിശീലനം ഏല്പിക്കാൻ ഇവിടത്തെ വന്ദ്യപിതാക്കന്മാർ ഉദ്ദേശിച്ചത്. എന്നാൽ അതിന് റോമിൽനിന്ന് അനുവാദം ലഭിച്ചില്ല. സീറോ മലബാർ സഭയിൽ സെമിനാരി നടത്താൻ കഴിവുള്ള വൈദികരുണ്ട്. അവർതന്നെ നടത്തട്ടെ എന്ന് റോമിൽനിന്ന് തീരുമാനിച്ചു. അതി

malankaralibrary.com

നായി വെ. റവ. ഫാദർ കുര്യൻ വഞ്ചിപ്പുരയ്ക്കൽ (പാലാ) റെക്ടർ റവ. ഫാ. ലൂയീസ് നേരിയംപറമ്പിൽ (ചങ്ങനാശ്ശേരി) പ്രൊക്കുറേറ്റർ, റവ. ഫാ. തോമസ് നെടുംപുറം (കോതമംഗലം) ആത്മീയപിതാവ്, റവ. ഫാ. ജോസഫ് പള്ളിക്കാപ്പറമ്പിൽ (പാലാ - പിന്നീട് പാലാ മെത്രാൻ) ഫിലോസഫി പ്രൊഫസർ, എന്നിവരെ പിതാക്കന്മാർ നിശ്ചയിച്ചു. മേൽപറഞ്ഞ നാലു വൈദികരും 41 വൈദികവിദ്യാർത്ഥി കളുമായി ആദ്യവർഷതത്വശാസ്ത്ര ക്ലാസ്സുകൾ ആരംഭിച്ചു.

ആദ്യത്തെ മൂന്നുവർഷം ബഹു. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ സെമിനാരി വൈസ്റെക്ടറായി പ്രവർത്തിച്ചു. അദ്ദേഹം നല്ല റെക്ട റച്ചനായിരുന്നു. മറ്റച്ചന്മാരും റെക്ടറച്ചനോടു ചേർന്ന് ഒരു ടീമായി പ്രവർത്തിച്ചു. ആദ്യബാച്ചിലെ സെമിനാരിക്കാരെന്ന നിലയിൽ ഞങ്ങൾക്കു കൂടുതൽ ശ്രദ്ധയും കരുതലും ലഭ്യമായി. ചെറിയ ഒരു സമൂഹമായിരുന്ന ഞങ്ങൾ വളരെ സന്തുഷ്ടരും സംതൃപ്തരുമാ യിരുന്നു. നാളിതുവരെ സെമിനാരി പരിശീലനം നല്കിയിരുന്നത് സന്യാസസഭക്കാരായിരുന്നു. രൂപതാവൈദികരെ ഈ ഉത്തരവാ ദിത്വം ഏല്പിച്ചപ്പോൾ നല്ല പരിശീലനം നല്കാൻ അവരും ശ്രമിച്ചു. നിലവിലുള്ള അക്കാദമിക്ക് കാര്യങ്ങൾ ഉൾപ്പെടെയുള്ളവ മനസ്സി ലാക്കുകയും ഇവിടെ, അതിലുപരിയായി പ്രവർത്തനങ്ങൾ വടവാ തൂർ സെമിനാരിയിൽ നടത്തുന്നതിനായിട്ടും ബഹു. റെക്ടറച്ചൻ ശ്രദ്ധിച്ചു. Logic, Philosophy എന്നിവയ്ക്കു പുറമെ മലയാളം, ഇംഗ്ലീ ഷ്, ഗ്രീക്ക്, ഫ്രഞ്ച് തുടങ്ങിയ ഭാഷകളും പഠിപ്പിച്ചിരുന്നു. പഠനകാ ര്യങ്ങളിലും ബഹു. റെക്ടറച്ചൻ വളരെ താല്പര്യമെടുത്തിരുന്നു.

പാഠ്യേതരവിഷയങ്ങളിലും പഠനത്തോടൊപ്പം പരീക്ഷയും നട ത്താൻ ബഹു. അച്ചൻ ശ്രദ്ധിച്ചിരുന്നു. ബാസ്ക്കറ്റ് ബോൾ, വോളി ബോൾ, ബാഡ്മിന്റൺ തുടങ്ങിയ കളികൾക്കായുള്ള കോർട്ടുകളും ഉണ്ടാക്കി. കെട്ടിടത്തിന്റെ മുൻഭാഗം മനോഹരമായ പുൽത്തകിടു കളാക്കി, തട്ടുകളായി തിരിച്ച് മനോഹരമായ ഗാർഡൻ നിർമ്മിച്ചു. പൂച്ചെടികൾ വച്ചുപിടിപ്പിച്ചു. ഇതിലെല്ലാം വൈദികവിദ്യാർത്ഥിക ളുടെ പൂർണ്ണസഹകരണമുണ്ടായിരുന്നു. ആധ്യാത്മികരംഗവും ശോഭ നമായിരുന്നു. വിദ്യാർത്ഥികൾ രാവിലെ 5.30 ന് ഉണരുന്നു. 6 മണിക്ക് ചാപ്പലിൽ ധ്യാനം, 6.30 ന് വി. കുർബാന, 8 മണിക്ക് പ്രഭാതഭക്ഷ ണം, തുടർന്ന് ക്ലാസ്സുകൾ. ചെറിയ പ്രാർത്ഥനയ്ക്കുശേഷം 12.30 ന് ഉച്ചഭക്ഷണം, വിശ്രമം, കൊന്തനമസ്കാരം, തുടർന്ന് ഉച്ചകഴിഞ്ഞുള്ള ക്ലാസ്സുകൾ, ടിഫിൻ, കളികൾ/ ഗാർഡൻ ജോലികൾ. 6 മണിക്ക്

malankaralibrary.com

റംശാ - ഇങ്ങനെ ആധ്യാത്മികമായും ഭൗതികമായും സെമിനാരി അതിന്റെ ലക്ഷ്യത്തിലേക്കു വളർന്നു. സെമിനാരിക്കെട്ടിടത്തിന്റെ പണിയും പുരോഗമിച്ചുകൊണ്ടിരുന്നു. ഓരോ വർഷവും നാല്പതും അമ്പതും സെമിനാരിക്കാർക്ക് പ്രവേശനം നല്കി. പുതിയ സെമിനാരിയായതിനാൽ റോമിൽനിന്ന് ആർച്ചുബിഷപ്പുമാരും കർദ്ദിനാളന്മാരും പൗരസ്ത്യതിരുസംഘത്തിലെ അധികാരികളും സെമിനാരി സന്ദർശിച്ചിരുന്നു. അവരെ സ്വീകരിക്കാൻ സെമിനാരി ഗായകസംഘത്തിൽപ്പെട്ട ഞങ്ങൾ ഗാനമേള, മാർഗ്ഗംകളി തുടങ്ങിയ പരിപാടികൾ അവതരിപ്പിച്ചിരുന്നു. അതിഥികൾക്ക് ഞങ്ങളുടെ പരിപാടികൾ ഇഷ്ടമായിരുന്നു.

ബഹു. കുര്യച്ചൻ തികഞ്ഞ ഒരു കലാസ്നേഹിയായിരുന്നു. വയലിൻ വായന സാമാന്യം ഞാൻ പഠിച്ചിരുന്നു. എങ്കിലും ബഹു. അച്ചൻ വളരെയധികം എന്നെ പ്രോത്സാഹിപ്പിച്ചു. ചെറിയ സംഘങ്ങളായി പലരെയും വയലിൻ പഠിപ്പിക്കാൻ റെക്ടറച്ചൻ എന്നെ ഉത്സാഹിപ്പിച്ചിരുന്നു. പല സെമിനാരിക്കാരെയും വയലിൻ പഠിപ്പിക്കാൻ എനിക്ക് ഭാഗ്യം ഉണ്ടായി. പള്ളിയിൽ വി. കുർബാന, പരി. കുർബാനയുടെ വാഴ്വ്, മീറ്റിംഗുകളിൽ സമൂഹഗാനം തുടങ്ങിയവയിലെല്ലാം ഉപകരണസംഗീതം എന്റെ ഉത്തരവാദിത്തമായിരുന്നു. സെമിനാരി ക്വയർ ഡിറക്ടർ ബഹു. ജേക്കബ് വെള്ളിയാൻ ആയിരുന്നു. ഫിലോസഫി ഒന്നാംവർഷം ബഹു. വഞ്ചിപ്പുരയ്ക്കലച്ചൻ എന്നെ ക്വയർ മാസ്റ്റർ ആയി നിയോഗിച്ചിരുന്നു. അത് പ്രധാനമായും ശാസ്ത്രീയസംഗീതത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ്. ഉപകരണസംഗീതം (Instrumental music) പഠിപ്പിക്കുന്ന കാര്യത്തിലും എനിക്കു താല്പര്യമായിരുന്നു. കൂടാതെ ബഹു. റെക്ടറച്ചൻ സാഹിത്യം, സംഗീതം, നാടകങ്ങൾ ഇവയിലെല്ലാം ഞങ്ങൾക്കെല്ലാ പ്രോത്സാഹനവും തന്നിരുന്നു.

1968 ഡിസംബർ 18-ന് ഞങ്ങൾ ആദ്യബാച്ച് ഡീക്കന്മാരുടെ തിരുപ്പട്ട ശുശ്രൂഷ നടന്നു. എന്നെ സംബന്ധിച്ച് വടവാതൂർ സെമിനാരിജീവിതം ഏറെ സന്തോഷകരമായിരുന്നു. ആദ്യബാച്ചിലെ സെമിനാരിക്കാരൻ എന്ന നിലയിൽ അഭിമാനിക്കാൻ ഏറെ കാര്യങ്ങളുണ്ട്. അതെല്ലാം ഇവിടെ പ്രസ്താവിക്കുന്നില്ല. ബഹു. വഞ്ചിപ്പുരയ്ക്കലച്ചനും സഹപ്രവർത്തകരും ഞങ്ങൾക്കു നല്കിയ വിലയേറിയ പരിശീലനം വളരെ പ്രയോജനകരമായി. എന്റെ ഇടവക ജീവിതത്തിൽ അതെല്ലാം വളരെ ഫലപ്രദമായി എന്നു പറയാൻ

malankaralibrary.com

എനിക്കു സന്തോഷമുണ്ട്. ബഹു. കുര്യച്ചൻ നല്കിയ ഉപദേശങ്ങൾ, അദ്ദേഹത്തിന്റെ സൗമ്യമായ ഇടപെടൽ, ആത്മീയ-ഭൗതിക കാര്യങ്ങളിൽ കാണിച്ച താല്പര്യം, ഞങ്ങളുടെ കഴിവുകളെ വളർത്തിയെടുക്കുന്നതിൽ വ്യക്തമാക്കിയ സ്നേഹവും കരുതലും, കലാ-സാഹിത്യ-കായിക രംഗങ്ങളിൽ ഞങ്ങൾക്കു തന്ന പ്രചോദനം തുടങ്ങിയവയെല്ലാം നന്ദിയോടെ സ്മരിക്കുന്നു. പ്രാർത്ഥനയിൽ ഞങ്ങളുടെ എല്ലാ ഗുരുഭൂതന്മാരെയും ഓർക്കുന്നു. ഗുരുഭൂതരായും സഹപാഠികളായും ഞങ്ങളിൽനിന്ന് വേർപെട്ടുപോയവരെ പ്രാർത്ഥനാപൂർവം സ്മരിക്കുന്നു. ബഹു. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ സീറോ മലബാർ സഭയുടെ ഒരു വെള്ളിനക്ഷത്രമായി എന്നും പ്രശോഭിക്കും, സംശയമില്ല.



Msgr. Kurain Vanchipurackal presents a memento to H.E. Cardinal Maximilian Furstenberg

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ സ്നേഹപൂർവകമായ സമീപനങ്ങൾ

**ഫാ. ജേക്കബ് ചേരിക്കൽത്തടം**



വടവാതൂർ സെമിനാരിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ റെക്ടർ എന്ന നിലയിൽ ഭാവിയെ ലക്ഷ്യം വച്ചു തുടങ്ങിവച്ച പല പ്രവർത്തനങ്ങളുടെയും പരിണതഫലമാണ് സെമിനാരിയുടെ ഇന്നത്തെ നിലയിലുള്ള വളർച്ചയും വികാസവും എന്ന് പറയേണ്ടിയിരിക്കുന്നു.

വടവാതൂർ സെമിനാരിയിലെ ആദ്യബാച്ചിലെ വൈദിക വിദ്യാർത്ഥിയായിരുന്ന എനിക്ക് പുതിയൊരു അനുഭവമായിരുന്നു അവിടെ അധികാരികളും കുട്ടികളും തമ്മിൽ പുലർത്തിയിരുന്ന ഊഷ്മളബന്ധവും സഹകരണമനോഭാവവും. എറണാകുളത്ത് ടൗണിന്റെ മദ്ധ്യത്തിൽ അതിമെത്രാസന മന്ദിരത്തോടു ചേർന്നായിരുന്നു അന്നത്തെ ഞങ്ങളുടെ പെറ്റി സെമിനാരി. അവിടെ റെക്ടറച്ചന്റെയും മറ്റധികാരികളുടെയും നിരീക്ഷണം എപ്പോഴും ഉണ്ടായിരുന്നതുകൊണ്ട് കുറച്ചൊക്കെ ഭയപ്പാടോടെയാണ് അധികാരികളെ കണ്ടിരുന്നത്. എന്നാൽ വടവാതൂർ സെമിനാരിയിൽ വന്നപ്പോൾ റക്ടറച്ചന്റെയും അദ്ദേഹത്തോടു ചേർന്നു പ്രവർത്തിച്ചിരുന്ന സഹവൈദികരുടെയും സമീപനരീതി കൂടുതൽ ഹൃദ്യമായി അനുഭവപ്പെട്ടു. അധികാരികളാണെങ്കിലും അധികാര മനോഭാവത്തോടെയല്ല, സുഹൃത്തുക്കളെപ്പോലെയാണ്, ഞങ്ങളുടെ ജീവിതത്തിൽ അവർ ഇടപെട്ടിരുന്നത്. ഇത് എന്റെ സെമിനാരി ജീവിതകാലത്തും തുടർന്നും വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

malankaralibrary.com

ബഹുമാനപ്പെട്ട കുര്യച്ചനിലൂടെ എനിക്ക് വ്യക്തിപരമായി ലഭിച്ച ചില തിരുത്തലുകൾ പുതിയ ചില തീരുമാനങ്ങൾ എടുക്കുന്നതിന് പ്രചോദനമായി തീർന്നിട്ടുണ്ട്. ഒന്നു രണ്ടു സംഭവങ്ങൾ ഇവിടെ കുറിക്കട്ടെ. സെമിനാരിയിലെ രണ്ടാം വർഷം. രണ്ടാം വർഷ വിദ്യാർത്ഥികൾകൂടി ഉൾപ്പെട്ട ബ്ലോക്കുകളിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. പതിനഞ്ചുപേർക്കുള്ള ചെറിയ മുറികൾ ഉൾപ്പെടുന്ന ഒരു ഫ്ളോറിന്റെ ലീഡറായി ഒരു ടേമിൽ പ്രവർത്തിക്കേണ്ടതായും വന്നു. ഒരു ദിവസം . ബ. കുര്യച്ചൻ എന്നെ വിളിച്ചുപറഞ്ഞു അന്നു വൈകുന്നേരം കാപ്പികുടികഴിഞ്ഞ് രണ്ടു ബ്രദേഴ്സിനെയുംകൂട്ടി ചെടി നടാൻ ചെല്ലണമെന്ന്. അന്ന് കാപ്പികുടി കഴിഞ്ഞ സമയത്തു നല്ല മഴയായിരുന്നു. പുറത്ത് കളിക്കാൻ പോകാൻ പറ്റാതിരുന്നതുകൊണ്ട് കുട്ടികളെല്ലാവരും വലിയ ഹോളിൽ ഓരോ കളികളിൽ ഏർപ്പെട്ടു. ചീട്ടുകളി അറിഞ്ഞുകൂടാതിരുന്നതുകൊണ്ട് അതു പഠിക്കാൻ ഒരു ചീട്ടുകളി ടീമിന്റെ കൂടെ ഞാനും കൂടി. ചീട്ടുകളിയല്ലേ, കളിയിൽ മുഴുകിയപ്പോൾ പുറത്ത് മഴ മാറിയതു ശ്രദ്ധിച്ചതേയില്ല. കളിസമയം കഴിഞ്ഞപ്പോഴാണ് റെക്ടറച്ചൻ പറഞ്ഞിരുന്ന കാര്യം ഓർത്ത് ചെടിത്തോട്ടത്തിലേയ്ക്ക് ചെന്നത്. റെക്ടറച്ചൻ തനിയെ ചില ചെടികൾ നടുന്നതാണ് അപ്പോൾ കണ്ടത്. അച്ചൻ വഴക്കുപറയും എന്ന ശങ്കയോടെ അടുത്തേയ്ക്കു ചെന്നപ്പോൾ അച്ചൻ ഇത്രമാത്രമേ പറഞ്ഞുള്ളൂ. “മഴയായിരുന്നു അല്ലേ, സാരമില്ല.” സമാശ്വസിപ്പിക്കുന്ന വാക്കുകളായിരുന്നു എങ്കിലും ഒരു പുതിയ തീരുമാനമെടുക്കാൻ അത് എന്നെ പ്രചോദിപ്പിച്ചു. ഉത്തരവാദപ്പെട്ട എന്തെങ്കിലും കാര്യം ഏൽക്കേണ്ടിവന്നാൽ അതിനായിരിക്കണം പ്രഥമ പരിഗണന നൽകേണ്ടത് എന്ന്.

കുട്ടികൾക്ക് വേദപാഠ ക്ലാസ് ആകർഷകമായ രീതികൾ എങ്ങനെയാണ് എടുക്കേണ്ടതെന്ന് ബ. കുര്യച്ചൻ തന്നെ ക്ലാസെടുത്ത് ഞങ്ങൾക്ക് പരിശീലനം നൽകിയ ഒരവസരം. ബോർഡ്, ചാർട്ട്, ചിത്രങ്ങൾ എന്നിവ ഉപയേഗിച്ച് ക്ലാസ് എടുത്തു കാണിച്ചശേഷം ഞങ്ങൾ ഓരോരുത്തരും അതുപോലെ ക്ലാസെടുത്തു കാണിക്കാൻ ആവശ്യപ്പെട്ടു. ക്ലാസെടുത്ത് പരിചയം ഒന്നും ഇല്ലാഞ്ഞ ഞാൻ, അച്ചൻ മുമ്പിലിരിക്കെ, പരിഭ്രമത്തോടെയാണ് ക്ലാസെടുക്കാൻ തുടങ്ങിയത്. ഒന്നു വായിച്ചു തീർക്കൽ ആണ് അവിടെ നടത്തിയത് എന്നു പറയാം. ക്ലാസൊക്കെ കഴിഞ്ഞുപോയശേഷം അച്ചൻ എന്നെ പ്രത്യേകം വിളിപ്പിച്ചു, പിറ്റേദിവസം ക്ലാസ് നന്നായി എടുത്ത്

malankaralibrary.com

അച്ചനെ കാണിക്കണം എന്നു പറഞ്ഞു. കുറച്ചു പ്രാക്ടീസ് തനിയെ ചെയ്തു നോക്കിയശേഷമാണ് പിറ്റേദിവസം അച്ചന്റെ അടുത്തു ചെന്നത്. എന്നാൽ അന്ന് ക്ലാസ് വീണ്ടും എടുപ്പിച്ചില്ല. എടുപ്പിച്ചെങ്കിൽ അന്നും കുളമായേനെ എന്നാണ് എന്റെ ബോധ്യം. അച്ചൻ അപ്പോൾ പറഞ്ഞു "കുട്ടികൾക്കായി ക്ലാസെടുക്കേണ്ടി വരുമ്പോൾ അവർക്ക് വേഗം മനസ്സിലാകത്തക്ക രീതിയിൽ ബോർഡ്, ചാർട്ട്, ചിത്രങ്ങൾ എന്നിവ ഉപയോഗിക്കാൻ ശ്രദ്ധിക്കണം." വൈദികനായശേഷം ക്ലാസുകൾ എടുക്കുമ്പോൾ എല്ലാ അധ്യാപകരും ഇവ ഉപയോഗിക്കുന്ന കാര്യത്തിൽ ഞാൻ താൽപര്യമെടുത്തിരുന്നു. മാത്രമല്ല താഴ്ന്ന ക്ലാസ്സിലെ കുട്ടികൾക്ക് ബൈബിളിലെയും വിശുദ്ധരുടെയും ചിത്രകഥകൾ കിട്ടാവുന്നിടത്തോളം വാങ്ങി വായിക്കാൻ നൽകിപോന്നു.

ബഹുമാനപ്പെട്ട മോൺ. കുര്യച്ചനിലൂടെ വടവാതൂർ സെമിനാരിക്കും അതിലെ ആദ്യകാല വിദ്യാർത്ഥികൾക്കും ലഭിച്ചിട്ടുള്ള നന്മകൾ ഏറെയാണ്. അവയോർത്ത് നമുക്ക് ദൈവത്തിനു നന്ദി പറയാം.

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ വൈദിക പരിശീലനത്തിന്റെ ഉൾക്കാമ്പ് തൊട്ടറിഞ്ഞ ഉത്തമ വൈദികശ്രേഷ്ഠൻ

**ഫാ. സെബാസ്റ്റ്യൻ കാളാശ്ശേരി**



വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി 1962 ജൂലൈ 3-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിന്റെ പശ്ചാത്തലം, ഇതരവിശദാംശങ്ങൾ തുടങ്ങിയവ ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 1962 മുതൽ 1969 വരെ ഞങ്ങളുടെ ഏക റെക്ടർ ബഹു. കുര്യൻ വഞ്ചിപുരയ്ക്കൽ ആയിരുന്നു. ആ വസ്തുത വളരെ നന്ദിയോടും ചാരിതാർത്ഥ്യത്തോടുകൂടി ഞങ്ങൾ, ആദ്യ ബാച്ച് വൈദികർ ഇന്നും അനുസ്മരിക്കുന്നു.

ബഹു. വഞ്ചിപ്പുരയ്ക്കൽ അച്ചൻ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. ഒരു മേജർ സെമിനാരിയുടെ ആരംഭകാലം വളരെ പ്രധാനപ്പെട്ടതാണല്ലോ. കെട്ടിടങ്ങൾ ഉൾപ്പെടെ പലവിധ സംവിധാനങ്ങൾ സജ്ജീകരിക്കപ്പെടണം, അതിനുതകുന്ന പ്ലാനും പദ്ധതികളും ആർജ്ജവത്തോടെ ക്രമീകരിക്കണം. വൈദിക വിദ്യാർഥികൾക്ക് നൽകാൻ പോകുന്ന അജപാലന, പഠന, പരിശീലന പദ്ധതികളെക്കുറിച്ച് വ്യക്തമായ ധാരണയും ആവശ്യമാണ്. വിദ്യാർത്ഥികളുടെ ദൈവവിളികൾ പരിപോഷിപ്പിക്കണം, തത്വശാസ്ത്ര, ദൈവശാസ്ത്ര, ആധ്യാത്മിക വിഷയങ്ങൾ ഒന്നൊന്നായി ചിട്ടപ്പെടുത്തണം. ഭാവിയിലെ സഭാശുശ്രൂഷകരുടെ വ്യക്തിത്വ വികസനം, സഭാസ്നേഹം, ആരോഗ്യപരിപാലനം, ഇപ്രകാരം പലവിധ ഉത്തരവാദിത്വങ്ങൾ

malankaralibrary.com

ഭാവിവൈദികരെ മുന്നിൽ കണ്ടുകൊണ്ട് എടുക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾക്കെല്ലാം ഏറ്റവും അനുയോജ്യനായ ഇടവക വൈദികനായി പരിശുദ്ധ സിംഹാസനം കണ്ടെത്തിയത് പാലാരൂപതാംഗമായ ബഹു. കുര്യൻ വഞ്ചിപ്പുര ക്കലച്ചനെയാണ്. അദ്ദേഹത്തോടൊപ്പം സെമിനാരി പ്രൊക്കുറേറ്ററായി ബഹു. ലൂയിസ് നേര്യംപറമ്പിലച്ചനും (ചങ്ങനാശ്ശേരി) ആധ്യാത്മിക പിതാവായി ബഹു. തോമസ് നെടുമ്പുറത്തച്ചനും (കോതമംഗലം) പ്രൊഫസർ ആയി ബഹു. ജോസഫ് പള്ളിക്കാ പ്പറമ്പിലച്ചനും (പാലാ) നിയമിക്കപ്പെട്ടു .

## ആദ്യകാല പരിമിതികൾ

കെട്ടിടങ്ങൾ ഭാഗികമായി മാത്രമേ പണിതീർന്നിരുന്നുള്ളൂ. ഉള്ള സൗകര്യങ്ങൾ കണക്കിലെടുത്ത് സെമിനാരിക്കാർക്ക് ആദ്യ വർഷം താമസിക്കാനായി മൂന്ന് കമറാത്താകൾ (15 വീതമുള്ള 3 നിലകൾ residential rooms ) തയ്യാറാക്കിയിരുന്നു. ഊട്ടുമുറി, ചാപ്പൽ, ലൈബ്രറി, പാർലർ തുടങ്ങിയവയ്ക്ക് അനുയോജ്യമായ ഹാളുകൾ താൽക്കാലികമായി തയ്യാറാക്കി. കെട്ടിട നിർമ്മാണം തുടർന്നിരുന്ന തിനാൽ ചിലപ്പോഴൊക്കെ ഞങ്ങൾക്കും ചില നിർമ്മാണപ്രക്രിയ യിൽ പങ്കുചേരാൻ ബഹു. റെക്റ്ററച്ചൻ അവസരം ഒരുക്കിത്തന്നി രുന്നു.

## കരുതലും സ്നേഹവും

ബഹു. കുര്യച്ചന്റെ കരുതലും സ്നേഹവും ഞങ്ങളുടെ ബാച്ചുകാർ പ്രത്യേകമായി തിരുപ്പട്ടം സ്വീകരിച്ചിറങ്ങുന്നതുവരെ അനുഭവിച്ചവരാണ്. അതു വ്യക്തിപരമായും പൊതുവായും ഞങ്ങളുടെ അനുഭവങ്ങളാണ്. ആദ്യമായി ഞങ്ങൾ വടവാതൂർ മേജർ സെമിനാരിയിൽ എത്തുന്ന നിമിഷം മുതൽ ഞങ്ങൾക്ക് വേണ്ടിയുള്ള ഓരോ ചെറിയ കാര്യത്തിലും ബഹു. അച്ചന്റെ ശ്രദ്ധ വ്യക്തമായിരുന്നു. ഞങ്ങൾ സെമിനാരിയിൽ വന്ന സമയം തന്നെ ഞങ്ങളെ പ്രത്യേകമായി സ്വീകരിച്ച് മുറികൾ, ക്ലാസ് മുറികൾ, ഊട്ടുമുറി തുടങ്ങിയവ കാണിച്ചു തരാൻ സൗകര്യം ഒരുക്കിയിരുന്നു. ബഹു. വൈദികരും ഞങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്തു. ക്ലാസ് മുറികളിൽ ഞങ്ങളുടെ ഓരോരുത്തരുടെയും പേര് സ്റ്റഡി ഡെസ്കിൽ എഴുതിയിരുന്നു. അതിനുള്ളിൽ കുറെ വെള്ള പേപ്പറും ഇൻലൻഡുകളും പേനയും ഞങ്ങളുടെ പേരടിച്ച പേപ്പറും വച്ചി രുന്നു. വൈകുന്നേരം ബഹു. റെക്റ്ററച്ചൻ ഞങ്ങളെ study hall-ൽ

malankaralibrary.com

ഒരുമിച്ചുകൂട്ടി പൊതുവിൽ സ്വാഗതം ചെയ്തു. പൊതുവായ ചില കാര്യങ്ങളും പറഞ്ഞു തന്നു. ഇത് നിങ്ങളുടെ ഭവനമാണ്, നിർഭയം മുന്നോട്ടു പോകാം. (Feel free, this is your home) എന്നു പറഞ്ഞത് ഞങ്ങൾക്ക് വലിയ ഉത്തേജനമായി. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത് അച്ചന്റെ കരുതലും സ്നേഹവും തന്നെയാണ്. വന്ന് കുറച്ചുദിവസങ്ങൾക്കുള്ളിൽ ചിലർക്ക് ചെറിയ പനിയും അസുഖങ്ങളും വന്നിരുന്നു. അവർക്ക് വിശ്രമിക്കാൻ സൗകര്യം നല്കി. മാത്രമല്ല ബഹു. റെക്റ്ററച്ചൻ തന്നെ ഇടയ്ക്കിടെ അവരെ കണ്ട് സംസാരിക്കുമായിരുന്നു. അതെല്ലാം അച്ചന്റെ കരുതലിന്റെയും സ്നേഹത്തിന്റെയും ഭാവങ്ങളായിരുന്നു.

## ആരോഗ്യപരിപാലനത്തിലുള്ള ശ്രദ്ധ

ഞങ്ങൾ പഠനം ആരംഭിച്ച അധികം താമസിക്കാതെ തന്നെ ഒരു മെഡിക്കൽ ഡോക്ടർ (Dr. Ambooran ) സെമിനാരിയിൽ വന്ന് ഞങ്ങളെ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങളൊക്കെ തന്നിരുന്നു. ചിലർക്ക് മരുന്നുകളും, വിറ്റാമിൻ ഗുളികകളും, ഫ്രൂട്ട്സും ഒക്കെ നിർദ്ദേശിച്ചു. അതെല്ലാം വളരെ പ്രയോജനകരമായിരുന്നു. സെമിനാരിയുടെ പൊതുഡോക്ടർ ആയി അംഗീകരിച്ചിരുന്നത് ആ വർഷങ്ങളിൽ മെഡിക്കൽ കോളജിലെ പ്രൊഫസർ ആയിരുന്ന ഡോക്ടർ മാത്യു പാറക്കൽ ആയിരുന്നു. ഗൗരവമുള്ള ആരോഗ്യ പ്രശ്നങ്ങൾ അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. ഇതുകൂടാതെ സെമിനാരിക്കാരിൽ ക്ഷീണിതരായി കാണുന്നവരെ ബഹു. റെക്റ്ററച്ചൻ നേരിൽ വിളിച്ച്, Tonics അല്ലെങ്കിൽ Specials ശുപാർശ ചെയ്തിരുന്നു. ക്ഷീണിച്ചിരുന്ന ബ്രദേഴ്സിന് രണ്ടാഴ്ചത്തേക്ക് പാല്, മുട്ട തുടങ്ങിയവ പ്രത്യേകമായി നൽകാൻ പ്രൊക്കുറേറ്ററച്ചനെ അറിയിക്കുമായിരുന്നു.

## ഇടവക വികാരിമാരുമായുള്ള സുദൃഢബന്ധം

ഇടവക വികാരിമാരുമായുള്ള ബന്ധം നിലനിർത്താൻ ബഹു. റെക്റ്ററച്ചന്റെ നിർദ്ദേശപ്രകാരം ഞങ്ങൾ ഇടയ്ക്കിടെ ഞങ്ങളുടെ ബഹു. വികാരി അച്ചന്മാർക്ക് കത്തെഴുതുമായിരുന്നു. അത് ഇംഗ്ലീഷിൽ വേണമെന്ന് ബഹു. അച്ചൻ പറയുമായിരുന്നു. ഇൻലൻഡിൽ ഞങ്ങൾ എഴുതുന്ന കത്തുകൾ അച്ചൻ വായിച്ച് തെറ്റുകൾ തിരുത്തി, മറ്റൊരു ഇൻലൻഡുമായി അച്ചൻ തിരിച്ചുതരുമായിരുന്നു. അതുപോലെ വികാരി അച്ചന്മാർ സെമിനാരിയിൽ വരുമ്പോൾ

malankaralibrary.com

അവരെ ആദരവോടെ സ്വീകരിക്കേണ്ടവിധം പറഞ്ഞു തന്നിരുന്നു. ഞങ്ങൾ അപ്രകാരം ചെയ്തിരുന്നു. ആദ്യകാലത്ത് ലൈബ്രറിക്കായി പുസ്തകങ്ങൾ നൽകണമെന്ന് ബഹു. അച്ചൻ താത്പര്യപൂർവ്വം വികാരിമാരെ അനുസ്മരിപ്പിച്ചിരുന്നു. അങ്ങനെ അക്കാലത്ത് കുറെയേറെ പുസ്തകങ്ങൾ ലൈബ്രറിക്ക് കിട്ടി. ജോൺ വിയാനിയുടെ തിരുനാൾ ദിവസം ഇടവക വികാരിമാരുടെ പ്രതിനിധിയായി ആരുടെയെങ്കിലും പ്രസംഗങ്ങൾ ശ്രവിക്കുവാൻ ഞങ്ങൾക്ക് അവസരമുണ്ടായിരുന്നു. സെമിനാരിയും ഈ പ്രദേശത്തെ വൈദികരുമായി സുദൃഢമായ ബന്ധം സ്ഥാപിച്ചെടുക്കാൻ അച്ചൻ താല്പര്യമെടുത്തിരുന്നു.

## പ്രായോഗികവും മനഃശാസ്ത്രപരവുമായ സമീപനങ്ങൾ

ബഹു. വഞ്ചിപ്പുരക്കൽ അച്ചന്റെ ഒരു സവിശേഷത അച്ചന്റെ സെമിനാരിക്കാരോടുള്ള സമീപനം ആത്മാർത്ഥവും പ്രായോഗികവും മനഃശാസ്ത്രപരവുമായിരുന്നു എന്നതാണ്. നല്ല നിരീക്ഷണ പാടവം അച്ചനുണ്ടായിരുന്നു. അതിന്റെ പശ്ചാത്തലത്തിൽ അവരുമായി സംസാരിക്കും, പോരായ്മകൾ ചൂണ്ടിക്കാണിക്കും. എങ്ങനെ തിരുത്താൻ കഴിയും എന്ന് വ്യക്തമാക്കിത്തരുകയും ചെയ്യുമായിരുന്നു. വ്യക്തിപരമായി self image കുറഞ്ഞവർക്ക് അത് വീണ്ടെടുക്കാനുള്ള സൂചനകൾ അച്ചൻ നൽകും. പ്രസംഗങ്ങൾ പൊതുവേദിയിൽ പറയാൻ സഭാകമ്പം ഉള്ളവരെ അത് മാറ്റിയെടുക്കാൻ അച്ചൻ സഹായിക്കും. അവരുടെ self confidence വളർത്താനുള്ള ശൈലികൾ അവർക്ക് നൽകും. പരീക്ഷയിൽ മാർക്ക് കുറഞ്ഞവരെ കൂടുതൽ ശ്രദ്ധിച്ചു പഠിച്ചു മിടുക്കരാക്കാനുള്ള ആത്മധൈര്യം അവർക്ക് നൽകുമായിരുന്നു. ഇതെല്ലാം ഓരോ സെമിനാരിക്കാരനെയും വ്യക്തിപരമായി മനസ്സിലാക്കുന്നതുകൊണ്ടാണല്ലോ. അതേസമയം അച്ചടക്കം (discipline) കൈവിടാൻ ഒരിക്കലും അച്ചൻ സമ്മതിക്കില്ല. ആദ്യബാച്ചുകാർ എന്തുമാത്രം തിരുത്തലുകൾ (corrections) ആണ് സ്വീകരിച്ചിട്ടുള്ളത്! അതെല്ലാം അവരുടെ നന്മയ്ക്കായി പിന്നീട് ഭവിച്ചിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം.

## കലാസാഹിത്യ രംഗത്തെ നേതൃത്വം

തത്വശാസ്ത്ര പഠനത്തോടൊപ്പം ആധ്യാത്മിക വിഷയങ്ങളും സിലബസിന്റെ ഭാഗമായിരുന്നു. എല്ലാ ആഴ്ചയിലും സാഹിത്യ

malankaralibrary.com

അക്കാദമി മീറ്റിങ്ങുകൾ, ചിലപ്പോൾ അസാധാരണ അക്കാദമി. ഇതിനെല്ലാം അധ്യക്ഷനായി പുറത്തുനിന്ന് പ്രഗത്ഭരായ വ്യക്തികളെ ക്ഷണിച്ചു കൊണ്ടുവരുമായിരുന്നു. സംഗീത ക്ലാസുകളും ക്രമീകരിച്ചിരുന്നു. ബഹു. വെള്ളാനിക്കൽ മല്പാനച്ചൻ അതിരമ്പുഴ അസ്തേന്തിയായിരുന്നപ്പോൾ, സെമിനാരിയിൽ വന്നു ഞങ്ങളെ പഠിപ്പിച്ച ചില പാട്ടുകൾ ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. നാടകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അവതരിപ്പിച്ചിരുന്നു. ഏകാങ്ക നാടകങ്ങൾ, കമറാത്താ വിശുദ്ധന്റെ തിരുനാളോടനുബന്ധിച്ച് രാത്രി 45 മിനിറ്റിന്റെ ചെറുനാടകങ്ങൾ തുടങ്ങിയവയും നടത്തിയിരുന്നു. ഇതിലൂടെ നർമ്മരസത്തോടെ സഹപാഠികളെയും ബഹു. അച്ചന്മാരെയും ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും ചില ദുശീലങ്ങൾ തിരുത്താനും ഇടവന്നിട്ടുണ്ട്. ഇവിടെയെല്ലാം വ്യക്തമാകുന്നത് ബഹു. അച്ചൻമാരും സെമിനാരിക്കാരുമായുള്ള ആത്മബന്ധമാണ്. പൊതുവിൽ സെമിനാരിക്കാർക്കുള്ള ചില പരാതികൾ പരിഹരിക്കുന്നതിനും ഇത്തരം ലഘുവായ ഹാസ്യനിരീക്ഷണങ്ങൾ ഇടവരുത്തുമായിരുന്നു. അത് ബഹു. അച്ചന്മാരും ആസ്വദിക്കുമായിരുന്നു. നാടകത്തിന്റെ നല്ല വിമർശനങ്ങൾ സർഗാത്മകമായി റെക്ടറച്ചൻ അല്ലെങ്കിൽ മറ്റ് അച്ചന്മാർ നൽകുമായിരുന്നു.

### ഇതര കലാരൂപങ്ങൾ

താല്പര്യമുള്ള സെമിനാരിക്കാർക്ക് മാർഗ്ഗംകളി, പരിചമുട്ടുകളി തുടങ്ങിയവയിൽ പരിശീലനം കൊടുത്തിരുന്നു. ചില പൊതു അവസരങ്ങളിൽ ഇവ അരങ്ങേറാൻ സൗകര്യം ഉണ്ടായിരുന്നു. മറ്റൊരു പദ്ധതി യോഗ പരിശീലനമായിരുന്നു. കോട്ടയത്ത് നിന്ന് ബഹു. ബോധാനന്ദസ്വാമിയും സഹായിയും വന്ന് ക്ലാസ് എടുത്തിരുന്നു. പിന്നെ കൃത്യമായി തുടർന്ന് പരിശീലനം നൽകിയിരുന്നു.

യുവജനപ്രസ്ഥാനം വളർത്തിയെടുക്കാൻ ആരംഭകാലത്ത് തന്നെ പദ്ധതിയുണ്ടായിരുന്നു. ഇടയ്ക്കിടെ പ്രഗത്ഭരായ വ്യക്തികൾ വന്ന് ഈ വിഷയത്തിൽ ക്ലാസ് നയിച്ചിരുന്നു.

മാനസിക ശാരീരിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനായി വ്യാഴാഴ്ച ദിവസങ്ങളിൽ റെഗുലർ ക്ലാസ്സിനു പകരം, രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം പ്രഭാതഭക്ഷണം കഴിഞ്ഞ് പുറത്തു നടക്കാൻ പോകുമായിരുന്നു (morning walk). പട്ടണത്തിലേക്ക് ഇല്ല. അടുത്തുള്ള ഗ്രാമപ്രദേശങ്ങളിലേക്ക് മൂന്ന് പേരിൽ കുറയാത്ത

malankaralibrary.com

ഗ്രൂപ്പുകളായി പോകും. ആദ്യത്തെ 15 മിനിറ്റ് ധ്യാനവും തുടർന്നു ഉല്ലാസമായി പുതിയ പുതിയ പ്രദേശങ്ങളിലൂടെ നടക്കും. 9.30ന് തിരിച്ചെത്തണം. പിന്നെ ലഘുഭക്ഷണം, മുറി വൃത്തിയാക്കൽ, പൊതു ഹാൾസ് വൃത്തിയാക്കൽ, സമയമനുസരിച്ച് extra reading, കത്തെഴുതൽ, തുടങ്ങിയവ. ഉച്ചകഴിഞ്ഞ് 3 മണിക്ക് Academy അല്ലെങ്കിൽ സംഗീത ക്ലാസ്സുകൾ ബഹു അച്ചൻമാരും ചിലപ്പോൾ പ്രസംഗങ്ങൾ ശ്രവിക്കാൻ ഉണ്ടായിരിക്കും.

## കായിക രംഗം

ബാസ്ക്കറ്റ്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, റിങ് ടെന്നീസ് തുടങ്ങിയ ഗെയിംസ് ഉണ്ടായിരുന്നു. നാലുമണിക്ക് കാപ്പികുടി കഴിഞ്ഞ് നിർബന്ധമായി (രോഗികൾ ഒഴികെ) എല്ലാവരും അരമണിക്കൂർ ഗാർഡൻ ജോലി ചെയ്യണമായിരുന്നു. അത് കഴിഞ്ഞു പോയി കളിക്കാം. വഞ്ചിപ്പുരയ്ക്കലച്ചൻ നല്ല ഒരു ഗാർഡെനർ ആയിരുന്നു. അതും കലാപരമായി ചെയ്യാൻ അച്ചൻ പറയുമായിരുന്നു. ചില ദിവസങ്ങളിൽ ബഹു. അച്ചൻമാരും പന്ത് കളിയിൽ ഞങ്ങളോടൊപ്പം ചേരുമായിരുന്നു. ബഹു. ജോസഫ് വടക്കുംചേരി അച്ചനും നല്ല ഗാർഡെനർ ആയിരുന്നു. വർഷം കഴിയുന്തോറും കൂടുതൽ കുട്ടികളും പുതിയ അച്ചൻമാരും Staff-ൽ വന്നു ചേർന്നു. ബഹു ജോസഫ് കോയിക്കക്കുടി അച്ചനും വളരെ അധ്വാനശീലനും കളികളിൽ തല്പരനുമായിരുന്നു. ബഹു. ലൂയിസച്ചനും പള്ളിക്കാപ്പറമ്പിലച്ചനും നല്ല കളിക്കാരായിരുന്നു. നെടുംമ്പുറം വല്യച്ചനും ചിലപ്പോഴൊക്കെ ബോൾബാഡ്മിന്റൺ കളിയിൽ പങ്കുചേരുമായിരുന്നു. ബഹു വഞ്ചിപ്പുരയ്ക്കലച്ചൻ ഞങ്ങളെ തത്വശാസ്ത്ര കാലത്ത് metaphysics പഠിപ്പിച്ചിട്ടുണ്ട്. അന്ന് ലത്തീനിൽ ആയിരുന്നു ക്ലാസുകൾ. പിന്നീടത് മാറി. അന്ന് ലത്തീനിൽ ആയിരുന്നു ക്ലാസുകളെങ്കിലും ബഹു.വഞ്ചിപ്പുരയ്ക്കലച്ചൻ വിഷയങ്ങൾ ഞങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ഉദാഹരണസഹിതം പറഞ്ഞു തരുമായിരുന്നു.

## വേദപാഠക്ലാസുകളുടെ അധ്യാപനരീതി (Pedagogy)

അടുത്തകാലത്തെപോലെ പാസ്റ്ററൽ ശുശ്രൂഷ അന്ന് ഇല്ലായിരുന്നു. അവധിക്കാലത്ത് ഇടവകകളിൽ വേദപാഠ ക്ലാസ്സുകൾ എടുക്കേണ്ട രീതി പ്രായോഗികമായി അച്ചൻ പഠിപ്പിക്കുമായിരുന്നു. ഞായറാഴ്ചകളിലായിരുന്നു ആ ക്ലാസ്സുകൾ. അത് ഞങ്ങൾക്ക്

malankaralibrary.com

വേനൽ അവധിക്കാലത്ത് സൺഡേ സ്കൂളിൽ പഠിപ്പിക്കാൻ വളരെ സഹായകമായി.

## അവധിക്കാല ക്ലാസുകൾ (Extension Lectures)

ആദ്യവർഷങ്ങളിൽ ഓണക്കാല അവധി ദിവസങ്ങളിൽ ഞങ്ങൾക്ക് ഏതാനും വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രത്യേക ക്ലാസുകൾ ഉണ്ടായിരുന്നു. എസ്.ബി. കോളേജ് പ്രൊഫസർ വി. ജെ. അഗസ്റ്റിൻ സാർ ഇംഗ്ലീഷ് ക്ലാസുകൾ എടുത്തിരുന്നു. വളരെ പ്രയോജനകരമായിരുന്നു അത്. (Politics) പൊളിറ്റിക്സ് വിഷയ സംബന്ധമായ ക്ലാസുകൾ ബഹു. ജോസഫ് പൗവ്വത്തിലച്ചനും (Late Archbishop Mar Joseph Powathil) എടുത്തിരുന്നതോർക്കുന്നു. അതും വളരെ സഹായകരമായിരുന്നു.

## സഭാസ്നേഹം

പൗരസ്ത്യസഭകളെക്കുറിച്ചുള്ള അച്ചന്റെ അറിവ് പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. അതിന്റെ പാരമ്പര്യങ്ങളെ കുറിച്ചും കൂടുതൽ ചർച്ച നടക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കാലമായിരുന്നു. കിഴക്കൻ സഭകളിൽ ഉപയോഗിക്കുന്ന രീതിയിലുള്ള ക്രൂശിതരൂപം ഇല്ലാത്ത സ്ലീവായാണ് ബഹു. അച്ചൻ സെമിനാരി ചാപ്പലിൽ അക്കാലത്ത് പ്രതിഷ്ഠിച്ചത് . സീറോ മലബാർ സഭയുടെ ചരിത്രവും ഞങ്ങൾക്ക് കുറെയെങ്കിലും പഠിക്കുവാൻ സാധിച്ചു. പിന്നീട് ബഹു. സേവ്യർ കൂടപ്പുഴയച്ചനും ബഹു. ജേക്കബ് വെള്ളിയാനച്ചനുമൊക്കെ പഠിപ്പിക്കാൻ വന്നപ്പോൾ ഈ വിഷയങ്ങൾ കൂടുതൽ വിശാലമായി, ആഴത്തിൽ പഠിക്കാനുള്ള സൗകര്യം ഉണ്ടായി.

വൈദികപരിശീലന കാലത്ത് ബഹു. വഞ്ചിപുരയ്ക്കലച്ചനിൽ നിന്ന് ഞങ്ങൾ കണ്ടു മനസ്സിലാക്കിയ മറ്റൊരുകാര്യം അഭി. പിതാക്കന്മാരോടുള്ള ബഹു. അച്ചന്റെ സ്നേഹവും ആദരവും ആണ്. ഏത് രൂപതാദ്ധ്യക്ഷന്മാർ സെമിനാരിയിൽ വന്നാലും അവരെയെല്ലാം ഹൃദ്യമായി സ്വാഗതം ചെയ്യുകയും സെമിനാരിക്കാരെ കാണുന്നതിനും അവരെ അഭിസംബോധന ചെയ്യുന്നതിനും അച്ചൻ സൗകര്യം ഒരുക്കുമായിരുന്നു. അതുകൊണ്ട് സെമിനാരിക്കാലത്തുതന്നെ അക്കാലത്തെ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരെ കാണുന്നതിനും പരിചയപ്പെടുന്നതിനുമൊക്കെ അവസരം ലഭിച്ചിരുന്നു.

malankaralibrary.com

## ഉല്ലാസയാത്ര

ആദ്യവർഷങ്ങളിൽ സെമിനാരിക്കാരുടെ എണ്ണം കുറവായിരുന്നതിനാൽ ഞങ്ങളുടെ വാർഷിക ഉല്ലാസയാത്രയിൽ ബഹു. റെക്ടറച്ചനും പങ്കെടുക്കുമായായിരുന്നു. നല്ല വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഓരോ വർഷവും മാറിമാറി പോകുമായിരുന്നു. ബഹു. റെക്ടറച്ചന്റെ സാന്നിധ്യം ഞങ്ങൾക്കിഷ്ടമായിരുന്നു. തമാശകളും വർത്തമാനങ്ങളും വലിയ തോതിലുള്ള വിമർശനങ്ങളും ഒക്കെ സ്വാതന്ത്ര്യത്തോടെ ഞങ്ങൾക്ക് പങ്കുവെക്കാമായിരുന്നു. അതിലൊന്നും ബഹു അച്ചന് സന്തോഷക്കുറവ് തോന്നിയിരുന്നില്ല. ആ സന്ദർഭങ്ങളും ബഹു. അച്ചനോടുള്ള കൂടുതൽ ആത്മബന്ധത്തിനാണ് വഴിയൊരുക്കിയത്.

## ഉപദേശങ്ങൾ (Instructions)

ആത്മീയ പിതാക്കന്മാരുടെ ആഴ്ചതോറുമുള്ള ഉപദേശങ്ങൾക്ക് പുറമേ മിക്കവാറും ഓരോ മാസവും റെക്ടറച്ചന്റെ ഉപദേശങ്ങൾ കാണും. അതു വളരെ പ്രയോജനകരമായിരുന്നു. ബഹു അച്ചൻ വിഷയങ്ങൾ അവതരിപ്പിക്കുന്നതും അതു വിശദീകരിക്കുന്നതും സത്യത്തിൽ വളരെ ആകർഷണീയമായിരുന്നു. ഒരുതരത്തിൽ പറഞ്ഞാൽ ഒരു art of instruction അതിനുണ്ടായിരുന്നു. ഗൗരവമുള്ള വിഷയങ്ങളും ലളിതമായി എന്നാൽ വളരെ കൃത്യമായി അച്ചൻ അവതരിപ്പിക്കുമായിരുന്നു. അതിനു യോജിച്ച പ്രായോഗിക ഉദാഹരണങ്ങളോടുകൂടി ആയിരിക്കും അത്. ആത്മീയ വിഷയങ്ങൾ മാത്രമല്ല, ഉപകാരപ്രദമായ ഇതരവിഷയങ്ങളും വിശകലനം ചെയ്തു സംസാരിക്കും. ആതിഥ്യ മര്യാദ (hospitality) നല്ല പെരുമാറ്റ രീതികൾ (good manners), ഊട്ടുമേശയിൽ പാലിക്കേണ്ട രീതികൾ (table manners), സംഭാഷണങ്ങൾ (sweet conversational style) എങ്ങനെ മനോഹരമാക്കാം, വസ്ത്രധാരണത്തിലെ നല്ല ചിട്ടകൾ (modesty in dress) മുറിയിലെ അടുക്കും ചിട്ടയും ഇങ്ങനെ പൊതുവായ പല വിഷയങ്ങളും നർമ്മം കലർത്തിയും ബഹു. അച്ചൻ സംസാരിക്കുന്നത് ഞങ്ങൾക്കിന്നും അനുഭവപാഠമാണ്. അജപാലനശുശ്രൂഷയിൽ ബഹു. വൈദികർക്ക് ഇതെല്ലാം പ്രയോജനകരങ്ങളായി തീരുന്ന വസ്തുതകൾ ആയിരുന്നു.

malankaralibrary.com

## സൗമ്യമായ തിരുത്തലുകൾ

മനഃശാസ്ത്രപരമായ രീതിയിലുള്ള അച്ചന്റെ സമീപനം കാര്യക്ഷമമായിരുന്നു. എന്നാൽ ആരെയും മുറിപ്പെടുത്തുന്നതായിരുന്നില്ല. ചെറിയ തിരുത്തലുകളും അപ്രകാരം തന്നെ. ആയതിനാൽ അതെല്ലാം സ്വീകരിക്കാൻ ആർക്കും സാധിക്കുമായിരുന്നു.

## ബഹു. വഞ്ചിപ്പുരയ്ക്കലച്ചന്റെ നീതിബോധം

ഞങ്ങൾ തിരുപ്പട്ടം സ്വീകരിക്കാറായ സമയം ഞങ്ങളുടെ ഉപകാരികൾ സാമ്പത്തികമായും, സമ്മാനങ്ങൾ തന്നും ഞങ്ങളോടുള്ള സ്നേഹം വ്യക്തമാക്കുന്ന ഒരു സന്ദർഭമായിരുന്നു. ഞങ്ങളുടെ ഉപകാരികളുടെ (benefactors from abroad) മേൽവിലാസം സാധാരണ ഞങ്ങൾക്കു നൽകാറില്ല. അവർ ആവശ്യപ്പെട്ടാൽ മാത്രം പുത്തൻ കുർബാനയ്ക്കുശേഷം അതു ചിലപ്പോൾ നൽകാറുണ്ട്. ഞങ്ങൾ അവർക്ക് കത്ത് എഴുതി റെക്ടറച്ചനെ ഏൽപ്പിക്കുകയാണ് പതിവ്. Catholic Near East Wellfare Association (CNEWA) വഴിയാണ് correspondence നടക്കുക. എന്റെ തിരുപ്പട്ടസമയമായപ്പോൾ എന്റെ പേരിൽ കുറച്ച് പണവും ചില സമ്മാനങ്ങളും അവർ റെക്ടറച്ചന്റെ വിലാസത്തിൽ അയച്ചുകൊടുത്തു. ബഹു. റെക്ടറച്ചൻ എന്നെ വിളിച്ചു പറഞ്ഞു കാളാശ്ശേരിക്ക് ഉപകാരി കുറെ രൂപയും ഒരു സമ്മാനവും അയച്ചു തന്നിട്ടുണ്ട്. എന്നാൽ സമ്മാനം കൊണ്ട് പൊയ്ക്കോളൂ. രൂപ ശെമ്മാശനേക്കാൾ വളരെ അത്യാവശ്യമുള്ള ചില സഹപാഠികൾ ഇവിടെയുണ്ട്. ഞാനത് അവർക്ക് നൽകുകയാണ്. കാരണം ചില ഉപകാരികൾ ചിലരെ കാര്യമായി സഹായിച്ചിരുന്നില്ല എന്നതു തന്നെയാണ്. എനിക്ക് സന്തോഷമായി. കാരണം എനിക്ക് ആവശ്യത്തിന് രൂപ വീട്ടുകാർ തന്നുകൊള്ളും. ഇല്ലാത്തവരും തിരുപ്പട്ടയവസരത്തിൽ സന്തോഷമായി കാര്യങ്ങൾ നടത്തട്ടെ. എന്നാൽ അതിൽ കൂടുതൽ എന്നെ സ്പർശിച്ചത് ബഹു. റെക്ടറച്ചന്റെ നീതിബോധമാണ്. കുറവുള്ള സഹപാഠികളുടെ കുറവ് അല്പമെങ്കിലും നികത്താനാണല്ലോ ബഹു. റെക്ടറച്ചൻ ശ്രമിച്ചത്. കരുതലും സ്നേഹവും വാക്കുകളിൽ ഒതുക്കാതെ പ്രവൃത്തിയിൽ ബഹു. അച്ചൻ പഠിപ്പിച്ചുതന്ന വലിയ ഒരു അനുഭവപാഠം ഇന്നും ഞാൻ ഓർക്കുന്നു. ആദ്യബാച്ച് വൈദിക വിദ്യാർത്ഥികൾ തിരുപ്പട്ടം സ്വീകരിച്ചത് വടവാതൂർ സെമിനാരി ചാപ്പലിൽ വച്ചായിരുന്നു. അതും

malankaralibrary.com

അവരവരുടെ രൂപതാ മെത്രാന്മാരിൽ നിന്നും. വളരെയധികം കൃതജ്ഞതയുടെയും സന്തോഷത്തിന്റേയും അവസരമായിരുന്നു അത്. ആദ്യബാച്ച് വൈദികവിദ്യാർഥികൾ തിരുപ്പട്ടം സ്വീകരിച്ചത് 1968 ഡിസംബർ 18-നാണ്. അതിനുശേഷം ജനുവരി - മാർച്ച് വരെ ഏതാനും പാസ്റ്ററൽ കോഴ്സുകൾ ഉണ്ടായിരുന്നു. ഞങ്ങൾക്ക് അതു വളരെ പ്രയോജനകരമായിരുന്നു.

## ഉപസംഹാരം

മോൺ. വഞ്ചിപ്പുരയ്ക്കലച്ചൻ ഒരു ബഹുമുഖ പ്രതിഭയായിരുന്നെന്ന് ആദ്യം സൂചിപ്പിച്ചിരുന്നല്ലോ. അതു വ്യക്തമാക്കാൻ നിരവധി കാര്യങ്ങൾ ഉണ്ടെങ്കിലും സ്ഥലപരിമിതികൊണ്ടു കുറച്ചു കാര്യങ്ങൾ മാത്രമേ ഇവിടെ സൂചിപ്പിച്ചിട്ടുള്ളൂ. സാധാരണ കേൾക്കാറുള്ളതുപോലെ അച്ചനും ഒരു perfectionist - എല്ലാം കൃത്യമായി അതിന്റെ പൂർണ്ണതയിൽ ചെയ്തുതീർക്കുന്ന വ്യക്തി ആയിരുന്നു. അതിന്റെ നന്മ എല്ലാ രംഗങ്ങളിലും ദൃശ്യമായിരുന്നു. വടവാതൂർ സെമിനാരിയുടെ ആരംഭംമുതൽ അതിനെ സ്വന്തമെന്നോണം അക്ഷീണപരിശ്രമത്തിലൂടെയും പ്രാർത്ഥനയിലൂടെയും സഹകരണത്തിലൂടെയും വളർത്തി യശസ്സുയർത്തിയ ബഹു. മോൺ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചനെ സീറോ മലബാർ സഭയ്ക്ക് ഒരുകാലത്തും വിസ്മരിക്കാനാവില്ല. നൂറുകണക്കിനുള്ള അദ്ദേഹത്തിന്റെ ശിഷ്യഗണത്തിന് ഉത്തമപരിശീലനം നൽകാൻ ദൈവം നൽകിയ വലിയ ഒരു സമ്മാനമായി ബഹു. വഞ്ചിപുരയ്ക്കലച്ചൻ എന്നും സഭാചരിത്രത്തിൽ അറിയപ്പെടും, സംശയമില്ല.

☆

malankaralibrary.com

# വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ഇന്നലെ, ഇന്ന്



**ഫാ. സ്കറിയാ കന്യാകോണിൽ**

മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികളുടെ നീണ്ടകാലത്തെ കാത്തിരിപ്പിന്റെ കനിയായി വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളിൽ, 1962 ജൂലൈ 3-ന് ഉദ്ഘാടനം ചെയ്യപ്പെട്ട കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി അവളുടെ വജ്ര ജൂബിലിയും, 1982-ൽ സ്ഥാപിതമായ പൗരസ്ത്യ വിദ്യാപീഠം തന്റെ റൂബി ജൂബിലിയും 2022 ജൂലൈ 28-ാം തീയതി സമുന്നതമായി ആഘോഷിച്ചു. സീറോമലബാർ സഭയുടെ വൈദികപരിശീലന കേന്ദ്രവും വൈജ്ഞാനിക ശിക്ഷണകേന്ദ്രവുമായ ഈ സ്ഥാപനങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ മാത്രം സന്താനങ്ങളല്ല. മറിച്ച് നൂറ്റാണ്ടുകളായി ഭാരത മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തിലും പാരമ്പര്യത്തിലും നിലനിന്നിരുന്ന ക്രമത്തിന്റെ കാലോചിതമായ തുടർച്ചയാണ്.

സീറോമലബാർ സഭാചരിത്രം, ദൈവശാസ്ത്രം, പൗരസ്ത്യ സുറിയാനി ആരാധനക്രമം, വിവിധ ദൈവശാസ്ത്ര വിജ്ഞാനശാഖകൾ എന്നിവയിൽ ഉറപ്പിക്കപ്പെട്ട ഒരു മതപരിശീലനകേന്ദ്രം വേണമെന്നത് നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ആഗ്രഹമായിരുന്നു. കരിയാറ്റിലിന്റെയും പാറേമാക്കലിന്റെയും പോർച്ചുഗീസ്, റോമായാത്രകളിൽ മാർത്തോമ്മാക്രിസ്ത്യാനികൾക്ക് സ്വന്തമായി ഒരു സെമിനാരി വേണമെന്നതായിരുന്നു അഞ്ചാമത്തെ അപേക്ഷ (വർത്തമാ

malankaralibrary.com

നപുസ്തകം 143). ഇരുപതാം നൂറ്റാണ്ടിൽ സീറോമലബാർ സഭക്ക് സ്വന്തമായി ഒരു സെമിനാരി വേണമെന്ന് വാദിച്ച വ്യക്തിയാണ് പ്ലാസിഡ് പൊടിപ്പാറ C.M.I. 1947 നവംബർ 25-ാം തിയതി അലക്സാണ്ടർ ചൂളപ്പറമ്പിൽ മെത്രാന് അദ്ദേഹം എഴുതുന്നുണ്ട്: 'സീറോ മലബാർ സഭയുടെ ആരാധനക്രമവും ചരിത്രവും പൗരസ്ത്യ ദൈവ ശാസ്ത്രവും എല്ലാ സെമിനാരികളിലും പഠിപ്പിക്കണം." ഇതിനായി, പിതാക്കന്മാർ എല്ലാവരുംതന്നെ പരിശുദ്ധ സിംഹാസനത്തെ സമീപിക്കണമെന്നും എഴുത്തിൽ ആവശ്യപ്പെടുന്നുണ്ട്. തുടർന്ന്, പ്ലാസിഡ് അച്ചൻ പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷനായിരുന്ന കർദ്ദിനാൾ യുജീൻ തിസ്സറാങ് തിരുമേനിയോട് സീറോ മലബാർ സഭക്ക് സ്വന്തമായി ഒരു സെമിനാരി വേണമെന്ന ആവശ്യം ഉണർത്തിക്കുകയുണ്ടായി. ദൈവികപദ്ധതിയെന്നപോലെ അനുകൂലമായ ഒരു തീരുമാനമാണ് തിസ്സറാങ് തിരുമേനി കൈക്കൊണ്ടത്.

ആരാധനക്രമം, ആധ്യാത്മികത, ശിക്ഷണക്രമം, ഭരണരീതി, ദൈവശാസ്ത്രം, ആചാര്യമര്യാദകൾ തുടങ്ങി പലതും ഓരോ സഭയ്ക്കും പ്രത്യേകിച്ചുള്ളതാണ്. ഈ തനിമ ഓരോ സഭയുടെയും സവിശേഷതയത്രേ. സീറോ മലബാർ സഭയ്ക്കും ഈ വ്യക്തിത്വം ഉള്ളതുകൊണ്ടുതന്നെ മാർത്തോമ്മാ പൈതൃകമനുസരിച്ച് പൗരസ്ത്യസഭകൾക്കും, പ്രത്യേകിച്ച് സീറോ മലബാർ സഭയ്ക്കും തദ്ദേശീയ വൈദികരെ പരിശീലിപ്പിക്കുക എന്നതായിരുന്നു സെമിനാരി സ്ഥാപനത്തിലൂടെ പൗരസ്ത്യതിരുസംഘം ലക്ഷ്യംവച്ചത്. ഇതിൻ പ്രകാരം, 1962 ഏപ്രിൽ 26-നു പൗരസ്ത്യതിരുസംഘം പുറപ്പെടുവിച്ച തിരുവെഴുത്തുവഴിയാണ് ഈ സെമിനാരിയുടെ ആരംഭം.

സീറോമലബാർ സഭയിൽ പുതിയ സെമിനാരിക്കു വേണ്ട ആദ്യക്രമീകരണങ്ങൾ നടത്തിയത് മംഗലപ്പുഴ സെമിനാരിയിലെ ഒ.സി.ഡി. സഭാംഗങ്ങളായ വിക്ടറച്ചനും മൈക്കൾ ആഞ്ചലോ അച്ചനുമായിരുന്നു. പിന്നീട് നിർമ്മാണം, ഫണ്ട് എന്നിങ്ങനെയുള്ള കാര്യങ്ങൾ ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് പിതാവിനെയാണ് പരി. സിംഹാസനം ചുമതലപ്പെടുത്തിയത്. അങ്ങനെ നീണ്ട വർഷങ്ങളുടെ പ്രാർഥനയുടെയും കാത്തിരിപ്പിന്റെയും സ്വപ്നങ്ങളുടെയും ദിനം യാഥാർത്ഥ്യമായി. 1962 ജൂലൈ 3-ാം തീയതി എറണാകുളം മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ പിതാവ് സഭയിലെ ആദ്യ സെമിനാരി വെഞ്ചരിച്ചു തന്റെ സഭയ്ക്ക് സമർപ്പിച്ചു. തുടർന്ന് കാവുകാട്ട് പിതാവ് അധ്യയന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

malankaralibrary.com

സെമിനാരിയുടെ നടത്തിപ്പ് സീറോ മലബാർ മെത്രാന്മാരെയാണ് റോം ചുമതലപ്പെടുത്തിയത്. അധ്യയനവിഭാഗത്തിന്റെ മേൽനോട്ടത്തിനായി പാറേക്കാട്ടിൽ പിതാവിനെയും ഭരണപരമായ നടത്തിപ്പിനായി കാവുകാട്ടുപിതാവിനെയും ശിക്ഷണകാര്യത്തിന്റെ നടത്തിപ്പിനായി കോട്ടയം മെത്രാൻ തറയിൽ പിതാവിനെയും സീറോ മലബാർ മെത്രാന്മാരുടെ കോൺഫ്രൻസ് തെരഞ്ഞെടുത്തു. തദ്ദേശീയമായ പരിശീലനത്തിലും ശിക്ഷണത്തിലുമാണ് സഭാതനയർ വളർന്നുവരേണ്ടതെന്ന ഉത്തമബോധ്യമുണ്ടായിരുന്ന പൗരസ്ത്യ സഭാകാര്യാലയം സീറോമലബാർ സഭയിലെതന്നെ വൈദികരെ റെക്ടറും പരിശീലകരുമാക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ, സെമിനാരിയുടെ ആദ്യ റെക്ടറായി റവ. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ നിയമിതനായി. തുടർന്ന് ഫാ. ജോസഫ് പള്ളിക്കാപ്പറമ്പിൽ, മോൺ. സക്കറിയാസ് വാഴപ്പിള്ളി, ഫാ. ജോസഫ് കോയിക്കക്കുടി, ഫാ. സഖറിയാസ് എലിപ്പുലിക്കാട്ട്, ഫാ. തോമസ് ശ്രാമ്പിക്കൽ, ഫാ. ജോർജ് മഠത്തിക്കണ്ടം, ഫാ. അലക്സ് താരാമംഗലം, ഫാ. ജോയി ഐനിയാടൻ എന്നിവർ നിയമിതരായി. ഇപ്പോഴത്തെ റെക്ടറായി സേവനമനുഷ്ഠിക്കന്നുത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ റവ. ഡോ. സ്കറിയാ കന്യാകോണിലാണ്.

1962-ൽ ഫിലോസഫി ആദ്യബാച്ചിലേക്ക് നാല്പത്തിയൊന്ന് വൈദികവിദ്യാർത്ഥികളാണ് എത്തിച്ചേർന്നത്. ആദ്യബാച്ചുകാർ പഠനം പൂർത്തിയാക്കിയത് 1968-ലാണ്. അതേവർഷം ഫെബ്രുവരി 26-ാം തീയതിയാണ് സെമിനാരിയുടെ ചാപ്പൽ കൂദാശ ചെയ്തതും സെമിനാരിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചതും. പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് മാക്സ്മില്യൻ കാർഡിനൽ ഫുർസ്റ്റൻബർഗ് ആണ് ഇതിനായി എത്തിച്ചേർന്നത്. 1973 ജനുവരി 8-ാം തീയതി സെമിനാരിയിൽ വച്ചുനടന്ന സീറോ മലബാർ ബിഷപ്സ് കോഫെറൻസ് സെമിനാരി ഓഡിറ്റോറിയത്തിന് കാർഡിനൽ ടിസ്സറാങ് ഹാൾ എന്ന് പേരിട്ടു. 1976 ജനുവരി 19-ാം തീയതി വി. മദർ തേരസാ സെമിനാരി സന്ദർശിച്ചത് ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു.

1982 ജൂലൈ 2-ാം തിയതി കോൺഗ്രിഗേഷൻ ഫോർ കാത്തലിക് എഡ്യുക്കേഷൻ ഇവിടത്തെ ദൈവശാസ്ത്രവിഭാഗത്തെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ് പൗരസ്ത്യ വിദ്യാപീഠം എന്ന പേരിൽ സ്വതന്ത്രസ്ഥാപനമാക്കി ഉയർത്തി. പൗര

malankaralibrary.com

സ്ത്യവിദ്യാപീഠത്തിന്റെ പ്രവർത്തനങ്ങൾ ഔദ്യോഗികമായി 1983 ഒക്ടോബർ 26-ാം തിയതി ഇന്ത്യൻ പ്രസിഡന്റ് ഗ്യാനി സെയിൽ സിംഗ് ഉദ്ഘാടനം ചെയ്തു.

1986 ജൂലൈ 2-ാം തിയതി ചാപ്പൽ നവീകരിക്കുകയുണ്ടായി. 1988 ഏപ്രിൽ 12-22 വരെ ഇന്ത്യയിലെ (CBCI) മെത്രാന്മാരുടെ സമ്മേളനം ഇവിടെവച്ച് നടത്തുകയുണ്ടായി. 1990 ജൂൺ 5-ാം തിയതി സെമിനാരിയുടെ അനക്സ് കെട്ടിടം വെഞ്ചരിച്ചു. 1991 ജൂൺ 18-ാം തിയതി പുതിയ മഠം വെഞ്ചരിച്ചു. 1991 ജൂലൈ 8-ാം തിയതി മ്യൂസിയം ഉദ്ഘാടനം ചെയ്തു. 1998 ജൂലൈ 2-ാം തിയതി സെമിനാരിയുടെ മുൻവശത്ത് തോമാശ്ലീഹായുടെ രൂപം വെഞ്ചരിച്ചു പ്രതിഷ്ഠ നടത്തി. 2002 ആഗസ്റ്റ് 15-ാം തിയതി സന്നിധാനം ചാപ്പൽ വെഞ്ചരിച്ചു. 2002 നവംബർ 9-ാം തിയതി ആദ്യമായി അയൽപക്കക്കാരുടെ സമ്മേളനം നടത്തി. 2004 ജൂൺ 3-ാം തിയതി പുതിയ ലൈബ്രറി കെട്ടിടവും പൗരസ്ത്യവിദ്യാപീഠത്തിന്റെ പുതിയ അഡ്മിനിട്രേറ്റീവ് കെട്ടിടവും വെഞ്ചരിച്ചു. 2007 ജൂലൈ 3-ാം തിയതി പുതിയ സാന്തോം മ്യൂസിയം വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 2012 ജനുവരി 14-ാം തിയതി സുവർണജൂബിലി ആഘോഷിച്ചു. 2019 മാർച്ച് 15-ാം തിയതി സെമിനാരിയുടെ മേൽക്കൂര നവീകരിച്ചു. 2022 ജൂൺ 8-ാം തിയതി ഡയമണ്ട് ജൂബിലി ആഘോഷിച്ചു. ഇപ്രകാരം പടിപടിയായി തന്റെ വൈദികരെ വാർത്തെടുക്കുന്ന ഈ സെമിനാരിയെ ദൈവം വളർത്തി.

## പരിശീലനം ഇന്ന്

കർദ്ദിനാൾ മാർ ജോർജ് കാർഡിനൽ ആലഞ്ചേരി അധ്യക്ഷനായ സീറോ മലബാർ സിനഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് വടവാതൂർ സെമിനാരി നയിക്കപ്പെടുന്നത്. സെമിനാരിയുടെ ഇപ്പോഴുള്ള കമ്മീഷൻ അംഗങ്ങൾ; ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്(ചെയർമാൻ), ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവരാണ്. വിവിധ രൂപതകളിൽനിന്നും സന്ന്യാസസമൂഹങ്ങളിൽ നിന്നുമായി 308 പേർക്കാണ് ഇപ്പോൾ സെമിനാരിയിൽ പരിശീലനം നൽകുന്നത്. വിവിധ രൂപതകളിൽ നിന്നായി 18 വൈദികരാണ് പരിശീലനം നൽകുവാനായി ഇവിടെ താമസിക്കുന്നത്. കൂടാതെ വിദ്യാപീഠത്തിൽ ഏഴ് റസിഡന്റ് പ്രൊഫസേഴ്സും, 81 വിസിറ്റിംഗ് പ്രൊഫസേഴ്സും പരിശീലനം നൽകുവാൻ സഹായിക്കുന്നു. ഈ സ്ഥാപനത്തിൽ നിന്നും 2102 പേർ വൈദികരാകുകയും 28 പേർ മെത്രാന്മാ

malankaralibrary.com

രായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കൂടാതെ പ്രൊഫസർമാരായി സേവനം ചെയ്തിരുന്നവരിൽ 8 പേർ മെത്രാന്മാരായി തെരഞ്ഞെടുക്കപ്പെട്ടു എന്നതും സെമിനാരിക്ക് അഭിമാനകരമാണ്.

സീറോമലബാർ സഭയുടെ സഭാത്മാക ദർശനങ്ങളോട് അനുരൂപപ്പെട്ടുകൊണ്ട് ആധ്യാത്മികവും ബൗദ്ധികവും മാനുഷികവും അജപാലനപരവും പ്രേഷിതാഭിമുഖ്യം പകർന്നു നൽകുന്നതുമായ പരിശീലനപദ്ധതികളാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്.

ആത്മീയപരിശീലനത്തിനാണ് സെമിനാരി ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. രാവിലെ ആറ് മണിക്ക് സപ്രാ പ്രാർത്ഥനയും ധ്യാനവും തുടർന്നു വിശുദ്ധ കുർബാനയും നടത്തുന്നു. ഉച്ചക്ക് ആത്മപരിശോധനയും വൈകുന്നേരം ജപമാലയും റംശായും, രാത്രിയിൽ ലെലിയാപ്രാർത്ഥനയോടും കൂടിയാണ് ദിവസം അവസാനിക്കുന്നത്. കൂടാതെ ബൈബിൾ വായനയും ആധ്യാത്മികപുസ്തക പാരായണവും എല്ലാദിവസവും നടക്കുന്നുണ്ട്. മാസധ്യാനങ്ങളും, വാർഷികധ്യാനവും പട്ടങ്ങൾക്ക് ഒരുക്കമായുള്ള ധ്യാനവും നടത്തുന്നു. ആത്മീയ പിതാക്കന്മാരെയും കൗൺസിലേഴ്സിനെയും കണ്ട് ഉപദേശങ്ങൾ സ്വീകരിക്കുന്നു. എല്ലാദിവസവും അനുരഞ്ജനകൂദാശ സ്വീകരിക്കാനുള്ള സൗകര്യവും ക്രമപ്പെടുത്തിയിട്ടുണ്ട്. വിശേഷദിവസങ്ങളിൽ സുറിയാനിയിലുള്ള വി. കുർബാനയും റാസയും അർപ്പിക്കുന്നു. മാസത്തിൽ ഒരു ലത്തീൻ കുർബാനയും മലങ്കര കുർബാനയും അർപ്പിക്കുന്നുണ്ട്.

സാധാരണദിവസത്തെ ദിനചര്യയിൽ മാനസികപക്വത പ്രാപിക്കാനുള്ള അവസരങ്ങൾ കൃത്യമായി ഒരുക്കിയിട്ടുണ്ട്. പ്രസംഗകലയ്ക്കും പാട്ടിനും നാടകത്തിനും ഉപകരണസംഗീതങ്ങൾ പഠിക്കുവാനും, ചിത്രങ്ങൾ വരയ്ക്കാനും ഫോട്ടോഗ്രാഫിക്കും കലാസാഹിത്യങ്ങൾ അവതരിപ്പിക്കാനും എഴുതുവാനും കളികൾക്കും ഉള്ള അവസരങ്ങൾ ഉണ്ട്. കൂടാതെ സെമിനാരിക്ക് അകവും പുറവും വൃത്തിയായി സൂക്ഷിക്കാനും കൃഷി ചെയ്യുന്നതിനും പക്ഷിമൃഗാദികളെ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ഉണ്ട്. മറ്റൊരു കാര്യം, കഴിവുകൾ വളർത്തുന്നതിനുള്ള പല സംഘടനകളും സെമിനാരിയിൽ നന്നായി പ്രവർത്തിക്കുന്നു (Literary and Cultural Academy, Histrionics Department, Typing Institute and Computer Lab, Web-updating Team, Santhom Choir, Film & Television Department, Department of Sports and Games, Karate Club, Gym, Decoration

malankaralibrary.com

Programme, Gardening, Farming and Animal Husbandry) എന്ന് മാത്രമല്ല ദൈവരാജ്യ പ്രഘോഷണത്തിനു മുതൽക്കൂട്ടാകുംവിധം അവ സെമിനാരിക്കാരുടെ ജീവിതത്തെ പരിവർത്തനപ്പെടുത്തുന്നു എന്നതും വാസ്തവമാണ്.

പഠനകാര്യങ്ങൾക്ക് മേൽനോട്ടം നൽകുന്നത് പൗരസ്ത്യ വിദ്യാപീഠമാണ്. ക്ലാസ്സിൽ കേട്ട കാര്യങ്ങൾ പഠിക്കുവാനും മറ്റു വായനകൾക്കുമായി രാവിലെയും വൈകുന്നേരവും രാത്രിയിലും പഠന സമയം നൽകുന്നുണ്ട്. അജപാലന പരിശീലനത്തിനും മിഷൻ പരിശീലനത്തിനും ആവശ്യമായ പ്രാധാന്യം സെമിനാരി നൽകുന്നുണ്ട്. ദൈവശാസ്ത്രവിദ്യാർത്ഥികൾ എല്ലാ ഞായറാഴ്ചയും വേദപാഠം പഠിപ്പിക്കുന്നതിനും ഇതര അജപാലനപ്രവർത്തനങ്ങൾക്കുമായി പള്ളികളിലേക്ക് പോകുന്നുണ്ട്. എല്ലാ മാസവും അയൽവക്കക്കാരെ സന്ദർശിക്കുകയും അവർക്കു വേണ്ട ആത്മീയ-സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കുന്നുമുണ്ട്. കൂടാതെ ജയിൽ മിനിസ്ട്രി, യുവാക്കളുടെ ഇടയിലുള്ള പ്രവർത്തനം, പ്രോലൈഫ് പ്രവർത്തനം എന്നിങ്ങനെ സെമിനാരിയിലുള്ള വിവിധ സാമൂഹ്യപ്രവർത്തനസംഘടനകൾ സെമിനാരിക്കാരുടെ അജപാലന പ്രവർത്തനത്തെ സഹായിക്കുന്നു എന്നത് വലിയ കാര്യമാണ്.

പ്രേഷിതചൈതന്യം ലഭിക്കുന്ന പരിശീലനത്തിനും സെമിനാരിയിൽ അവസരം നല്കുന്നുണ്ട്. മിഷൻ സൺഡേയുടെ ഭാഗമായി മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള വിവിധ പരിപാടികൾ ഇവിടെ സംഘടിപ്പിക്കാറുണ്ട്. മിഷനിൽ ജോലി ചെയ്യുന്നവരുടെ പങ്കുവയ്ക്കൽ ഇതിന്റെ ഭാഗമായി നടത്താറുണ്ട്. മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഒക്ടോബർ മാസത്തിലെ 10 ദിവസം ഒരു മിഷനിൽ താമസിച്ചു പ്രവർത്തനങ്ങൾ നടത്തുന്നുവെന്നതും ഇതിന്റെ ഭാഗമാണ്. മാണ്ഡ്യാ, അദിലാബാദ്, ഓഡിഷ എന്നിവയാണ് കഴിഞ്ഞ വർഷങ്ങളിൽ സന്ദർശിച്ച മിഷനുകൾ.

സീറോമലബാർ സഭയുടെ അഭിമാനമായ വടവാതൂർ സെമിനാരിക്ക് നല്ല ആധ്യാത്മിക, മാനുഷിക, ബൗദ്ധിക, അജപാലന കഴിവുകളുള്ള വൈദികരെ രൂപീകരിക്കാൻ തുടർന്നും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

☆

malankaralibrary.com



First batch of priests after their ordination with their bishops and Msgr. Kurian Vanchipurackal on 18-12-1968

malankaralibrary.com

# പൗരസ്ത്യവിദ്യാപീഠം
# നസ്രാണികൾക്കൊരു പുതിയ പഠിത്തവീട്

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**



മാർതോമാനസ്രാണികൾക്കിടയിൽ നിലവിലിരുന്ന മല്പാനേറ്റ് സംവിധാനം വൈദികാർത്ഥികളുടെ സർവതോന്മുഖമായ പരിശീലനം സാദ്ധ്യമാക്കിയിരുന്നു. നസ്രാണി പാരമ്പര്യങ്ങൾക്കും സുറിയാനി പൈതൃകത്തിനും ഊന്നൽ നല്കിയുള്ള ഈ പരിശീലനപദ്ധതിയാണ് ഭാരതത്തിലെ നസ്രാണി സഭയുടെ കെട്ടുറപ്പിന് അടിസ്ഥാനമായിരുന്നത്. നമ്മുടെ കർത്താവ് ഈശോമിശിഹായിലുള്ള ആഴമായ വിശ്വാസവും അവിടുത്തെ സുവിശേഷമൂല്യങ്ങളോടുള്ള വിശ്വസ്തതയും മാർതോമാ മാർഗത്തിലുള്ള അവഗാഹവും മല്പാനേറ്റിൽനിന്നു പഠിച്ചിറങ്ങുന്നവരുടെ മുഖമുദ്രയായിരുന്നു. വേദപുസ്തകാപഗ്രഥനത്തിനും സുറിയാനി ഭാഷയുടെയും പൗരസ്ത്യസുറിയാനി സഭാപിതാക്കന്മാരുടെ രചനകളുടെയും പഠനത്തിനും പ്രാധാന്യം നല്കുന്ന ഒരു സംവിധാനമായിരുന്നു അത്. പരിശുദ്ധ കുർബാനയുടെ ആഘോഷപൂർവമായ അനുഷ്ഠാനത്തിലും യാമപ്രാർത്ഥനകളിലുള്ള നിഷ്ഠയിലും ആരാധനാവത്സര ചൈതന്യമനുസരിച്ചുള്ള ജീവിതത്തിനും പ്രാധാന്യം നല്കിയുള്ള ആദ്ധ്യാത്മികത മല്പാനേറ്റിന്റെ സവിശേഷതയായിരുന്നു.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഈ പഠന-പരിശീലന സംവിധാനമാണ് പാശ്ചാത്യ മിഷനറിമാരുടെ ആഗമനത്തോടെ

malankaralibrary.com

നമുക്കു നഷ്ടമായത്. റോമൻസഭയുടെ രീതികൾക്കനുസരിച്ചുള്ള പരിശീലനരീതികളും പാഠ്യപദ്ധതിയും അവർ ഇവിടെ നടപ്പിലാക്കി യതോടെ നമ്മുടെ തനതായ പൈതൃകശൈലി നമുക്കന്യമായി. അതുകൊണ്ടാണ് 1779-ൽ കരിയാറ്റി യൗസേപ്പ് മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരുംകൂടെ പോർത്തുഗൽ രാജ്ഞിയ്ക്കു സമർപ്പിച്ച അപേക്ഷയിൽ ഇപ്രകാരം ആവശ്യപ്പെട്ടത്: ദൈവ ശുശ്രൂഷ ചെയ്യുന്ന വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിച്ചു വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ വരുമാന മാർഗങ്ങളോടെ ഞങ്ങൾക്കുള്ള പഴയ സെമിനാരി പുതുക്കിപ്പണിയുന്നതിന് കല്പന യുണ്ടാകുവാൻ തിരുമനസ്സുണ്ടാകണം (വർത്തമാനപ്പുസ്തകം, ജോൺ മാളിയേക്കൽ പരിഭാഷപ്പെടുത്തിയത്, കോട്ടയം 2014, 139). ഇപ്രകാരം അപേക്ഷിക്കാനുള്ള കാരണം പാറേമ്മാക്കൽ തോമാക്കത്തനാർ വ്യക്തമാക്കുന്നു: നമ്മുടെ ഇടയിലുള്ള കലക്കമൊക്കെയുടെയും മാതാവ് അറിവില്ലായ്മയാണ്. നമ്മുടെ മലങ്കര നസ്രാണികളുടെ അവസ്ഥ ആലോചിച്ചാൽ ഒരു പഠിത്തവീട് പണിചെയ്യിക്കുവാൻ വളരെ ബുദ്ധിമുട്ടാണെന്നു ഞങ്ങൾക്കറിയാവുന്നതുകൊണ്ടാണ് പണ്ടുണ്ടായിരുന്നതുപോലെ ഒരു സെമിനാരി മലയാളക്കരയിൽ ഉണ്ടാക്കുവാൻ മനോഗുണമുണ്ടാകണമെന്ന് അപേക്ഷിച്ചത് (പേജ് 143). ഈ അപേക്ഷ സമർപ്പിക്കുമ്പോൾ കേരളക്കരയിൽ സെമിനാരികൾ ഇല്ലാതിരുന്നില്ല. ഫ്രാൻസിസ്ക്കൻസിന്റെയും ജസ്യൂട്ട്സിന്റെയും ഡൊമിനിക്കൻസിന്റെയും കർമ്മലീത്താക്കാരുടെയുമൊക്കെ സെമിനാരികൾ ഇവിടെ ഉണ്ടായിരിക്കെയാണ്, തങ്ങളുടെ പഴയരീതിയിലുള്ള പഠനവീട് സ്ഥാപിച്ചു കിട്ടണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചത്. അതിനുള്ള കാരണങ്ങൾ പലതായിരുന്നു: മാർതോമാ നസ്രാണികൾക്കായുണ്ടായിരുന്ന സെമിനാരികളിൽ സുറിയാനി ഭാഷപോലും പഠിപ്പിച്ചിരുന്നില്ല. ലത്തീൻ മിഷനറിമാർ അവരുടെ ആരാധനക്രമരീതികളും അതിനുപയുക്തമായ പരിശീലനവുമാണ് നല്കിപ്പോന്നത്. ഞായറാഴ്ചകളിൽപ്പോലും സുറിയാനിഭാഷയിൽ പരിശുദ്ധ കുർബാന അർപ്പിച്ചിരുന്നില്ല.

പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘത്തിന്റെ സെക്രട്ടറി കർദ്ദിനാൾ എവുജിൻ ടിസറാങ്ങ് 1953-ൽ കേരളം സന്ദർശിച്ചപ്പോൾ ബഹുമാനപ്പെട്ട പ്ലാസിഡ് പൊടിപാറയച്ചൻ അദ്ദേഹത്തിനു സമർപ്പിച്ച അപേക്ഷയിലും സുറിയാനിക്കാർക്കായി ഒരു പഠിത്തവീട് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞിരുന്നു.

malankaralibrary.com

ഈ അപേക്ഷകളുടെയൊക്കെ ഫലമായാണ് 1962-ൽ കോട്ടയം വടവാതൂരിൽ നസ്രാണികൾക്കായി ഒരു സെമിനാരി ആരംഭിച്ചത്. ഇവിടെ നല്കപ്പെട്ടിരുന്ന ദൈവശാസ്ത്രപരിശീലനത്തിന്റെ മികവ് കണക്കിലെടുത്ത് 1973-ൽ കത്തോലിക്കാ വിദ്യാഭ്യാസ കാര്യങ്ങൾക്കായുള്ള കാര്യാലയം വടവാതൂർ സെമിനാരിയിലെ ദൈവശാസ്ത്ര വിഭാഗത്തെ റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടുമായി അഫിലിയേറ്റ് ചെയ്ത് ദൈവശാസ്ത്രത്തിലുള്ള ബിരുദം റോമിൽനിന്നു നേരിട്ടു നല്കിപ്പോന്നു. നമ്മുടെ സഭാധികാരികളുടെയും സെമിനാരി അധികൃതരുടെയും തുടർച്ചയായുള്ള അപേക്ഷകൾ പരിഗണിച്ച് റോമിലെ വിദ്യാഭ്യാസ കാര്യാലയം 1982 ദുക്റാന ത്തിരുനാളിന് ദൈവശാസ്ത്രത്തിൽ സ്വതന്ത്രമായി ബിരുദവും ബിരുദാനന്തര ബിരുദവും നല്കുന്നതിന് അധികാരമുള്ള ദൈവശാസ്ത്ര വിഭാഗം (Faculty of Theology) പൗരസ്ത്യവിദ്യാപീഠം (Pontifical Oriental Institute of Religious Studies of Theology) എന്ന പേരിൽ ആരംഭിച്ചു. ബഹുമാനപ്പെട്ട മാത്യു വെള്ളാനിക്കലച്ചനാണ് പൗരസ്ത്യവിദ്യാപീഠത്തിന്റെ ആദ്യ പ്രസിഡന്റായി നിയമിതനായത്. 1983 ഒക്ടോബർ 26-ന് അന്നത്തെ ഇൻഡ്യൻ പ്രസിഡന്റ് ഗ്യാനി സെയിൽസിംഗാണ് പൗരസ്ത്യവിദ്യാപീഠത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചത്. കോട്ടയത്ത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അദ്ദേഹം ഉദ്ഘാടനം ചെയ്തതും അതേ ദിവസം തന്നെയായിരുന്നു. ദൈവശാസ്ത്രവിഷയങ്ങളിൽ ഡോക്ടറേറ്റ് ബിരുദം നല്കുന്നതിനുള്ള അധികാരവും 1986-ൽ പൗരസ്ത്യവിദ്യാപീഠത്തിനു ലഭിച്ചു. നാളിതുവരെ 267 പേർ ദൈവശാസ്ത്രത്തിൽ വിവിധ വിഷയങ്ങളിൽ ബിരുദാനന്തരബിരുദവും 30 പേർ ഡോക്ട്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. പൗരസ്ത്യവിദ്യാപീഠം 2019 ആഗസ്റ്റ് 15-ന് ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിലിനെ ഓണററി ഡോക്ട്ടറേറ്റും നല്കി ആദരിച്ചു.

ബഹുമാനപ്പെട്ട വെള്ളാനിക്കൽ മാത്യു അച്ചന്റെയും കൂടപ്പുഴ സേവ്യറച്ചന്റെയും മേല്നോട്ടത്തിൽ 1982-ൽ തന്നെ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി പ്രത്യേക കെട്ടിട സമുച്ചയം പണികഴിപ്പിച്ചു. 2004-ൽ അന്നത്തെ പ്രസിഡന്റായിരുന്ന കല്ലറങ്ങാട്ട് ജോസഫച്ചന്റെയും ബഹുമാനപ്പെട്ട ഊക്കൻ വിത്സനച്ചന്റെയും നേതൃത്വത്തിൽ മനോഹരമായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും 2018-19 കാലഘട്ടത്തിൽ മേക്കാട്ടുകുന്നേൽ ആൻഡ്രൂസ് അച്ചന്റെ പരിശ്ര

malankaralibrary.com

മത്തിൽ ആധുനികരീതിയിലുള്ള അടുക്കളയും ഭക്ഷണശാലയും നിർമ്മിക്കപ്പെട്ടു. ബഹു. വെള്ളാനിക്കലച്ചനുശേഷം മോൺ. ജോർജ് മാനാടൻ, ഡോ. ജോസഫ് നടുവിലേഴം, ഡോ. മാത്യു മണക്കാട്ട്, ഡോ. വിൻസെന്റ് ആലപ്പാട്ട്, ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ എന്നിവരായിരുന്നു പൗരസ്ത്യവിദ്യാപീഠത്തിന്റെ സാരഥികൾ. ഇപ്പോൾ ഡോ. പോളി മണിയാട്ട് പ്രസിഡന്റായി ശുശ്രൂഷ ചെയ്തു വരുന്നു.

## പൗരസ്ത്യ കാനോൻ നിയമ ഇൻസ്റ്റിറ്റ്യൂട്ട്

പൗരസ്ത്യകാനോൻ നിയമ പഠനത്തിനായി ഒരു പ്രത്യേക ഫാക്കൽറ്റിക്കുവേണ്ടി പൗരസ്ത്യവിദ്യാപീഠത്തിന്റെ ആരംഭം മുതലേ റോമിനോട് അപേക്ഷിച്ചുകൊണ്ടിരുന്നു. 2016 ഡിസംബർ 12-ന് ഈ സ്വപ്നവും സാക്ഷാത്ക്കരിക്കപ്പെട്ടു; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഈസ്റ്റേൺ കാനൻ ലോ (Institute of Eastern Canon Law) സ്ഥാപിതമായി. ആദ്യ ഡയറക്ടർ ഡോ. ജെയിംസ് തലച്ചെല്ലൂർ അച്ചനായിരുന്നു; ഇപ്പോൾ ഡോ. ജോസഫ് കടുപ്പിലച്ചനും. ഇതുവരെ നാല്പതോളം വൈദികരും സിസ്റ്റേഴ്സും പൗരസ്ത്യ കാനോൻ നിയമത്തിൽ ബിരുദാനന്തര ബിരുദം നേടി വിവിധ സെമിനാരികളിലും രൂപതാകോടതികളിലും ഇതര സ്ഥാപനങ്ങളിലുമായി സഭാശുശ്രൂഷ ചെയ്തുവരുന്നു.

## സുറിയാനിയിലും ബൈബിളിലും ഗവേഷണം

സുറിയാനിഭാഷയുടെയും പൗരസ്ത്യ സഭാപിതാക്കന്മാരുടെയും ആരാധനക്രമങ്ങളുടെയും പഠനത്തിനും ഗവേഷണത്തിനുമായി ഒരു പ്രത്യേക വിഭാഗവും (Department of Syriac Theology) വേദപുസ്തക പഠനത്തിന്, സവിശേഷമാംവിധം പ്ശീത്താ ഗവേഷണത്തിനായി, മറ്റൊരു വിഭാഗവും (Department of Biblical Theology) 2018-ൽ ആരംഭിച്ചു. ഓരോ വർഷവും മുപ്പതോളം പേർ ബിരുദാനന്തര പഠനത്തിനായി പൗരസ്ത്യവിദ്യാപീഠത്തിൽ ചേരുന്നുണ്ട്. മുപ്പതിലേറെപ്പേർ ഇപ്പോൾ വിവിധ ദൈവശാസ്ത്രമേഖലകളിൽ ഡോക്ട്ടറേറ്റിനായി ഗവേഷണം നടത്തിവരുന്നു. സീറോ- മലബാർ, സീറോ-മലങ്കര സഭകളിൽനിന്നു മാത്രമല്ല, ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമാ, സി. എസ്. ഐ. സഭാസമൂഹങ്ങളിൽനിന്നെല്ലാമുള്ള വൈദികരും സമർപ്പിതരും പൗരസ്ത്യവിദ്യാപീഠത്തിൽ പഠന-ഗവേഷണങ്ങൾക്കായി എത്തുന്നുണ്ട്. 2019 മുതൽ

malankaralibrary.com

അത്മായരെയും ദൈവശാസ്ത്രബിരുദ പഠനത്തിനായി സ്വാഗതം ചെയ്തു തുടങ്ങി.

## ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ട്

1982 മുതൽ തത്ത്വശാസ്ത്രത്തിൽ ബിരുദം നല്കുന്നതിനുള്ള പ്രത്യേക അധികാരം റോം പൗരസ്ത്യവിദ്യാപീഠത്തിനു നല്കിയിരുന്നു. 2022 ഡിസംബർ 8-ന് വിദ്യാപീഠത്തിലെ ഫിലോസഫി ഡിപാർട്ടുമെന്റിനെ തത്ത്വശാസ്ത്രത്തിൽ ബിരുദം നല്കുന്നതിന് അധികാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് (Institute of Philosophy) ആയി റോം ഉയർത്തി. ഡോ. ജോൺസൺ നീലനിരപ്പേൽ ആണ് പ്രഥമ ഡയറക്ടർ.

## ദൈവശാസ്ത്ര കേന്ദ്രങ്ങളുടെ അഭയകേന്ദ്രം

സീറോ-മലബാർ സഭയിലെ അഞ്ചു ദൈവശാസ്ത്രപഠന കേന്ദ്രങ്ങളിൽ പഠിക്കുന്നവർക്ക് ബിരുദ സർട്ടിഫിക്കറ്റു നല്കുന്നത് പൗരസ്ത്യവിദ്യാപീഠമാണ്. സത്നായിലെ സെന്റ് എഫ്രേംസ് തിയോളജി കോളജ്, ഉജ്ജൈനിലെ റൂഹാലയ കോളജ് ഓഫ് തിയോളജി, കുന്നോത്തെ ഗുഡ് ഷേപ്പേർഡ് മേജർ സെമിനാരി, മാങ്ങാനത്തെ പൗരസ്ത്യവിദ്യാനികേതൻ, ചങ്ങനാശ്ശേരിയിലെ മാർതോമാ വിദ്യാനികേതൻ എന്നീ സ്ഥാപനങ്ങളാണ് പൗരസ്ത്യ വിദ്യാപീഠവുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്.

## ദൈവശാസ്ത്രം അല്മായർക്ക്

ദൈവശാസ്ത്രവിഷയങ്ങളിൽ അല്മായർക്ക് അറിവും അവഗാഹവും പ്രദാനം ചെയ്യണമെന്ന ലക്ഷ്യത്തോടെ പൗരസ്ത്യവിദ്യാപീഠം അതിന്റെ പ്രാരംഭകാലം മുതല്ക്കേ വിവിധ ദൈവശാസ്ത്ര വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും സിംപോസിയങ്ങളും സംഘടിപ്പിക്കാറുണ്ട്. 2010 മുതൽ എല്ലാ വെള്ളിയാഴ്ചകളിലും പൗരസ്ത്യവിദ്യാപീഠത്തിൽ നടത്തുന്ന ബൈബിൾ ക്ലാസ്സുകളിൽ അമ്പതിലേറെ അല്മായർ വിവിധ സഭകളിൽനിന്നു പങ്കെടുക്കുന്നുണ്ട്. ഫിലോസഫി ഡിപ്ലോമാ കോഴ്സിലും നിരവധിപേർ പങ്കെടുക്കുന്നു.

കേരളത്തിനുള്ളിലും വെളിയിലും വിദേശരാജ്യങ്ങളിലുമുള്ള സീറോ-മലബാർ വിശ്വാസികൾക്കു ദൈവശാസ്ത്രത്തിൽ ഡിപ്ലോമാ നേടുന്നതിനുള്ള സൗകര്യങ്ങളും 2018 മുതൽ വിദ്യാപീഠം ക്രമീക

malankaralibrary.com

രിക്കുന്നുണ്ട്. ഇടുക്കി, കോട്ടയം, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, ഹോസൂർ, ഷംഷാബാദ്, ചിക്കാഗോ, മെൽബൺ, ഗ്രേറ്റ് ബ്രിട്ടൺ തുടങ്ങിയ രൂപതകളിൽ നേരിട്ടും ഓൺലൈൻ വഴിയും കോഴ്സ് നടന്നുവരുന്നു. എംസിബിഎസ്, എംഎസ്ടി എന്നീ സന്യാസസമൂഹങ്ങൾ നടത്തുന്ന കോഴ്സുകളും പൗരസ്ത്യവിദ്യാപീഠത്തിന്റെ മേൽനോട്ടത്തിലാണ്. പൊതുസമൂഹത്തെ ലക്ഷ്യംവച്ച് കാലിക പ്രസക്തമായ വിഷയങ്ങളെ സംബന്ധിച്ച് വെബിനാറുകളും വിദ്യാപീഠം സംഘടിപ്പിക്കാറുണ്ട്.

**യൂണിവേഴ്സിറ്റി എന്ന സ്വപ്നം**

പൗരസ്ത്യവിദ്യാപീഠം ഒരു യൂണിവേഴ്സിറ്റിയാകാൻ മാത്രം വളർന്നു എന്ന യാഥാർത്ഥ്യം 2022 ആഗസ്റ്റുമാസം കൂടിയ സീറോ മലബാർ മെത്രാൻ സിനഡ് അംഗീകരിച്ചു. അതിനുള്ള അപേക്ഷ തയ്യാറാക്കാൻ പ്രസിഡന്റ് ചുമതലപ്പെടുത്തപ്പെട്ടു. റോമിലേക്ക് അയയ്ക്കാനായി ആ അപേക്ഷ 2022 സെപ്റ്റംബർ 10-ാം തീയതി പൗരസ്ത്യവിദ്യാപീഠത്തിന്റെ ചാൻസലർകൂടിയായ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് കാർഡിനൽ ആലഞ്ചേരി പിതാവിനു സമർപ്പിച്ചു. അനതിവിദൂര ഭാവിയിൽ ഒരു യൂണിവേഴ്സിറ്റി എന്ന സ്വപ്നം പൂവണിയുമെന്നു നമുക്കു പ്രത്യാശിക്കാം.

മോൺസിഞ്ഞോർ കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ വിഭാവനം ചെയ്തു നടപ്പിലാക്കാൻ ആരംഭിച്ച കാര്യങ്ങളിൽ പലതും ഇനിയും വടവാതൂർ സെമിനാരിക്കും പൗരസ്ത്യവിദ്യാപീഠത്തിനും പൂർത്തിയാക്കാനുണ്ട്. മാർതോമാ നസ്രാണികളുടെ ശ്ലൈഹിക പൈതൃകത്തിനിണങ്ങും വിധമുള്ള ഒരു പഠിത്തവീടായി ഈ സ്ഥാപനത്തെ വളർത്തുന്നതിൽ ആ പുണ്യദേഹത്തെക്കുറിച്ചുള്ള ഓർമ്മ മാർഗദർശിയാകട്ടെ.

malankaralibrary.com

# മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ജീവിതരേഖ

| | | |
|---|---|---|
| ജനനം | - | 22-10-1917 |
| മാമ്മോദീസ | - | 31-10-1917 |
| പ്രൈമറിസ്കൂൾ | - | വാലാച്ചിറ, സെന്റ് ക്രൂസ് |
| മിഡിൽ സ്കൂൾ | - | കടുത്തുരുത്തി, സെന്റ് മൈക്കിൾസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ |
| ഹൈസ്കൂൾ | - | സെന്റ് മേരീസ് കുറവിലങ്ങാട് |
| കോളജ് | - | സെന്റ് ബർക്കുമാൻസ്, ചങ്ങനാശ്ശേരി |
| പെറ്റിസെമിനാരി | - | കോട്ടയം (ചങ്ങനാശ്ശേരി രൂപത) പെറ്റിസെമിനാരി |
| മേജർസെമിനാരി | - | പേപ്പൽ സെമിനാരി, കാൻഡി |
| വൈദികപട്ടം | - | 24-08-1947 |
| അസിസ്റ്റന്റ് വികാരി | - | കടുത്തുരുത്തിപ്പള്ളി 1947 |
| പാല കത്തീഡ്രൽ അസിസ്റ്റന്റ് & അഭിവന്ദ്യ വയലിൽ പിതാവിന്റെ സെക്രട്ടറി | - | 1950 |
| ഉപരിപഠനം | - | ഗ്രഗോരിയൻ യൂണിവേഴ്സിറ്റി 1951-55 |

malankaralibrary.com

| | | |
|---|---|---|
| രൂപതാമതബോധന ഡയറക്ടർ & അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി | - | 1955 |
| വടവാതൂർ സെമിനാരി റെക്ടർ | - | 1962-1969 |
| വടവാതൂർ സെമിനാരി ഉദ്ഘാടനം | - | 1962 ജൂലൈ 3 |
| മോൺസിഞ്ഞോർ പദവി (Papal Chamberlain) | - | 1967 |
| ആദ്യബാച്ച് ഡീക്കന്മാരുടെ തിരുപ്പട്ടം | - | 1968 ഡിസംബർ 18 |
| പാലാരൂപത പ്രോവികാരി ജനറാൾ | - | 1970 മെയ് |
| ഡൊമെസ്റ്റിക്ക് പ്രിലേറ്റ് പദവി | - | 1977 |
| പാലാരൂപത വികാരി ജനറാൾ | - | 1981 ഏപ്രിൽ |
| വിശ്രമജീവിതം | - | 1991 മുതൽ |
| ചരമം | - | 2000 ജൂൺ 15 |

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



മോൺസിഞ്ഞോർ
# കുര്യൻ വഞ്ചിപ്പുരയ്ക്കൽ
# സ്മരണിക



**മാർ ജോസഫ് പള്ളിക്കാപറമ്പിൽ**

ബഹുമാനപ്പെട്ട കുര്യച്ചനോടൊപ്പമുള്ള പ്രവർത്തനം ഏറെ സന്തോഷപ്രദമായിരുന്നു. നവീനവും മൗലികവുമായ ആശയങ്ങളുടെ കലവറ ആയിരുന്നു കുര്യച്ചന്റെ പണ്ഡിത മനസ്സ്. ഒരു ചെറു പുഞ്ചിരിയോടെ സ്റ്റാഫ് മീറ്റിങ്ങിലും മറ്റ് സന്ദർഭങ്ങളിലും പുതുമയുള്ള പ്രവർത്തന ശൈലികളും കർമ്മപദ്ധതികളും അദ്ദേഹം നടപ്പിലാക്കുന്നത് എത്ര അനായാസമായിട്ടായിരുന്നു. (അവതാരികയിൽ നിന്ന്...)



**മാർ ജോസഫ് പെരുന്തോട്ടം**

വിസ്മയകരമായ ഓർമ്മശക്തി കുര്യച്ചനുണ്ടായിരുന്നു. സെമിനാരിക്കാരുടെ പേരുകൾ കൃത്യമായി ഓർമ്മിക്കുമായിരുന്നു. തികച്ചും പിതൃസഹജമായ പെരുമാറ്റമായിരുന്നു അച്ചന്റേത്. ഒരപ്പന്റെ സ്നേഹവും ഉപദേശങ്ങളും വാത്സല്യവും അച്ചനിൽനിന്ന് ലഭിച്ചിരുന്നു.



**അബ്രഹാം മാർ യൂലിയോസ്**

മലങ്കര ആരാധനാക്രമം വിശുദ്ധ പൗലോസ് ശ്ലീഹായ്ക്ക് കൊടുക്കുന്ന വിശേഷണങ്ങളാണ് 'സഭയുടെ ശില്പിയും പണിക്കാരനും'. ബഹുമാനപ്പെട്ട കുര്യച്ചനെ ഓർക്കുമ്പോൾ ഈ വിശേഷണങ്ങൾ അദ്ദേഹത്തിനും അനുയോജ്യമാണെന്ന് തോന്നി. സെമിനാരിക്കാർക്ക് കിട്ടിയിരുന്ന റേഷനരി പാവപ്പെട്ടവർക്ക് അവരുടെ കുടുംബങ്ങളിൽ കൊണ്ടുപോയി കൊടുക്കാൻ പ്രേരണ നൽകിയതും അച്ചനായിരുന്നു. "ദരിദ്രരെ കുറിച്ച് കരുതൽ വേണം" (ഗലാ 2:10) എന്ന വലിയ പാഠമാണ് അന്നത്തെ പ്രധാന ഗുരു നൽകിയത്.



malankaralibrary.com